XpeyX]mTmhenþ1

IV

tIcf kwØm\ km£çXmanj³ AtXmdnän

Xncph\´]pcw

തുല്യത പാഠാവലി -1

നാലാംതരം

മലയാളം

ഇംഗ്ലീഷ്

നമ്മളും നമുക്കുചുറ്റും

കണക്ക്

നൈപുണിപോഷണം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
തിരുവനന്തപുരം

പാഠാവലി തയ്യാറാക്കുന്നതിൽ പങ്കാളികളായവർ

മലയാളം

ശ്രീ. കെ. നാരായണൻ നമ്പൂതിരി
ശ്രീ. മടവൂർ ശശി
ശ്രീ. കെ.ടി. രാധാകൃഷ്ണൻ
ശ്രീ. പയ്യന്നൂർ കുഞ്ഞിരാമൻ
ശ്രീമതി ശ്രീകല പി.എസ്.
ശ്രീ. മാത്യു വി.വി.
ശ്രീമതി പി.ഇ. ഉഷ

ഇംഗ്ലീഷ്

പ്രൊഫ. സി.പി.എസ്. ബാനർജി
ഡോ. വി.എസ്. ജമുന
ശ്രീ. ഷാജു ജോൺ
ശ്രീ. മാത്യു ടി.എ.
ശ്രീ. കെ. ജയരാജൻ
ഡോ. കെ. ആനന്ദൻ
ശ്രീ. സുഗതൻ കെ.എസ്.
ശ്രീ. എസ്. സുജിത്

നമ്മളും നമുക്കുചുറ്റും

ഡോ. എൻ. ജയദേവൻ
ശ്രീ. കെ.കെ. കൃഷ്ണകുമാർ
ശ്രീ. കെ.എൻ.കെ. നമ്പൂതിരി
പ്രൊഫ. കെ. ശ്രീധരൻ
ശ്രീ. ശശികുമാർ
ശ്രീ. ബി. ചന്ദ്രഭാനു
പ്രൊഫ. കോശി പി. മാത്യു
ശ്രീമതി ടി. രാധാമണി
ശ്രീ. മനോജ് സെബാസ്റ്റ്യൻ
ശ്രീ. സി.കെ. പ്രദീപ്കുമാർ
ശ്രീ. കെ. അശോകൻ
ശ്രീ. എ.വി. സുരേഷ്
ശ്രീ. ടി. സുന്ദരേശൻ നായർ

തൊഴിൽ

പ്രൊഫ. കെ. ശ്രീധരൻ
ഡോ. കെ. സോമൻ
ഡോ. സി.പി. അരവിന്ദാക്ഷൻ

ഗണിതം

ശ്രീ. ഒ. കുഞ്ഞികൃഷ്ണൻ
ശ്രീമതി മേഴ്സി പീറ്റർ
ശ്രീമതി ഷെർളി മാത്യു

സൂക്ഷ്മപരിശോധന

ശ്രീ. കെ. കെ. കൃഷ്ണകുമാർ
പ്രൊഫ. കെ. ശ്രീധരൻ
ശ്രീ. പയ്യന്നൂർ കുഞ്ഞിരാമൻ
ശ്രീ. കെ.ടി. രാധാകൃഷ്ണൻ
പ്രൊഫ. റോഷ്നി പി. മത്തായി

ഇല്ലസ്ട്രേഷൻ

ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. ഹരിദാസ്
ശ്രീ. എബ്രഹാം അലക്സ്

കവർ ഡിസൈൻ

ശ്രീ. സനിൽ ആലത്തൂർ

ഡയറക്ടർ : ഡോ. പി എസ് ശ്രീകല

Printed & Published by
The Director, Kerala State Literacy Mission Authority, Thiruvananthapuram-35
© Kerala State Literacy Mission Authority

വില : 50 രൂപ

ആമുഖം

കേരളത്തിലെ അനൗപചാരിക-തുടർവിദ്യാഭ്യാസ രംഗങ്ങളിൽ ശുഭപ്രതീക്ഷകളുണരുന്ന കാലമാണിത്. മാറുന്ന ലോകത്തിനും കാലത്തിനുമനുസരിച്ച് അറിവ് പകർന്നുകൊടുക്കുകയെന്നത് സുപ്രധാനമായൊരു സാമൂഹ്യകടമയാണ്. കേരളം ഈ ഉത്തരവാദിത്വത്തോട് പ്രതിബദ്ധത പുലർത്തുന്ന സംസ്ഥാനമാണ്.

കേരളം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന തുടർവിദ്യാഭ്യാസ പദ്ധതിയിലെ പ്രധാനപ്പെട്ട ഒരിനമാണ് തുല്യതാപരിപാടി. നവസാക്ഷരരും സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവരും വ്യത്യസ്ത സാഹചര്യങ്ങളാൽ ഔപചാരികവിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെപോയവരുമാണ് തുല്യതാപരിപാടിയുടെ ഗുണഭോക്താക്കൾ. ഔപചാരികവിദ്യാഭ്യാസത്തിലെ പഠിതാക്കളിൽനിന്നും തികച്ചും വിഭിന്നരാണിവർ. അവരുടെ സാമൂഹ്യവും വൈകാരികവുമായ അവസ്ഥ തീർത്തും വ്യത്യസ്തവുമാണ്. അവരുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങളും വിഭിന്നമാണ്.

കേരളത്തിലെ തുടർവിദ്യാഭ്യാസം സുവ്യക്തമായ സാമൂഹ്യകാഴ്ചപ്പാടോടെ പുനരാവിഷ്കരിക്കുന്നതിന് സംസ്ഥാന സാക്ഷരതാമിഷൻ ഉറച്ച തീരുമാനമെടുത്ത സാഹചര്യത്തിലാണ് ഇന്നു നടന്നുവരുന്ന തുല്യതാപഠനപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ തീരുമാനിച്ചത്. നിലവിലുള്ള തുല്യതാ പാഠാവലിയുടെ പരിമിതികളെപ്പറ്റി ഉയർന്നുവന്ന അഭിപ്രായങ്ങളും ഈ തീരുമാനത്തിന് പ്രേരണയായിട്ടുണ്ട്. മുതിർന്നവരുടെ അറിവും ജീവിതാനുഭവങ്ങളും സ്വാംശീകരിച്ചുകൊണ്ടും വിദഗ്ധരുടെ ഉപദേശനിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടുമാണ് പുതിയ പാഠാവലി തയാറാക്കിയിരിക്കുന്നത്.

മലയാളം, നമ്മളും നമുക്കുചുറ്റും, കണക്ക്, ഇംഗ്ലീഷ്, നൈപുണിപോഷണം എന്നിങ്ങനെ അഞ്ചു വിഷയങ്ങൾ ഈ പാഠാവലിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ വിഷയത്തിലുമുള്ള താത്വികമായ അറിവ് നൽകുകയെന്നതല്ല ഈ പാഠാവലിയുടെ സമീപനം. മറിച്ച് പ്രവർത്തനത്തിലൂടെയും അന്വേഷണത്തിലൂടെയും സ്വയം പഠനത്തിനുള്ള അവസരം ഒരുക്കുകയെന്നതാണ് ഉദ്ദേശ്യം. ഇതിനുവേണ്ടി നിരവധി പ്രവർത്തനപദ്ധതികളും അന്വേഷണരീതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പഠിതാക്കളെ ഒരു തൊഴിൽ കൂടി പരിശീലിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വിപുലമായൊരു നൈപുണിവികസനപദ്ധതിയും ഈ പാഠാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം ആത്യന്തികമായി പഠിതാക്കളുടെ അറിവും ആത്മവിശ്വാസവും വർദ്ധിപ്പിച്ച് കാലികമായ സാമൂഹ്യവെല്ലുവിളികളെ നേരിടാനുള്ള കരുത്താർജ്ജിക്കാൻ അവരെ സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ പാഠാവലി ഒരുക്കുന്നതിൽ അക്കാദമിക, സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ വിദഗ്ധരുടെ പങ്കാളിത്തമുണ്ട്. അവർക്കും ഈ പുസ്തകം പഠിതാക്കളിലേക്ക് പകർന്നുകൊടുക്കാനുള്ള നിയോഗം ഏറ്റെടുക്കുന്നവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം
25-09-2018

ഡോ. പി എസ് ശ്രീകല
ഡയറക്ടർ
സംസ്ഥാന സാക്ഷരതാമിഷൻ

വിഭാഗം 1	-	മലയാളം	-	പേജ് 7-65
വിഭാഗം 2	-	ഇംഗ്ലീഷ്	-	പേജ് 69-94
വിഭാഗം 3	-	നമ്മളും നമുക്കു ചുറ്റും	-	പേജ് 97-169
വിഭാഗം 4	-	ഗണിതം	-	പേജ് 173-200
വിഭാഗം 5	-	നൈപുണിപോഷണം	-	പേജ് 201-204

മലയാളം

ഉള്ളടക്കം

1.	ആവശ്യത്തിൽ കൂടുതൽ ആരും ഉപയോഗിക്കരുത്	7
2.	സ്ത്രീധനം ചോദിക്കരുത്, കൊടുക്കരുത്	11
3.	നമ്മുടെ ഭാഷ	15
4.	അതിരില്ലാത്ത വെള്ളത്തിനെതിരുണ്ടോ?	21
5.	വായിച്ചു വളരുക	28
6.	ഓരോരാളും ശ്രദ്ധിച്ചാലെ നാട് നന്നാവൂ	33
7.	പാടാം രസിക്കാം	37
8.	വഴക്കവസാനിച്ചു	42
9.	പഴഞ്ചൊല്ല്	47
10.	ആയിശുമ്മയും കമ്പ്യൂട്ടർ പഠിച്ചു	51
11.	ഒരച്ഛൻ മകൾക്കയച്ച കത്തുകൾ	54
12.	മരപ്പാവകൾ	59

പാഠം 1

ആവശ്യത്തിൽ കൂടുതൽ ആരും ഉപയോഗിക്കരുത്

ഗാന്ധിജിയെ അറിയാത്തവരുണ്ടോ? നേരിട്ട് കണ്ടിട്ടുണ്ടാവില്ല അല്ലേ? ചിത്രത്തിൽ കണ്ടിരിക്കും.

ബ്രിട്ടീഷുകാരെ മുട്ടുകുത്തിക്കാൻ ഇന്ത്യൻ ജനതയ്ക്ക് നേതൃത്വം നൽകിയ മഹാത്മാവാണദ്ദേഹം.

1869 ഒക്ടോബർ 2ന് ഗുജറാത്തിലെ പോർബന്തറിൽ അദ്ദേഹം ജനിച്ചു.

1948 ജനുവരി 30ന് നമ്മുടെ രാഷ്ട്രപിതാവ് രക്തസാക്ഷിയായി.

സത്യവും അഹിംസയുമായിരുന്നു ഗാന്ധിജിയുടെ പ്രധാനപ്പെട്ട ആയുധങ്ങൾ.

പ്രകൃതിസമ്പത്ത് എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

ആർക്കും അത് സ്വന്തമാക്കാനുള്ളതല്ല.

ജീവിതത്തിൽ ഇതദ്ദേഹം കർക്കശമായി പാലിച്ചിരുന്നു.

ഉറങ്ങാൻ പോകുമ്പോൾ ചെറിയൊരു പാത്രത്തിൽ വെള്ളം എടുത്തുവയ്ക്കുന്ന സ്വഭാവം ഗാന്ധിജിക്കുണ്ടായിരുന്നു.

ഒരു ദിവസം മോഹൻലാൽ പാണ്ഡ്യ ചോദിച്ചു.

‘ബാപ്പൂ, ഇങ്ങനെ വെള്ളം ലുബ്ധിക്കണോ? സബർമതി നദി നിറഞ്ഞൊഴുകുകയല്ലേ?

എന്താ എന്റെ മുഖം വൃത്തിയായിട്ടില്ലേ?

അതല്ല, നദിയിൽ ഇഷ്ടം പോലെ വെള്ളമുണ്ടല്ലോ?

ആ വെള്ളം എനിക്ക് മാത്രമുള്ളതാണോ? അല്ല. ഭൂമിയിലെ പക്ഷിമൃഗാദികൾക്കും ജീവജാലങ്ങൾക്കും മനുഷ്യർക്കും എല്ലാം അവകാശപ്പെട്ടതാണ്. ആർക്കും ആവശ്യത്തിൽ കൂടുതൽ ഉപയോഗിക്കാൻ അവകാശമില്ല.

മോഹൻലാൽ പാണ്ഡ്യ അമ്പരപ്പോടെ ഗാന്ധിജിയെ നോക്കി. ഗാന്ധിജി ചിരിച്ചു.

ഗാന്ധിജിയുടെ ജീവിതമാണ് അദ്ദേഹത്തിന്റെ സന്ദേശം.

പ്രവർത്തനങ്ങൾ

1. പറയാം

ഗാന്ധിജിയെപ്പറ്റി ഒരാൾ ഒരു വാക്യം വീതം പറയട്ടെ. ആകെ എത്ര വാക്യങ്ങൾ പറഞ്ഞു? ആർക്കാണ് കൂടുതൽ വാക്യങ്ങൾ പറയാൻ കഴിഞ്ഞത്?

2. വായിക്കാം

ചാർട്ട് പേപ്പറിൽ ഗാന്ധിജിയെക്കുറിച്ചെഴുതിയ വാക്യങ്ങൾ കൂട്ടായും ഒറ്റയ്ക്കും വായിക്കുക.

3. എഴുതാം

സ്വന്തമായി, ഗാന്ധിജിയെക്കുറിച്ച് ഒരു വാക്യം എഴുതാമോ?

....

4. എത്ര പദങ്ങൾ?

'ന്ധ' ചേർന്നുവരുന്ന എത്ര പദങ്ങൾ പറയാം, എഴുതാം.

....

....

....

....

....

5. ശരിയാക്കി എഴുതാം.

താഴെകൊടുത്ത പദങ്ങൾ തെറ്റായാണ് എഴുതിയത്. അവ ശരിയാക്കി എഴുതൂ.

ആവിശ്യം	....
ബ്രിട്ടീശുകാർ	....
അബരന്നു	....

സത്യഗ്രഹം ....

ബൂമി ....

രക്ത്തസക്ഷി ....

6. **'ആവശ്യത്തിൽ കൂടുതൽ ആരും ഉപയോഗിക്കരുത്', ഇത് വെള്ളത്തിന്റെ കാര്യത്തിൽ മാത്രമാണോ?**

മറ്റേതൊക്കെ കാര്യത്തിൽ?

....

....

....

....

....

7. **അടിവരയിട്ട പദങ്ങൾ ചേർത്ത് പുതിയ വാക്യങ്ങൾ ഉണ്ടാക്കാം.**

1. പോലീസുകാരെ കണ്ട കള്ളൻ അമ്പരന്നു.

....

2. നാടൻ പാട്ടുമത്സരത്തിൽ ജനതാകേന്ദ്രം അക്ഷയകേന്ദ്രത്തെ മുട്ടുകുത്തിച്ചു.

....

8. **ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകങ്ങൾ വായനശാലയിൽ നിന്നെടുത്ത് കൂട്ടായി വായിക്കുക.**

9. **പദങ്ങൾ ശരിയായ വിധം ക്രമപ്പെടുത്തി അർത്ഥവത്തായ വാക്യങ്ങൾ നിർമ്മിക്കൂ.**

ഗാന്ധിജി/നടത്തി/അഹിംസാസമരം

....

കിട്ടി/ഇന്ത്യയ്ക്ക്/ആഗസ്ത് 15ന്/1947/സ്വാതന്ത്ര്യം

....

സ്വാതന്ത്ര്യം/കാത്തുരക്ഷിക്കണം/നാടിന്റെ/നമ്മുടെ/നാം

സ്ത്രീധനം ചോദിക്കരുത് കൊടുക്കരുത്

ഇന്നത്തെ കുടുംബശ്രീ മീറ്റിംഗ് പാറുവമ്മയുടെ വീട്ടിലാണ്.

അംഗങ്ങൾ എത്തിക്കൊണ്ടിരുന്നു.

ആദ്യം വന്നത് ലീല. കുടുംബശ്രീ യൂണിറ്റ് സെക്രട്ടറി.

പിന്നെ മാധവി, ആയിഷ, അന്നമ്മ, നാരായണി.

ആയിഷയുടെ കൈയിൽ ചെറിയ കുഞ്ഞുണ്ടായിരുന്നു.

കുഞ്ഞ് കരച്ചിലോട് കരച്ചിൽ.

പാറുവമ്മ കുഞ്ഞിനെ വാങ്ങി.

അകത്തുചെന്ന് കൽക്കണ്ടപ്പൊടി വായിലിട്ടു കൊടുത്തു.

മധുരം നൊട്ടിനുണച്ച് കുഞ്ഞ് ചിരിച്ചു.

ആ ചിരിയിൽ അംഗങ്ങളും പങ്കുചേർന്നു.

എഴുപതു വയസുള്ള നാണിയമ്മൂമ്മ വടി കുത്തിക്കൊണ്ടാണ് വന്നത്.

ലീല വേഗം അവരെ താങ്ങിപ്പിടിച്ചു.

മുറ്റത്തുള്ള കസേരയിൽ കൊണ്ടിരുത്തി.

നാണിയമ്മ ദീർഘമായി നിശ്വസിച്ചു.

പല്ലില്ലാത്ത മോണകാട്ടി അവർ ചിരിച്ചു.

'മാധവീ, നെന്റെ പെണ്ണിനെക്കാണാൻ ആരോ വന്നെന്നു കേട്ടല്ലോ.' - അവർ ചോദിച്ചു.



'വന്നു. വന്നവർക്ക് പെണ്ണല്ല, പൊന്നും പണവുമാ വേണ്ടത്.'

'പൊന്നിനിപ്പോൾ തീ വെലയാ...' പാറുവമ്മ നാണിയമ്മൂമ്മയുടെ അടുത്തേക്കിരുന്ന് വർത്തമാനത്തിൽ പങ്കുചേർന്നു.

'സമയമായില്ലാന്ന് കരുതിയാൽ മതി...' നാണിയമ്മൂമ്മ മാധവിയെ സമാധാനിപ്പിച്ചു.

'സ്ത്രീധനം ചോദിക്കരുത്, കൊടുക്കരുത് എന്നൊക്കെപ്പറയും. പക്ഷേ നമ്മുടെ ചുറ്റുവട്ടത്തുതന്നെ എത്ര പെൺകുട്ടികളാ പ്രായം തികഞ്ഞ് നിൽക്കുന്നത്..? ആയിഷ ആരോടെന്നില്ലാതെ രോഷം കൊണ്ടു.

'എന്താ അതിനൊരു പോംവഴി' - ലീല ഉത്സാഹപൂർവ്വം ചോദിച്ചു.

കുടുംബശ്രീ മീറ്റിംഗിൽ അന്നത്തെ ചർച്ച പിന്നെ അതിനെപ്പറ്റിയായി.

പ്രവർത്തനങ്ങൾ

1. ചർച്ച ചെയ്യുക.

സ്ത്രീധനം, വിവാഹധൂർത്ത്, ആഭരണഭ്രമം

2. കുടുംബം - എന്ന് തുടങ്ങുന്ന എത്ര പദങ്ങൾ ഉണ്ടാക്കാം.

ഉദാ : കുടുംബം - കുടുംബശ്രീ

കുടുംബം - കുടുംബാരോഗ്യം

.... - ....

.... - ....

.... - ....

.... - ....

.... - ....

3. പഴഞ്ചൊല്ല് മാറ്റിയെഴുതുക.

ഉദാ : പെൺചൊല്ല് പിൻചൊല്ല് - പെൺചൊല്ല് മുൻചൊല്ല്

പെൺബുദ്ധി പിൻബുദ്ധി - പെൺബുദ്ധി മുൻബുദ്ധി

പെൺവാക്ക് കേട്ടാൽ പെരുവഴി - ....

.... - ....

.... - ....

.... - ....

.... - ....

.... - ....

4. പദങ്ങൾ ക്രമപ്പെടുത്തി വാക്യം നിർമ്മിക്കുക.

1. അരങ്ങത്തേക്ക്/വരണം/അടുക്കളയിൽ നിന്ന്/നാം

....

2. ഉണ്ടാക്കിയത്/രക്ഷിക്കാനല്ലേ/കുടുംബശ്രീ/സ്ത്രീകളെ

....

3. ചിരിച്ചു/മോണകാട്ടി/പല്ലില്ലാത്ത/അവർ

....

4. വീഴും/ആനയും/അടിതെറ്റിയാൽ

....

5. പകുതിയിലധികവും/സമൂഹത്തിൽ/നമ്മുടെ/സ്ത്രീകളാണ്.

....

6. അടുക്കളയിലുള്ള ഉപകരണങ്ങളുടെ പേരെഴുതുക.

....

7. സ്ത്രീധനം, ആഭരണഭ്രമം, വിവാഹധൂർത്ത് ഇവയ്ക്കെതിരെ പ്രചാരണം നടത്താൻ പോസ്റ്ററുകൾ തയ്യാറാക്കണം. ഇതിലേക്കാവശ്യമായ വാക്യങ്ങൾ എഴുതുക.

....

7. പുസ്തകം വായിച്ച് ചർച്ച ചെയ്യുക.

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് (നാടകം - വി.ടി.ഭട്ടതിരിപ്പാട്)

അളിയൻവന്നത് നന്നായി (ഏകാങ്കം - തോപ്പിൽഭാസി)

8. മാധവിയുടെ മകളുടെ വിവാഹം പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ വച്ച് നടക്കുകയാണ്. ജനുവരി 15 ഞായറാഴ്ച പകൽ 11 മണിക്കാണ് വിവാഹം. ഒരു ക്ഷണക്കത്ത് തയ്യാറാക്കുക.

....

....

....

....

....

....

....

9. സ്ത്രീധനവുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വരുന്ന വാർത്തകൾ ക്ലാസിൽ വായിക്കുക.

പാഠം 3



നമ്മുടെ ഭാഷ

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേലമ്മിഞ്ഞപ്പാലിനൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ.
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ
അമ്മ താൻ തന്നെ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ....
ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷ തൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം.

(വള്ളത്തോൾ നാരായണമേനോൻ)

വാഴക്കുല

കുലമൂത്തു വെട്ടിപ്പഴുപ്പിച്ചെടുക്കുവാൻ
മലയനുമുള്ളിൽ തിടുക്കമായി.
അവരോമൽപ്പൈതങ്ങൾക്കങ്ങനെയെങ്കിലു-
മവനൊരു സമ്മാനമേകാമല്ലോ.
അരുതവനെല്ലുനുറുക്കിയത്നിക്കിലു
മരവയർ കഞ്ഞിയവർക്കു നൽകാൻ
ഉടയോന്റെ മേടയിലുണ്ണികൾ പഞ്ചാര-
ച്ചുടുപാലടയുണ്ടുറങ്ങീടുമ്പോൾ
അവനുടെകൺമണിക്കുഞ്ഞുങ്ങൾ പട്ടിണി-
യ്ക്കലയണമുച്ചക്കൊടും വെയിലിൽ...
അവരുടെ തൊണ്ട നനയ്ക്കുവാനുള്ളതെ-
ന്തയലത്തെ മേട്ടിലെത്തോട്ടുവെള്ളം.

(ചങ്ങമ്പുഴ കൃഷ്ണപിള്ള)



കൊയ്ത്ത്

ആരേപോയ പുകിലീപ്പാട-
ത്തരുമയോടാരിയൻ വിത്തിട്ടു.
മേലേ തീമഴ, താഴെ ചെങ്കനൽ
മീനക്കൊടും വെയിൽ കത്തുമ്പോൾ
താടയുമാട്ടി തളരാതെ കരി
താഴ്ത്തിവലിക്കുമെരുതൊപ്പം
കോമനുഴുതുമറിച്ചു പാടം
കോമൻ വിതച്ചു പൊന്നാര്യൻ
ആരേ കൊയ്തു കഴിഞ്ഞതീയാണ്ടിൽ
കോമൻ വിളയിട്ട പൊന്നാര്യൻ
കോമനുമല്ല പണിക്കാരും ഒരു
കോടതിയാമീനും ആൾക്കാരും

(ഇടശ്ശേരി ഗോവിന്ദൻനായർ)

ജാതി ചോദിക്കുന്നില്ല

തൂമതേടും തൻപാള കിണറ്റിലി-
ട്ടോമൽ കൈയാൽ കയറു വലിച്ചുടൻ
കോമളാംഗി നീർകോരി നിന്നീടിനാൾ
ശ്രീമാനാഭിക്ഷുവങ്ങു ചെന്നർത്ഥിച്ചാൻ,
ദാഹിക്കുന്നു ഭഗിനീ കൃപാരസ-
മോഹനം കുളിർതണ്ണീരിതാശുനീ
ഓമലേ തരു തെല്ലെന്നതു കേട്ടൊ-
രാമനോഹരിയമ്പരന്നോതിനാൾ
അല്ലല്ലെന്തു കഥയിതു കഷ്ടമേ
അല്ലലാലങ്ങ് ജാതി മറന്നിതോ
നീചനാരിതൻ കൈയാൽ ജലം വാങ്ങി
യാചമിക്കുമോ ചൊല്ലെഴുമാര്യൻമാർ...?
കോപമേലരുതേ ജലം തന്നാലും
പാപമുണ്ടാമിവളൊരു ചണ്ഡാലി
ഗ്രാമത്തിൻപുറത്തിങ്ങു വസിക്കുന്ന
ചാമർനായകൻ തന്റെ കിടാത്തി ഞാൻ
ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ
ചോദിക്കുന്നു നീർ നാവു വരണ്ടഹോ....

(എൻ. കുമാരനാശാൻ)

പ്രവർത്തനങ്ങൾ

1. ചൊല്ലാം, ആസ്വദിക്കാം.

1. എനിക്കിഷ്ടപ്പെട്ട വരികൾ

   ....

2. എനിക്കിഷ്ടപ്പെട്ട കവിത

   ....

2. നിങ്ങൾക്ക് മലയാളത്തിലെ എത്ര കവികളുടെ പേരറിയാം. എഴുതി നോക്കുക.

....

....

....

....

3. മലയാളത്തിലെ മറ്റു കവിതകൾ നിങ്ങൾ വായിച്ചിട്ടുണ്ടോ? അവ ചൊല്ലുക.

4. നിങ്ങൾക്കിഷ്ടപ്പെട്ട വരികളെഴുതുക. എന്തുകൊണ്ടിഷ്ടപ്പെട്ടെന്നും എഴുതുക.

....

....

....

5. വെള്ളം കോരിനിൽക്കുന്ന കുമാരിയും ബുദ്ധഭിക്ഷുവും നടത്തുന്ന സംഭാഷണങ്ങൾ പറഞ്ഞു നോക്കാമോ?

....

....

....

....

6. വാഴക്കുലയിലെ വരികൾ വായിച്ചില്ലേ? സമൂഹത്തിലെ ഏത് അവസ്ഥയാണ് കവി ചിത്രീകരിച്ചിരിക്കുന്നത്? ചർച്ച ചെയ്യുക.

7. 'മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ'

   നിങ്ങൾ ഇതിനോട് എത്രകണ്ട് യോജിക്കുന്നു?

8. 'മേലെ തീമഴ, താഴെ ചെങ്കനൽ'

   ഈ വരികളിലൂടെ വെളിവാകുന്ന അവസ്ഥ വിശദീകരിക്കാമോ? (പറയുകയോ എഴുതുകയോ ചെയ്യാം)

9. ചേരുംപടി ചേർക്കുക.

കുമാരനാശാൻ	പുത്തൻകലവും അരിവാളും
വയലാർ രാമവർമ്മ	വാഴക്കുല
വള്ളത്തോൾ	ചണ്ഡാലഭിക്ഷുകി
ഇടശ്ശേരി	ആയിഷ
ചങ്ങമ്പുഴ	എന്റെ ഗുരുനാഥൻ

പാഠം 4

അതിരില്ലാത്ത വെള്ളത്തിനെതിരുണ്ടോ?

സുനാമി!

ഭയങ്കരമായ പ്രളയം!

2004 ഡിസംബറിലെ അവസാനദിനങ്ങൾ!

നമ്മളത് ടി.വി.യിൽ കണ്ടു.

പത്രത്തിൽ വായിച്ചു.

തെങ്ങോളം ഉയരത്തിൽ തിരമാലകൾ പൊങ്ങി.

കരയിലുള്ള സകലതും വെള്ളത്തിൽ മുങ്ങി.

ആർക്കും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ.

കരയെ കടൽ വിഴുങ്ങി.

കടലോരത്തെ ഉയരമുള്ള റോഡിലൂടെ ഓടിയ വാഹനങ്ങളെപ്പോലും കടൽ കൊണ്ടുപോയി.

ഒരു കൂട്ടക്കരച്ചിലല്ലേ കേൾക്കുന്നത്!

മൂന്നുനിലയുള്ള കെട്ടിടത്തിനു മുകളിൽ നിന്നുമാണ് ആ കരച്ചിൽ.

കെട്ടിടത്തിന്റെ രണ്ടുനിലയും വെള്ളത്തിലായി.

വീണ്ടും തിരമാലകൾ ആഞ്ഞടിക്കുന്നു.

കണ്ടുനിന്നവർ ബോധം കെട്ട് വീണുപോയി.

കേരളം, തമിഴ്നാട്, ആന്ധ്ര... ഈ സംസ്ഥാനങ്ങളുടെ തീരപ്രദേശങ്ങളിൽ



എല്ലായിടത്തും ഒരേസമയം ജലതാണ്ഡവം.

അന്തമാൻ നിക്കോബാർ ദ്വീപുകൾ, സുമാത്രാ ദ്വീപുകൾ...

എല്ലായിടത്തും തിരമാലകൾ കുന്നോളം പൊങ്ങി ആഞ്ഞടിച്ചു.

വെള്ളത്തിന് ഇത്ര ശക്തിയോ!

ആലോചിക്കാൻ കഴിയുന്നില്ല.

രാജ്യം ഞെട്ടിവിറച്ചു.

ടി.വിയിൽ വീണ്ടും സുനാമിയുടെ വാർത്തകൾ വരുന്നു! ജനങ്ങൾ അമ്പരന്നു.

കയ്യിൽ കിട്ടിയതും കൊണ്ട് ഓടി.

എങ്ങോട്ടു പോകും!

ആർക്കാണ് രക്ഷിക്കാൻ കഴിയുക!

അതിരില്ലാത്ത വെള്ളത്തിനോട് എതിരിടാൻ കഴിയുമോ?

* * * * * * * * * * * * * * * * *

മാസങ്ങൾ കടന്നുപോയി. അപ്പോഴാണ് കൊടുംവരൾച്ചയുടെ വാർത്തകൾ നാം കേൾക്കുന്നത്.

കിണറും പാടവും പുഴയും വറ്റി.

നഗരത്തിലെ ജലവിതരണം നിലച്ചു.

മനുഷ്യർ വെള്ളത്തിനായി നെട്ടോട്ടം തുടങ്ങി.

പക്ഷിമൃഗാദികൾ ദാഹിച്ചു പൊരിഞ്ഞു.

ഒന്നൊന്നായി ചത്തുവീഴാൻ തുടങ്ങി.

കൃഷി നശിച്ചു.

കാടുണങ്ങി.

തീക്കാറ്റ് കലിതുള്ളി.

ഉണങ്ങിയ പുൽമേടുകളും കാടും കാട്ടുതീയിൽപ്പെട്ട് കരിഞ്ഞു തീർന്നു.

എവിടെ നിന്നാണ് ഒരിറ്റ് വെള്ളം കിട്ടുക!

ഭൂമിയും ജീവജാലങ്ങളും ദാഹജലത്തിനായി തീരാക്കൊതിയോടെ ആർത്തുകരഞ്ഞു.

വെള്ളം തേടിപ്പോയവർ തൊണ്ട പൊട്ടിച്ചത്തു.

വിണ്ടുകീറിയ വയലുകളുടെ ചിത്രങ്ങൾ ജനങ്ങളെ കൊടുംഭീതിയിലാഴ്ത്തി.

ദാഹത്തിന്റെ തീവ്രത!

കുടിനീരിന്റെ മഹത്വം!

രണ്ടും അവർക്കു വേണ്ടത്ര മനസ്സിലായി.

* * * * * * * * * * *

നമ്മൾ എപ്പോഴെങ്കിലും ചിന്തിച്ചിരുന്നോ ഇതൊക്കെ!

ഭൂമിയിൽ ഏതാണ്ട് മുക്കാൽ ഭാഗവും വെള്ളമാണ്.

ബാക്കിയുള്ള കരയിൽ ജലാശയങ്ങൾ ധാരാളമുണ്ട്.

ഉപ്പുവെള്ളവും ഉഷ്ണജലവുമുണ്ട്.

കുടിക്കാൻ കൊള്ളുന്ന വെള്ളം വളരെ, വളരെ കുറച്ചേയുള്ളൂ.

അതുതന്നെ കുറഞ്ഞു വരുന്നു.

ഉള്ളതുതന്നെ മലിനമായിക്കൊണ്ടിരിക്കുന്നു.

ഭൂമിക്കടിയിൽ വെള്ളമുണ്ട്. ഭൂഗർഭജലം.

അതും ഊറ്റിയെടുത്ത് വിറ്റ് ലാഭമുണ്ടാക്കുകയാണ് ചിലർ!

ജനസംഖ്യ പെരുകുന്നു.

കുടിനീർ കുറയുന്നു.

ഭാവിതലമുറ കുടിവെള്ളത്തിനെവിടെപ്പോകും?

വെള്ളമില്ലെങ്കിൽ ജീവനില്ല.

വെള്ളം വിറ്റ് കാശാക്കുന്ന കച്ചവടം കൂടുന്നു.

ലോകത്തിന്റെ പലഭാഗത്തും ഇത്തരം കച്ചവടങ്ങളെ ജനങ്ങൾ തടയാൻ തുടങ്ങിയിട്ടുണ്ട്.

കോളക്കമ്പനി നടത്തുന്ന ജലചൂഷണത്തിനെതിരെ പ്ലാച്ചിമടയിൽ നടക്കുന്ന സമരത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

അവിടെ സമരത്തിനു നേതൃത്വം നൽകിയ മയിലമ്മയെക്കുറിച്ച് കേട്ടിട്ടുണ്ടോ നിങ്ങൾ?

മയിലമ്മ കുടിവെള്ളത്തിനു ദാഹിക്കുന്ന പാവങ്ങളുടെ മുഴുവൻ അമ്മയാണ്.

ജലം പ്രകൃതിയുടെ അമൂല്യവരദാനമാണ്.

നമ്മുടെ നിലനിൽപ്പിനടിസ്ഥാനമാണത്. ഈ അത്ഭുതസമ്പത്ത് നാം ഒന്നിച്ചുനിന്നു സംരക്ഷിക്കണം.

പ്രവർത്തനങ്ങൾ

1. പ്ലക്കാർഡ് ഉണ്ടാക്കാം

ലോക ജലദിനമാണ് മാർച്ച് 22. ജലസംരക്ഷണത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കാനുതകുന്ന പ്ലക്കാർഡുകളുണ്ടാക്കണം. അതുമായി ജാഥ നടത്തണം. പ്ലക്കാർഡിൽ എന്താണെഴുതുക?

1.

2.

3.

4.

5.

2. വെള്ളം ചേർന്നു വരുന്ന എത്ര പദങ്ങളെഴുതാം?

1. മഴവെള്ളം
2. ....
3. ....

3. മാതൃക പോലെ പൂരിപ്പിക്കാം.

തെങ്ങോളം ഉയരത്തിൽ

ആനയോളം വലിപ്പത്തിൽ

.... നീളത്തിൽ

.... കടുപ്പത്തിൽ

.... മധുരത്തിൽ

.... ആഴത്തിൽ

4. എത്ര സംസ്ഥാനങ്ങളുടെ പേരറിയാം?

ജമ്മു കശ്മീർ, ത്രിപുര, അരുണാചൽപ്രദേശ്, ...

....

5. ബന്ധമുള്ള വാക്കുകൾ കേട്ടെഴുതുക.

സുനാമി - കടൽ, തിരമാല, ജലം, മരണം

കൊതുക് - ....

കിണർ - ....

പുഴ - ....

മഴ - ....

6. സങ്കൽപ്പിച്ചു പറയൽ.

ഇനി മഴ ഇല്ലാതായാൽ

7. ആശയം വിപുലപ്പെടുത്തി എഴുതാം.

വെള്ളം വെള്ളം സർവ്വത്ര

തുള്ളി കുടിക്കാനില്ലത്രെ

8. താഴെ കൊടുത്ത മൂന്നു പദങ്ങളും വരുന്ന എത്ര വാക്യങ്ങളുണ്ടാക്കാം?

കടൽ, മഴ, വെള്ളം,

ഉദാ : മഴവെള്ളം കടലിലെത്തി.

....

....

....

....

....

9. ചർച്ച

ജലം മലിനമാവാതിരിക്കാൻ...

10. വാർത്തകൾ ശേഖരിക്കാം.

ജലവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കുക. കണ്ടുപിടിച്ചെഴുതുക.

11. ഉത്തരം കണ്ടെത്തി എഴുതൂ.

1. ജലം കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെ?
2. ജലം എവിടെനിന്നെല്ലാം കിട്ടുന്നു?
3. വരൾച്ച വന്നാലുള്ള ദോഷങ്ങളെന്തൊക്കെ?
4. സുനാമി വന്നപ്പോൾ എന്തൊക്കെ സംഭവിച്ചു?

12. കേരളത്തിൽ 44 നദികളുണ്ട്. നിങ്ങൾക്ക് എത്ര നദികളുടെ പേരെഴുതാം.

....

....

....

....

13. നിങ്ങളുടെ കുട്ടി പഠിക്കുന്ന സ്കൂളിലെ കിണറിനു വലയിട്ടിട്ടില്ല. ഇതു സംബന്ധിച്ച് സ്കൂൾ ഹെഡ്മാസ്റ്റർക്ക് നിങ്ങൾ ഒരു കത്തെഴുതുക.

വലയില്ലാത്തതു കൊണ്ടുള്ള ദോഷങ്ങളും വല സംഘടിപ്പിക്കാൻ നിങ്ങൾ നൽകുന്ന നിർദ്ദേശങ്ങളുമെല്ലാം കത്തിലുണ്ടാവണം. ആ കത്ത് താഴെ എഴുതി ചേർക്കുക.

....

....

....

....

....

....

....

....

....

14. മുല്ലപ്പെരിയാർ പ്രശ്നം, പ്രകൃതി ദുരന്തങ്ങളെ നേരിടൽ, പ്ലാച്ചിമട സമരം, കാലാവസ്ഥാമാറ്റങ്ങൾ എന്നിവയെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ പറയുക. ചർച്ച ചെയ്യുക.

വായിച്ചു വളരുക

വൈകുന്നേരം

വായനശാലയിൽ ആളുകൾ കടന്നുവന്നുകൊണ്ടിരിക്കുന്നു.

മായ വന്നത് പുസ്തകം മാറ്റാനാണ്.

നിരനിരയായി ഒതുക്കിവച്ച അലമാരകൾ.

നിറയെ പുസ്തകങ്ങൾ

എല്ലാം നമ്പരിട്ട് വഴിക്ക് വഴി അടുക്കിവെച്ചിരിക്കുന്നു.
ഓരോ അലമാരയിലും ഓരോ തരം പുസ്തകങ്ങളാണ്.
പുസ്തകങ്ങൾ നല്ല ചങ്ങാതിമാരാണ്.
വടിയെടുക്കാതെയും കണ്ണുരുട്ടാതെയും പഠിപ്പിക്കുന്ന ഗുരുനാഥൻമാർ.
പുസ്തകങ്ങൾ ശ്രദ്ധിച്ച് തെരഞ്ഞെടുക്കാം.
മായ ചുമരിലെഴുതി വച്ചത് വായിച്ചു.....

'വായനശാല നാടിന്റെ വെളിച്ചം.'

'വായനശാല സാമൂഹ്യവളർച്ചയുടെ കേന്ദ്രം.'

ടെലിവിഷന്റെ വരവോടെ വായനാശീലം കുറയുന്നുണ്ടോ?
പുസ്തകവിതരണം നടത്തുന്ന അസ്മയ്ക്ക് എതിരഭിപ്രായമാണ്.
പുതുതായി ധാരാളം പേർ പുസ്തകമെടുക്കാൻ വരുന്നുണ്ട്.
മൊബൈൽ ലൈബ്രറി വഴി പുസ്തകം വീടുകളിലെത്തിക്കുന്നുമുണ്ട്.
മായ ആദ്യം കണ്ട അലമാരയുടെ മുന്നിൽ ചെന്നു നിന്നു.

നവസാക്ഷരപുസ്തകങ്ങൾ

അലമാരയുടെ പുറത്ത് ഒട്ടിച്ചിരിക്കുന്നു.
'തകഴിയുടെ രണ്ടിടങ്ങഴി'യുണ്ടോ? - മായ ചോദിച്ചു.
"അത് പുറത്താണ്. 'തോട്ടിയുടെ മകൻ' വേണോ?
"അത് വായിച്ചതാ....."
ഇരുവരും തിരികെ മേശയ്ക്കരികിലെത്തി.
മേശപ്പുറത്തുള്ള 'ഗാന്ധിയൻ വിദ്യാഭ്യാസം' എന്ന പുസ്തകം മായ കൈയിലെടുത്തു.
"മായേ, നിന്റെ അനുജത്തിയുടെ അഡ്മിഷനെന്തായി? - അസ്മ അന്വേഷിച്ചു.
"എന്താവാൻ? വലിയ തുകയാ ആവശ്യപ്പെടുന്നത്."
"പണമില്ലാത്തവർക്ക് പഠിപ്പും വിഷമം തന്നെ....."
"നാടും കാലവും മാറുകയാണ്..."
"നാട്ടിലെ ജീവിതവും മാറി....."
"ഫാസ്റ്റ്ഫുഡും സൂപ്പർമാർക്കറ്റും വന്നു...."
"അടുത്താഴ്ച വായനശാലയിൽ ഇതേപ്പറ്റി ചർച്ചയുണ്ട്. മായ വരണം..."

പ്രവർത്തനങ്ങൾ

1. ചർച്ച ചെയ്യുക

1. വായനശാലയിൽ ടെലിവിഷൻ വന്നപ്പോൾ.
2. ടെലിവിഷൻ സീരിയലുകൾ
3. വായനശാലയിൽ നടക്കാറുള്ള പ്രവർത്തനങ്ങൾ
4. വായനശാലയും കുട്ടികളും
5. സ്ത്രീകളും വായനയും

2. വായിക്കുക

അലമാര, ഗുരുനാഥൻ, ടെലിവിഷൻ, രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, സാമൂഹ്യ വളർച്ച, കേന്ദ്രം, ആവശ്യം.

3. താഴെക്കൊടുത്തിരിക്കുന്നവയ്ക്ക് സമാനമായ മലയാളപദങ്ങൾ കണ്ടെത്താമോ?

അഡ്മിഷൻ, ഫാസ്റ്റ്ഫുഡ്, മൊബൈൽ ലൈബ്രറി

4. താഴെകൊടുത്ത പദങ്ങളുപയോഗിച്ച് വാക്യങ്ങളുണ്ടാക്കുക.

നിരനിരയായി, കണ്ണുരുട്ടുക, നാടിന്റെ വെളിച്ചം, മാറി മാറി വരിക.

....

....

....

....

....

....

....

....

....

....

....

....

5. നിങ്ങളുടെ പ്രദേശത്ത് ഒരു പുതിയ വായനശാല തുടങ്ങിയിരിക്കുന്നു. വായനശാലയുടെ ചുമരുകളിൽ സന്ദേശങ്ങൾ, അറിയിപ്പുകൾ തുടങ്ങിയവ എഴുതി വയ്ക്കണം. തയ്യാറാക്കാമോ?

....

....

6. നിങ്ങൾ വായിച്ച ഒരു പുസ്തകത്തെക്കുറിച്ച് 10 വാക്യങ്ങൾ കുറയാത്ത കുറിപ്പെഴുതുക.

7. ചേരുംപടി ചേർക്കുക.

1. രാമായണം	-	വൈലോപ്പിള്ളി
2. കൃഷ്ണഗാഥ	-	ചന്തുമേനോൻ
3. ഇന്ദുലേഖ	-	ചങ്ങമ്പുഴ
4. രമണൻ	-	എഴുത്തച്ഛൻ
5. മാമ്പഴം	-	ചെറുശ്ശേരി

....

....

....

....

....

8. **നിങ്ങൾക്ക് എത്ര പുസ്തകങ്ങളുടെ പേരെഴുതാനറിയും? ഏറ്റവും കൂടുതൽ പുസ്തകങ്ങളെഴുതുന്നതാരാണ്?**

9. **നിങ്ങളുടെ അടുത്തുള്ള വായനശാലാ സെക്രട്ടറിയെ ക്ലാസിലേക്ക് ക്ഷണിക്കുക. വായനശാലയെക്കുറിച്ച് അവരോട് ചോദിച്ചു മനസ്സിലാക്കുക. അതിന്റെ അടിസ്ഥാനത്തിൽ വായനശാലകളുടെ പേരെഴുതുക.**

10. **വായനശാലയിൽ അംഗമാകാനുള്ള ഫോറമാണ് താഴെ കൊടുക്കുന്നത്. പൂരിപ്പിക്കുക.**

1. പേര് -
2. മേൽവിലാസം -
3. വയസ്സ് -
4. വിദ്യാഭ്യാസയോഗ്യത -
5. ഇതിനുമുമ്പ് അംഗമായിട്ടുണ്ടോ? -
6. മറ്റേതെങ്കിലും വായനശാലയിൽ അംഗമാണോ? -
7. ഏതു വിഭാഗം പുസ്തകമാണ് താല്പര്യം? -
8. അഭിരുചിയുള്ള മേഖലകൾ -
9. സാഹിത്യരചനകൾ നിർവ്വഹിച്ചിട്ടുണ്ടോ? -

ഈ വായനശാലയിൽ എന്നെ അംഗമാക്കുകയാണെങ്കിൽ വായനശാലയുടെ നിയമാവലിക്ക് വിധേയമായി ഞാൻ പ്രവർത്തിക്കുമെന്ന് സത്യപ്രസ്താവന ചെയ്യുന്നു.

എന്ന്,

സ്ഥലം:........................ ഒപ്പ്:..................................

തീയതി:.......................... പേര്:................................

പാഠം 6

ഓരോരാളും ശ്രദ്ധിച്ചാലേ നാട് നന്നാവൂ

പ്രിയപ്പെട്ട ജാനൂ,

അയച്ച കത്ത് കിട്ടി. നിനക്കും രാമകൃഷ്ണനും മക്കൾക്കും സുഖമാണെന്നറിഞ്ഞതിൽ വളരെ സന്തോഷം. ഇവിടെ ഞങ്ങളും ഒരു വിധം സുഖമായി കഴിയുന്നു. നിന്റെ കത്ത് കിട്ടിയിട്ട് ദിവസങ്ങളായെങ്കിലും മറുപടി അയയ്ക്കാൻ വൈകിയതിൽ ക്ഷമിക്കണം. പഞ്ചായത്ത് മെമ്പറെന്ന നിലയിൽ എനിക്കുള്ള തിരക്ക് നിനക്കൂഹിക്കാമല്ലോ. വാർഡിലെ ഓരോ കാര്യത്തിനും ഞാൻ തന്നെ മുന്നിട്ടിറങ്ങണം. നിന്നു തിരിയാൻ സമയം കിട്ടാത്ത അവസ്ഥ.

നമ്മുടെ തെക്കേവീട്ടിലെ അന്നമ്മയെ നിനക്കറിയില്ലേ? കഴിഞ്ഞാഴ്ച മരിച്ചു. പനിയായിരുന്നു. മെഡിക്കൽ കോളേജ് വരെ കൊണ്ടുപോയി. രക്ഷപ്പെട്ടില്ല. പാവം ജേക്കബ്ബും രണ്ട് പൊടിക്കുഞ്ഞുങ്ങളും.

ഏന്തെല്ലാം പനികളാണിപ്പോൾ. മുമ്പൊന്നും കേട്ടുകേൾവിപോലുമില്ലാത്ത പേരുകളാണ്. എലിപ്പനി, ഡങ്കിപ്പനി, ചിക്കുൻഗുനിയ, എത്രപേരാ കിടപ്പിലായതെന്നോ? പനിമാറിയാലും ആഴ്ചകളോളം വേദനയും നീരുമൊക്കെയായി കഴിയേണ്ടിവരും. ഇതൊക്കെ കൊതുകുകളാണത്രെ പരത്തുന്നത്. മാലിന്യങ്ങൾ നാലുപാടും കുന്ന് കൂടുകയല്ലേ? പിന്നെങ്ങനെയാ കൊതുക് പെരുകാണ്ടിരിക്കുക?

പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇപ്പോൾ കുറച്ച് മാറ്റം വന്നിട്ടുണ്ട്. ഓരോരാളും ശ്രദ്ധിച്ചാലേ നാട് നന്നാവൂ. എല്ലാ വിഭാഗത്തിൽപ്പെട്ടവരും രംഗത്തിറങ്ങിയിട്ടുണ്ട്.

ഇതിന്റെയൊക്കെ തിരക്കിനിടയിലാണ് ഇതെഴുതുന്നത്. നാളെ പഞ്ചായത്ത് ബോർഡ് മീറ്റിംഗുണ്ട്. ചില തയ്യാറെടുപ്പുകൾ നടത്തണം. എല്ലാവരോടും അന്വേഷണം പറയണം. നിർത്തട്ടെ.

സ്നേഹത്തോടെ,

നളിനി

ഒപ്പ്

പ്രവർത്തനങ്ങൾ

1. ഈ കത്ത് ആരാണെഴുതിയത്? ആർക്ക്?

....

2. കത്തിലെഴുത്തിയ കാര്യങ്ങൾ ചുരുക്കി പറയുക.

3. ചർച്ച നടത്തുക

പരിസരമലിനീകരണം

കൊതുകുകളും പകർച്ചവ്യാധികളും

ശുചിത്വബോധം

ജനകീയപ്രശ്നങ്ങളും പഞ്ചായത്തും

4. നിങ്ങളുടെ ചുറ്റുപാടിൽ ചിക്കുൻഗുനിയ രോഗം വന്നവരുണ്ടെങ്കിൽ അവരെ ക്ലാസിലേക്ക് കൂട്ടിക്കൊണ്ട് വന്ന് അനുഭവം പങ്കിടുക.

5. ഒരു ഡോക്ടറെയോ ആരോഗ്യപ്രവർത്തകനെയോ കൊണ്ടുവന്ന് നിങ്ങൾക്കുള്ള സംശയങ്ങൾ തീർക്കുക.

6. മുദ്രാവാക്യങ്ങൾ ഉണ്ടാക്കുക.

1. പ്ലാസ്റ്റിക്കിനെതിരെ

....

2. മാലിന്യങ്ങൾക്കെതിരെ

....

3. ശുചിത്വബോധം വളർത്താൻ

....

4. സാമൂഹ്യാരോഗ്യം

....

7. പലതരം കത്തുകൾ ക്ലാസിൽ പരിചയപ്പെടുക.

ഉദാ: ക്ഷണക്കത്ത്, ഔദ്യോഗികക്കത്ത്...........

8. പത്രങ്ങളിലും മാസികകളിലുമുള്ള കത്തിന്റെ പൊതുവായ ഘടനയെന്ത്?

9. നിങ്ങളുടെ തുല്യതാപ്രവർത്തനത്തെക്കുറിച്ച് അടുത്ത പഞ്ചായത്തിലെ പഠിതാവിന് ഒരു കത്തെഴുതുക.

....

....

....

....

10. പോസ്റ്റോഫീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുക.

പോസ്റ്റോഫീസ്

ഇൻലന്റ്

കവർ

സ്റ്റാമ്പുകൾ

പാഠം 7

പാടാം... രസിക്കാം

നാടൻപാട്ടുകൾ കേട്ടിട്ടില്ലേ?
തലമുറകളായി പ്രചരിച്ചു വന്ന പാട്ടുകൾ.
ചൊല്ലിയും കേട്ടും പഠിച്ചും ഓർമ്മയിൽ സൂക്ഷിച്ച ഗ്രാമീണ സാഹിത്യം.
എഴുതിയതാരാണെന്നറിയില്ല.
പലരുടെയും ഭാവനകൾ ഇവയിൽ കൂടിച്ചേർന്നിട്ടുണ്ട്.
ജീവിതസന്ദർഭങ്ങൾ, വികാരവിചാരങ്ങൾ, ആചാരവിശ്വാസങ്ങൾ, നേരിടേണ്ടിവന്ന പീഡനങ്ങൾ, ഇവയെല്ലാം നാടൻപാട്ടിന് വിഷയമായിട്ടുണ്ട്.
ഗ്രാമീണ ജീവിതത്തിന്റെ തനിമയാർന്ന ഭാവപ്രകടനങ്ങളാണ് നാടൻപാട്ടുകൾ.
താളവും ഈണവും കലർന്നതാണീ പാട്ടുകൾ.
ഏതാനും ഉദാഹരണങ്ങൾ

1. മാവേലി നാടുവാണീടും കാലം

(എക്കാലത്തെയും മനുഷ്യന്റെ മോഹമാണ് ഈ പാട്ടിൽ തുടിക്കുന്നത്)

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
ആധികൾ വ്യാധികൾ ഒന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
പത്തായിരമാണ്ടിരിപ്പുമുണ്ട്.

പത്തായമെല്ലാം നിറവതുണ്ട്.
എല്ലാ കൃഷികളുമൊന്നുപോലെ
നെല്ലിനു നൂറു വിളവതുണ്ട്.
ദുഷ്ടരെ കൺകൊണ്ട് കാൺമാനില്ല
നല്ലവരല്ലാതെയില്ല പാരിൽ
നാരിമാർ ബാലൻമാർ മറ്റുള്ളോരും
നീതിയോടെങ്ങും വസിച്ച കാലം
കള്ളവുമില്ല, ചതിയുമില്ല
എള്ളോളമില്ല പൊളിവചനം

കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല
നല്ല മഴപെയ്യും വേണ്ടുന്നേരം
നല്ലപോലെല്ലാ വിളവും ചേരും
മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ

2. വടക്കൻപാട്ട്

പുത്തൂരം ആരോമൽച്ചേകവരും
നേരമൊരേഴര രാവുള്ളപ്പോൾ
കുളിയും കുറിയും കഴിച്ചു ചേകോൻ
തേവാരപ്പൂജയുടൻ കഴിച്ചു
അച്ഛനെച്ചെന്നു വിളിച്ചു ചേകോൻ
നേരമൊരേഴര വെളുപ്പായല്ലോ
പുത്തരിയങ്കം പുറപ്പെടേണം
അപ്പോൾ പറയുന്നു അച്ഛനല്ലോ
ഒന്നുണ്ട് കേൾക്കേണം പൊൻമകനേ
ആയിരത്തൊന്നോളം നായൻമാരും
കീഴൂരിടത്തിലെ വാഴുന്നോരും
മുമ്പിലും പിമ്പിലകമ്പടിയും
പാവാടയും നല്ല പകൽവിളക്കും
മിന്നും പരിചയും വച്ച പന്തി
ആർപ്പും നടപ്പും നടവിളിയും
തിക്കും തിരക്കുമൊരാർപ്പുകളും
ചീനവെടിയും പടമുഴക്കം
നാഗപുരത്തോടെ പുറപ്പെടേണം

3. തമ്പ്രാനും ഏനും

തമ്പ്രാന്റെ പന്തലിൽ പഴക്കുലതൂക്കുമ്പം
ഏനെന്റെ പന്തലിൽ പഴമുറം തൂക്കും
തമ്പ്രാനൊരു കുത്ത് പട്ടുടുക്കുമ്പം
ഏനെന്റെ പഴമുണ്ട് തറ്റുടുക്കും.
തമ്പ്രാന്റെ തെങ്ങിന്മേലാനേനെ കെട്ടുമ്പം
ഏനെന്റെ തെങ്ങിന്മേലാടിനെ കെട്ടും.

5. മാർഗ്ഗംകളിപ്പാട്ട്

മേക്കണീന്ത പീലിയുമായ്
മേൽതോന്നും മേനിയും തെയ് തെയ്
പിടിത്തതെന്തും കൈയ്യും മെയ്യും
എന്നന്നേയ്ക്കും വാഴ്കവേ തെയ് തെയ്
വാഴ്ക വാഴ്ക നമ്മുടെ
പരീക്ഷ എല്ലാം ഭൂമിമേൽ തെയ് തെയ്
വഴിക്കൂറായ് നടക്കവേണ്ടി
വന്തവരോ നാമെല്ലാം തെയ് തെയ്
അഴിവുകാലം വന്നടുത്തു
അലയുന്ന നിൻമക്കളെ തെയ് തെയ്
അഴിയായ് വണ്ണം കാത്തരുൾവാൻ
കഴിവ് പേശുക മാർത്തോമൻ തെയ് തെയ്
പട്ടുടൻ പണിപ്പുടവ
പവിഴമുത്തു മാലയും തെയ് തെയ്
അലങ്കരിച്ച പന്തലിൽ
വന്നുതുക വേണം മാർത്തോമൻ തെയ് തെയ്
അലങ്കരിച്ച പന്തലിൽ
വന്നെഴുന്നരുൾക മാർത്തോമൻ തെയ് തെയ്
അലങ്കരിച്ച പന്തലിൽ
വന്നരുൾ തരേണം മാർത്തോമൻ തെയ് തെയ്

പ്രവർത്തനങ്ങൾ

1. **അറിയാവുന്ന നാടൻപാട്ടുകൾ ഒന്നിച്ചവതരിപ്പിക്കുക.**
2. **നിങ്ങളുടെ ചുറ്റുപാടിൽ നാടൻപാട്ടുകൾ പാടുന്നവരുണ്ടാകാം. അവരെ ക്ഷണിച്ചുകൊണ്ടുവന്ന് പാടിക്കുക. അനുഭവങ്ങൾ വിവരിക്കുക.**
3. **വായ്ത്താരികൾ ശേഖരിക്കുക.**

ഉദാ: തയ്യത്തക തയ്യത്തക തയ്യത്തക തൈതൈ

തിത്തിത്തക തിത്തിത്തക തിത്തിത്തക തൈതൈ

....

തന്നാനാ താനാ തന തന്നാനം താന

തന്നാനാ താനാ തന തന്നാനം താന

....

4. **വഞ്ചിപ്പാട്ടിന്റെ വായ്ത്താരി അറിയാമോ? ആരെക്കൊണ്ടെങ്കിലും പാടിക്കുക.**
5. **താളത്തിനനുസരിച്ച് ഒരു നാടൻപാട്ട് നിർമ്മിക്കാനാവുമോ?**
6. **നാടൻപാട്ടുകൾ സി.ഡി/കാസറ്റ് ഉപയോഗിച്ച് കേൾക്കുക.**
7. **പദം പരിചയപ്പെടുക**

ഗ്രാമീണസാഹിത്യം - തലമുറകളായി -

ഭാവന - ജീവിതസന്ദർഭങ്ങൾ-

താളം - ഈണം

8. **സൂചനപോലെ എഴുതുക.**

ഇഷ്ടവും അനിഷ്ടവും - ഇഷ്ടാനിഷ്ടങ്ങൾ

ജനനവും മരണവും - ജനനമരണങ്ങൾ

വികാരവും വിചാരവും - ....

ആചാരവും വിശ്വാസവും - ....

ജീവിതത്തിലെ സന്ദർഭങ്ങൾ - ജീവിതസന്ദർഭങ്ങൾ

ഗ്രാമത്തിലെ വൃക്ഷം - ....

വീട്ടിലെ മൃഗം - ....

നാട്ടിലെ മൈന - ....

9. പ്രാദേശികഭാഷകളുടെ സൗന്ദര്യം ആസ്വദിക്കുക.

പ്രാദേശികഭാഷ		പൊതുഭാഷ
കീഞ്ഞു	-	ഇറങ്ങി
ഓൻ	-	അവൻ
ഏൻ	-	ഞാൻ
പെര്യ	-	വഴി

10. ഇതുപോലെ നിങ്ങളുടെ പ്രദേശത്ത് പ്രചാരമുള്ള പ്രാദേശിക ഭാഷാപദങ്ങളും അവയുടെ പൊതുഭാഷയും എഴുതുക.

....

....

....

....

....

11. നാടൻപാട്ടിൽ നിറഞ്ഞു നിൽക്കുന്നത് ജനങ്ങളുടെ ജീവിതപ്രശ്നങ്ങളാണ് - ചർച്ച ചെയ്യുക.

12. നിങ്ങൾ നാടൻപാട്ടുകൾ ഇഷ്ടപ്പെടുന്നതെന്തുകൊണ്ട്? പത്തുവാക്യത്തിൽ ഉത്തരമെഴുതുക.

പാഠം 8

വഴക്കവസാനിച്ചു

ഇന്ന് ഈസ്റ്റർ പെരുന്നാൾ.

അയൽക്കാരായ അകൗല്യയും മലാഷയും സന്തോഷത്തിലാണ്.

അമ്മമാർ അവർക്ക് പുത്തനുടുപ്പുകൾ വാങ്ങിക്കൊടുത്തിട്ടുണ്ട്.

ഉടുപ്പിട്ടുകൊണ്ട് ഇരുവരും കളിക്കാനിറങ്ങി.

പെട്ടെന്ന് അവർക്കൊരു മോഹം.

ചെളിക്കുഴിയിലെ വെള്ളം തട്ടിക്കളിക്കണം.

'മലാഷേ, ഷൂസും കാലുറയും അഴിച്ച് വെക്ക്. ഇല്ലെങ്കിൽ നിന്റെ അമ്മ ചീത്ത പറയും. ഞാനഴിച്ച് വെക്കാൻ പോവുകയാ' - അകൗല്യ പറഞ്ഞു.

മലാഷ അനുസരിച്ചു.

ഫ്രോക്ക് ഉയർത്തിപ്പിടിച്ചുകൊണ്ട് ഇരുവരും ചെളിവെള്ളത്തിലിറങ്ങി.

'ഇവിടെ നല്ല ആഴമുണ്ട്. എനിക്ക് പേടിയാകുന്നു' - മലാഷ പറഞ്ഞു.

'പേടിക്കാതെ വാ.....' - അകൗല്യ.

'മലാഷേ, വെള്ളം തട്ടിത്തെറിപ്പിക്കല്ലേ'

അകൗല്യ പറഞ്ഞു തീർന്നതും മലാഷ വെള്ളം തട്ടിത്തെറിപ്പിച്ചു.

അകൗല്യയുടെ ഉടുപ്പിലും മുഖത്തും ചെളിവെള്ളം തെറിച്ചു.

അവൾക്ക് ദേഷ്യം വന്നു.

മലാഷയെ അടിക്കാനായി അവൾ ഓടിയടുത്തു.

മലാഷ പേടിച്ചുപോയി.

അവൾ വേഗം കരയ്ക്ക് കയറി രക്ഷപ്പെടാൻ നോക്കി.

അതിനിടയിൽ അകൗല്യയുടെ അമ്മ ആ വഴി വന്നു.

വിവരമറിഞ്ഞപ്പോൾ അമ്മയ്ക്ക് ദേഷ്യം വന്നു.

അവർ മലാഷയെ പിടിച്ചു നിർത്തി അടിച്ചു.

അവൾ കരയാൻ തുടങ്ങി.

നിലവിളി കേട്ട് അവളുടെ അമ്മ ഓടി വന്നു.

അമ്മമാർ തമ്മിൽ വഴക്കായി.

വാക്കേറ്റം കൂടിക്കൂടി വന്നു.

ആളുകൾ ചുറ്റുംകൂടി

ഓരോരുത്തരും വായിൽ തോന്നിയത് വിളിച്ചു പറഞ്ഞു.

വഴക്ക് മൂത്ത് അടിയുടെ വക്കത്തെത്തി.

അകൗല്യയുടെ മുത്തശ്ശി രംഗത്തെത്തി.

അവർ അമ്മമാരെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു.

ആരും കേട്ടില്ല.

വഴക്ക് വർദ്ധിച്ചു കൊണ്ടേയിരുന്നു.

ഇതിനിടയിൽ അകൗല്യ ഉടുപ്പിലെ ചെളി കഴുകിക്കളഞ്ഞു. മുഖവും കഴുകി. അവൾ വീണ്ടും ചെളിവെള്ളത്തിനടുത്തേക്ക് പോയി.

ഒരു കല്ലെടുത്ത് കുഴിയുടെ വക്കിലെ മണ്ണ് നീക്കിത്തുടങ്ങി.

മണ്ണ് നീക്കിയ സ്ഥലത്തുകൂടി വെള്ളം തെരുവിലേക്കൊഴുകണമെന്ന് അവളാഗ്രഹിച്ചു.

മലാഷ ഇത് കണ്ടു.

അവളും അകൗല്യയുടെ അടുത്തെത്തി.

ഒരു മരക്കഷണം കൊണ്ട് മണ്ണ് നീക്കാൻ സഹായിച്ചു.

ചെളിക്കുഴിയിലെ വെള്ളം തെരുവിലേക്കൊഴുകിത്തുടങ്ങി.

അവർ പൊട്ടിച്ചിരിച്ചുകൊണ്ട് ചാലിന്റെ വശത്തുകൂടെ ഓടി.

അവരുടെ ശ്രദ്ധ ഒഴുകുന്ന വെള്ളത്തിലായിരുന്നു.

അപ്പുറത്ത് സ്ത്രീകളും പുരുഷൻമാരും കലഹിച്ചുകൊണ്ടിരുന്നു.

അത് കണ്ട് മുത്തശ്ശി പറഞ്ഞു... 'വിഡ്ഢികളേ, നിങ്ങൾക്ക് നാണം തോന്നുന്നില്ലേ? കുട്ടികൾ സന്തോഷത്തോടെ കളിക്കുന്നത് കണ്ടോ? ഇവർക്കുവേണ്ടിയല്ലേ നിങ്ങൾ കലഹിക്കുന്നത്? സ്നേഹമുള്ള ഈ കുട്ടികൾക്ക് നിങ്ങളെക്കാൾ വകതിരിവുണ്ട്.

പെട്ടെന്ന് വഴക്ക് നിന്നു.

മലാഷയെയും അകൗല്യയെയും കണ്ടപ്പോൾ എല്ലാവരും നാണിച്ചു.

തങ്ങളുടെ വിഡ്ഢിത്തമോർത്ത് അവർ തന്നത്താൻ ചിരിച്ചു.

(ഒരു ടോൾസ്റ്റോയി കഥ)

പ്രവർത്തനങ്ങൾ

1. **ടോൾസ്റ്റോയി മഹാനായ ഒരു റഷ്യൻ സാഹിത്യകാരനാണ്. ഇതുപോലെ മഹാൻമാരായ ഒട്ടേറെ വിശ്വസാഹിത്യകാരൻമാരുണ്ട്. അവരിൽ ചിലരുടെ പേരുകൾ താഴെകൊടുക്കുന്നു. അവരെക്കുറിച്ചും അവരുടെ പ്രശസ്തകൃതി കളെക്കുറിച്ചും ചർച്ച ചെയ്യുക.**

    1. ഷേക്സ്പിയർ ....
    2. ഹോമർ..
    3. വാല്മീകി..
    4. ദസ്തയേവിസ്കി..

2. സാഹിത്യത്തിന് നിരവധി രൂപങ്ങളുണ്ട്. കഥ, കവിത എന്നിങ്ങനെ. ഇത്തരത്തിലുള്ള വിവിധ രൂപങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാമോ?

കഥ, കവിത, നോവൽ, യാത്രാവിവരണം, നാടകം, ആത്മകഥ

3. താഴെപ്പറയുന്ന കൃതികളെയും സാഹിത്യകാരൻമാരെയും പരസ്പരം ശരിയാംവിധം കൂട്ടി യോജിപ്പിക്കുക.

1. ഓടയിൽ നിന്ന്	വൈക്കം മുഹമ്മദ് ബഷീർ
2. എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ	കുമാരനാശാൻ
3. വീണപൂവ്	എസ്.കെ. പൊറ്റക്കാട്
4. മുച്ചീട്ടുകളിക്കാരന്റെ മകൾ	മഹാത്മാഗാന്ധി
5. അശ്വമേധം	പി. കേശവദേവ്
6. പാതിരാസൂര്യന്റെ നാട്	തോപ്പിൽ ഭാസി

1. ....

2. ....

3. ....

4. ....

5. ....

6. ....

4. താഴെപ്പറയുന്ന പുസ്തകങ്ങൾ വായിച്ച് കഥ പറഞ്ഞു കേൾപ്പിക്കുക.

1. പാത്തുമ്മയുടെ ആട്
2. വാഴക്കുല
3. മഞ്ഞ്
4. ശബ്ദിക്കുന്ന കലപ്പ
5. ചെമ്മീൻ
6. രമണൻ

5. 'ഓടയിൽ നിന്ന്' എന്ന പുസ്തകം വായിച്ച് പപ്പുവിനെക്കുറിച്ച് 10 വാക്യം എഴുതുക.

....

....

....

....

....

6. അപ്പു ഒരു ആനക്കാരനാണ്. കൊച്ചുകേശവൻ എന്ന ആനയുടെ പാപ്പാൻ - 10 കൊല്ലമായി വലിയ അടുപ്പം - ഇപ്പോൾ കൊച്ചുകേശവനെ അവന്റെ ഉടമസ്ഥൻ വിൽക്കാൻ പോകുന്നു - അപ്പുവിന് ഭയങ്കര സങ്കടം - ഇത് ഒരു കഥയാക്കി മാറ്റാമോ?
7. നിങ്ങളുടെ ജീവിതത്തിലെ പ്രധാന അനുഭവങ്ങൾ വച്ചുകൊണ്ട് രണ്ടു പേജിൽ ഒരു ആത്മകഥ എഴുതാമോ?
8. മലയാളത്തിലെ ഏതെല്ലാം സാഹിത്യകാരൻമാരുടെ പേര് നിങ്ങൾക്കറിയാം? എഴുതുക.

....

....

....

9. എല്ലാവരുംകൂടി ഒരു പുതിയ കഥ ഉണ്ടാക്കി നോക്കൂ.
10. നിങ്ങളൊക്കെ അച്ഛന്മാരും അമ്മമാരും മുത്തശ്ശിമാരും മുത്തശ്ശൻമാരുമൊക്കെയല്ലേ? കുട്ടികൾക്ക് പറഞ്ഞു കൊടുക്കാൻ പറ്റിയ ഓരോ ചെറിയ കഥ എഴുതൂ.

പാഠം 9

പഴഞ്ചൊല്ല്

നിങ്ങൾക്ക് പഴഞ്ചൊല്ലറിയാമല്ലോ. അവയ്ക്ക് വലിയ അർത്ഥമുണ്ട്.

കുറെ കാര്യങ്ങൾ പറയേണ്ടിടത്ത് ഒരു പഴഞ്ചൊല്ല് പറഞ്ഞാൽ മതിയാകും. പഴയ നാടൻ കവിതയാണ് പഴഞ്ചൊല്ല്. താഴെയുള്ള പഴഞ്ചൊല്ലുകൾ പറയുകയും എഴുതുകയും ചെയ്യുക.

1. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്

2. അമിതമായാൽ അമൃതും വിഷം

3. ആടറിയുമോ അങ്ങാടി വാണിഭം

4. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട
5. ചൊട്ടയിലെ ശീലം ചുടലവരെ
6. മിന്നുന്നതെല്ലാം പൊന്നല്ല
7. ഐകമത്യം മഹാബലം
8. കൈപ്പുണ്ണിന് കണ്ണാടി വേണോ?

പഴഞ്ചൊല്ലുകൾ പോലെ കടങ്കഥകളും നിങ്ങൾക്കറിയാം. തമ്മിൽതമ്മിൽ പറഞ്ഞു രസിക്കൂ.

1. മുറ്റത്തെ ചെപ്പിനടപ്പില്ല - കിണർ
2. ഒരു തൊഴുത്തിലെല്ലാം വെള്ളക്കാള - പല്ല്
3. എന്നും കുളിക്കും ഞാൻ, എന്നാലും കാക്ക പോലെ - അമ്മി
4. മണ്ണിനുള്ളിൽ പൊന്നമ്മ - മഞ്ഞൾ
5. ....
6. ....
7. ....

പ്രവർത്തനങ്ങൾ

1. പറയുക, എഴുതുക.

1. അടിതെറ്റിയാൽ ആനയും വീഴും
2. അതിമോഹം ആപത്ത്
3. അമ്മയെ തല്ലിയാലും രണ്ടുണ്ട് പക്ഷം
4. അരണ കടിച്ചാലുടനെ മരണം
5. ചക്കയ്ക്ക് ചുക്ക്, മാങ്ങക്ക് തേങ്ങ
6. ചിരട്ടയിലെ വെള്ളം ഉറുമ്പിന് സമുദ്രം
7. നാക്കു നന്നെങ്കിൽ നാടടക്കാം
8. വെളിച്ചം കടക്കാത്ത മുറിയിൽ വൈദ്യൻ കടക്കേണ്ടി വരും.

2. **പറയുക. ഉത്തരം കാണുക.**

1. ആയിരം കുറിയരി, അതിലൊരു നെടിയരി - നക്ഷത്രങ്ങൾ, ചന്ദ്രക്കല
2. ഇരുട്ടാട്ടിയിട്ടെണ്ണയെടുത്തു - എള്ളാട്ടുക
3. ഒരു കലത്തിൽ രണ്ടു കറി - കോഴിമുട്ട
4. ഒരമ്മ പെറ്റ മക്കളെല്ലാം നരച്ച് നരച്ച് - കുമ്പളങ്ങ
5. തടി കണ്ടത്തിൽ, തല കല്യാണപ്പന്തലിൽ - വാഴ
6. ഞെട്ടില്ലാ വട്ടയില - പപ്പടം
7. പിന്നാലെ വന്നവൻ മുന്നാലെ പോയി - പല്ല്
8. വെളുപ്പുണ്ട് നിലാവല്ല, മധുരമുണ്ട് പഞ്ചസാരയല്ല - പുഞ്ചിരി

3. **ആശയം കണ്ടെത്തുക.**

1. മൂത്തവർ ചൊല്ലും മുതുനെല്ലിക്കയും
ആദ്യം കയ്ക്കും പിന്നെ മധുരിക്കും
2. വേരറ്റ മരവും, നീരറ്റ നദിയും, പേരറ്റ മനുഷ്യനു തുല്യം.
3. വീടിനേക്കാൾ വലിയ പടിപ്പുര നന്നല്ല.
4. വിയർത്തവന്റെ വിശപ്പിന് സുഖമുണ്ട്.
5. വാഴയ്ക്ക് നനയ്ക്കുമ്പോൾ ചീരയും നനയും
6. വിത്തുണ്ടെങ്കിൽ പത്തായമുണ്ടാകും
7. രണ്ടുകൈയും കൂട്ടിയടിച്ചാലേ ഒച്ചയുണ്ടാകൂ.
8. മരത്തിന് വേര് ബലം, മനുഷ്യന് ബന്ധു ബലം

4. **പുതിയ ചൊല്ലുകൾ നിർമ്മിക്കുക.**

1. ചുവന്നതെല്ലാം തക്കാളിയല്ല.

2.

....

3.

....

4.

....

5.

....

5. **പുതിയ കടങ്കഥകളുണ്ടാക്കുക.**

കടങ്കഥ	ഉത്തരം
1.	മൊബൈൽ ഫോൺ
2.	ബസ്
3.	മിക്സി
4.	ടെലിവിഷൻ
5.	കുന്ന്/പുഴ

6. **കൃഷിയുമായി ബന്ധപ്പെട്ട എത്ര പഴഞ്ചൊല്ലുകൾ നിങ്ങൾക്കറിയാം?**

....

....

....

7. **ഉപ്പ് - ഉത്തരമായി വരുന്ന നാല് കടങ്കഥകൾ കണ്ടെത്തുക.**

....

....

....

....

8. **അരണ കടിച്ചാലുടനെ മരണം - ഈ പഴഞ്ചൊല്ലിലെ തത്വം ശരിയാണോ? അരണ ആരെയെങ്കിലും കടിക്കാറുണ്ടോ? ഇതുപോലുള്ള വേറെ പഴഞ്ചൊല്ല് കണ്ടെത്താനാവുമോ?**

9. **കാണം വിറ്റും ഓണമുണ്ണണം - പുതിയ കാലത്ത് ഈ ചൊല്ലിന് പ്രസക്തിയുണ്ടോ?**

10. **പഠിതാക്കളെയും വീട്ടുകാരെയും രണ്ട് സംഘമാക്കിയിരുത്തി കടങ്കഥാമത്സരം നടത്തുക.**

പാഠം 10

ആയിശുമ്മയും കമ്പ്യൂട്ടർ പഠിച്ചു

ആയിശുമ്മ അക്ഷയാസെന്ററിൽ പോയി കമ്പ്യൂട്ടർ പഠിച്ചു തുടങ്ങിയിട്ട് ഒരു മാസമായി. ഇപ്പോൾ ആയിശുമ്മയ്ക്ക് സ്വന്തം പേരും വിലാസവുമൊക്കെ കമ്പ്യൂട്ടറിൽ ഭംഗിയായി ടൈപ്പ് ചെയ്യാനറിയാം.

സാക്ഷരതാ ക്ലാസിലെ പാഠങ്ങളൊക്കെ ആയിശുമ്മ ടൈപ്പ് ചെയ്യും. ആയിശുമ്മയുടെ വാർഡിലെ 30 ആളുകൾ കമ്പ്യൂട്ടർ പഠിക്കുന്നുണ്ട്. പെട്ടിക്കട നടത്തുന്ന പോക്കര് കടയിൽ വിൽക്കുന്ന സാധനങ്ങളുടെ വിലവിവരം കമ്പ്യൂട്ടറിൽ അടിച്ച് കടയിൽ തൂക്കിയിട്ടിട്ടുണ്ട്.

കമ്പ്യൂട്ടറിൽ പാട്ടുകേൾക്കാനും സിനിമ കാണാനും ആയിശുമ്മയും കൂട്ടരും പഠിച്ചു കഴിഞ്ഞു. കഴിഞ്ഞ ദിവസം എല്ലാവരും കൂടി 'ചെമ്മീൻ' സിനിമയുടെ സി.ഡി. കമ്പ്യൂട്ടറിൽ ഇട്ട് കണ്ടു.

ഇപ്പോ ഇന്റർനെറ്റിലൂടെ വിവരങ്ങൾ മനസ്സിലാക്കാനും അക്ഷയാ സെന്ററിലെ മോഹനൻ മാഷ് അവരെ പഠിപ്പിച്ചിട്ടുണ്ട്. മീനിന്റേം സാധനങ്ങളുടെയും ഒക്കെ മാർക്കറ്റ് വില ഇന്റർനെറ്റിലുണ്ട്. സർക്കാരിൽ നിന്നു കിട്ടുന്ന ധനസഹായത്തിന്റെ വിവരങ്ങൾ ഇന്റർനെറ്റിലുണ്ട്.

മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും ഇന്റർനെറ്റുപയോഗിച്ച് പരാതി അയക്കാം. അക്ഷയാ സെന്ററിൽ പഠിക്കുന്ന സൈനബ ദുബായിലുള്ള ഭർത്താവിന് ഇ-മെയിൽ വഴി കത്തയയ്ക്കാൻ പഠിച്ചു.

സൈനബ ഒരു ദിവസം കമ്പ്യൂട്ടറിലൂടെ ഭർത്താവ് മുഹമ്മദ്കുട്ടിയുമായി സംസാരിക്കുകയും ചെയ്തു. പ്രധാനപ്പെട്ട പത്രങ്ങളും വാർത്തകളും ഇന്റർനെറ്റിലൂടെ വായിക്കാം.

ഇപ്പോൾ റെയിൽവേ ടിക്കറ്റും സിനിമാ ടിക്കറ്റുമൊക്കെ കമ്പ്യൂട്ടറിലൂടെ ബുക്കു ചെയ്യാം. കമ്പ്യൂട്ടർ നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു.

വീട്ടിലും ഓഫീസിലും ഫാക്ടറിയിലും കടകളിലുമൊക്കെ പലപല കാര്യങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു. വരുംകാലത്ത് എഴുത്തും വായനയും പോലെ എല്ലാവരും പഠിക്കേണ്ടുന്ന ഒന്നാണ് കമ്പ്യൂട്ടർ.

പ്രവർത്തനങ്ങൾ

1. **അക്ഷയാസെന്ററിലെ അദ്ധ്യാപകനെ ക്ലാസിലേക്ക് ക്ഷണിച്ച് കമ്പ്യൂട്ടറിന്റെ പ്രവർത്തനം പരിചയപ്പെടുക.**

2. **കമ്പ്യൂട്ടറിന്റെ താഴെപ്പറയുന്ന ഉപയോഗങ്ങൾ കണ്ടു പരിചയപ്പെടുക.**

    1. ടൈപ്പു ചെയ്യാൻ
    2. പാട്ടു കേൾക്കാൻ
    3. സിനിമ കാണാൻ
    4. ചിത്രം വരയ്ക്കാൻ
    5. പത്രം വായിക്കാൻ
    6. ഇ-മെയിൽ അയയ്ക്കാൻ
    7. ഫോൺ ചെയ്യാൻ

8. കണക്കു കൂട്ടാൻ

3. **ബാങ്ക്, റെയിൽവേ സ്റ്റേഷൻ, സ്റ്റേഷനറിക്കട, ആശുപത്രി എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് നേരിൽ കാണുക.**

4. **മൊബൈൽ ഫോണിന്റെ പ്രവർത്തനം പരിചയപ്പെടുത്തുക. സമയം കാണൽ, സന്ദേശമയയ്ക്കൽ, ന്യൂസ് അറിയൽ എന്നു തുടങ്ങിയവയെല്ലാം പരിചയപ്പെടുത്തുക.**

5. **ഇന്റർനെറ്റിന്റെ പ്രവർത്തനം പരിചയപ്പെടുത്തുക. പഠിതാക്കൾക്ക് പ്രയോജനപ്രദമായ ഏതാനും വെബ്സൈറ്റുകൾ നന്നായി കാണിച്ചുകൊടുക്കുക.**

6. **അപേക്ഷാഫോറങ്ങൾ ജറാ പ്രിന്റ് ഔട്ട് എടുക്കുന്ന വിധം കാണിച്ചു കൊടുക്കുക.**

7. **മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും ഇ-മെയിൽ വിലാസങ്ങളിൽ നിങ്ങളുടെ ക്ലാസിനെക്കുറിച്ച് ഓരോ കത്തുകൾ തയ്യാറാക്കി അയയ്ക്കൂ. (ഏറ്റവും നല്ല കത്തിന് സമ്മാനം!)**

8. **ഏതാനും സിനിമകൾ കമ്പ്യൂട്ടറിൽ ഇട്ടുകാണുക. കണ്ട സിനിമയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം 15 വാക്യത്തിൽ എഴുതുക.**

പഠിതാക്കൾക്ക് കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും മറ്റും പ്രവർത്തനം വിശദമായികാണാൻ അവസരമൊരുക്കുക.

9. **കമ്പ്യൂട്ടറിന്റെ താഴെപ്പറയുന്ന ഉപയോഗങ്ങൾ ചർച്ച ചെയ്യുക.**

1. ടൈപ്പു ചെയ്യാൻ
2. കത്തയയ്ക്കാൻ, ഇ-മെയിൽ
3. ഫോൺ ചെയ്യാൻ
4. സിനിമ കാണാൻ
5. പാട്ടു കേൾക്കാൻ
6. രോഗപരിശോധനയ്ക്ക്
7. ടിക്കറ്റ് ബുക്ക് ചെയ്യാൻ

പാഠം 11

ഒരച്ഛൻ മകൾക്കയച്ച കത്തുകൾ

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് അറിയാത്തവരാരുമില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ സമുന്നതനായ പോരാളിയും സ്വതന്ത്രഭാരതത്തിലെ ആദ്യത്തെ പ്രധാനമന്ത്രിയുമായിരുന്നു അദ്ദേഹം. നെഹ്റു ലോകപ്രശസ്തനായ ഒരെഴുത്തുകാരൻ കൂടിയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വളരെക്കാലം

ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്. ആ കാലത്ത് ജയിലിൽ വച്ച് തന്റെ പ്രിയപുത്രി ഇന്ദിരാപ്രിയദർശിനിക്ക് അയച്ച വിജ്ഞാനപ്രദമായ കത്തുകൾ പിന്നീട് 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്നെടുത്ത ഒരു കത്താണ് ഈ പാഠം.

പ്രിയപ്പെട്ട ഇന്ദിര,

പൂർവ്വകാല സംസ്ക്കാരങ്ങളെപ്പറ്റി ചിലതെല്ലാം നിന്നോടു പറയണമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അതിനുമുമ്പ് സംസ്ക്കാരമെന്നാൽ എന്താണെന്നുള്ളതിനെപ്പറ്റി ഒരു സാമാന്യബോധം ആദ്യമായി ഉണ്ടായിരിക്കണം. സംസ്കരിക്കുക എന്നതിന് നന്നാക്കിത്തീർക്കുക, ശുദ്ധിയാക്കുക, ദുശ്ശീലങ്ങളെ നീക്കി സൗശീലം സമ്പാദിക്കുക എന്നെല്ലാം അർത്ഥങ്ങൾ കാണാം. മനുഷ്യവർഗത്തെയോ ജനസംഘങ്ങളെയോ പറ്റി പ്രതിപാദിക്കുമ്പോഴാണ് 'സംസ്ക്കാരം' എന്നു വിശേഷിച്ചു പറയാറുള്ളത്. മനുഷ്യൻ മൃഗത്തിൽ നിന്ന് അധികം ഭേദപ്പെട്ടിട്ടില്ലാത്ത ആ കാടസ്വഭാവത്തിനാണ് 'സംസ്ക്കാരശൂന്യം' എന്നു പറയുന്നത്. സംസ്കാരം എന്നു പറയുന്നത് ഇതിനു വിപരീതമായ അവസ്ഥയാണ്. കാട സ്വഭാവത്തിൽ നിന്നും അകലുംതോറുമാണ് നാം അധികമധികം സംസ്ക്കാരമുള്ളവരായിത്തീരുന്നത്.

എന്നാൽ മനുഷ്യനോ ഒരു സമുദായമോ പരിഷ്ക്കരിച്ചിട്ടുണ്ടോ ഇല്ലയോ എന്നു നമുക്ക് എങ്ങനെ കണ്ടുപിടിക്കാം? യൂറോപ്പിലുള്ള അനവധി ജനങ്ങൾ തങ്ങൾ വളരെ സംസ്കൃതരാണെന്നും ഏഷ്യാക്കാർ വെറും കാടൻമാരാണെന്നും വിചാരിക്കുന്നു. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള ജനങ്ങളേക്കാൾ യൂറോപ്പിലുള്ളവർ കൂടുതൽ വസ്ത്രങ്ങൾ ധരിക്കുന്നതുകൊണ്ടാണോ അവർ ഇങ്ങനെ വിചാരിക്കുന്നത്? എന്നാൽ വസ്ത്രധാരണം ശീതോഷ്ണസ്ഥിതിയെ ആശ്രയിച്ചിരിക്കുന്ന ഒരു കാര്യമാണ്. ശൈത്യരാജ്യങ്ങളിലുള്ളവർ ഉഷ്ണരാജ്യങ്ങളിലുള്ളവരേക്കാൾ അധികം വസ്ത്രങ്ങൾ ധരിക്കുന്നു. അല്ലെങ്കിൽ, ആയുധമില്ലാത്ത ഒരുവനേക്കാൾ തോക്കു ധരിച്ചവനു ശക്തികൂടും എന്നുള്ളതിനാലാണോ അവൻ മറ്റവനേക്കാൾ അധികം സംസ്ക്കാരമുള്ളവനാണെന്നു പറയുന്നത്? ആയുധം ധരിച്ചിരിക്കുന്നവർ മറ്റവരേക്കാൾ പരിഷ്ക്കാരമുള്ളവരാണെങ്കിലും അല്ലെങ്കിലും, അവർ പരിഷ്കൃതരല്ലെന്നു, വെടികൊണ്ടേക്കുമോ എന്ന ഭയം കൊണ്ട് ബലഹീനൻമാർ പറയുവാനൊരുങ്ങാറില്ല.

കുറച്ചു കൊല്ലങ്ങൾക്കുമുമ്പാണ്, ഒരു മഹായുദ്ധം നടന്നത് എന്നു നിനക്കറിയാമല്ലോ. ലോകത്തിലുള്ള മിക്ക രാജ്യങ്ങളും ആ യുദ്ധത്തിൽ ഏർപ്പെടുകയും, ഓരോ പക്ഷക്കാരും, ശത്രുപക്ഷത്തിൽ കഴിയുന്നതും അധികം പേരെ കൊല്ലുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷുകാർ ജർമ്മൻകാരെ കൊല്ലുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷുകാർ ജർമ്മൻകാരെ കൊല്ലുവാൻ കഴിയുന്നതുപോലെയെല്ലാം

ഉത്സാഹിച്ചു. ജർമ്മൻകാർ ഇംഗ്ലീഷുകാരെയും കൊന്നു. ഈ യുദ്ധത്തിൽ അനേക ലക്ഷം ജനങ്ങൾ വധിക്കപ്പെട്ടു. അനേകായിരംപേർ എന്നെന്നേക്കും അംഗഹീനരാവുകയും ചെയ്തു. ചിലർക്ക് കണ്ണില്ലാതെയും ചിലർക്ക് കാലില്ലാതെയുമായി. ഇങ്ങനെ യുദ്ധത്തിൽ അംഗഭംഗം വന്ന അനേകം ആളുകളെ നീ ഫ്രാൻസിലും മറ്റു സ്ഥലങ്ങളിലും കണ്ടിട്ടുണ്ടാവും. പാരീസിൽ ഭൂമിയുടെ ഉള്ളിൽ കൂടി ഓടുന്ന മെട്രോ തീവണ്ടികളിൽ ഈ അംഗഹീനർക്ക് പ്രത്യേകം ഇരിപ്പിടങ്ങളുണ്ട്. ഇങ്ങനെ അന്യോന്യം കൊലചെയ്യുന്നത് സംസ്കാരവും ബുദ്ധിയുമുള്ള ജനങ്ങളുടെ പ്രവൃത്തിയായി നീ വിചാരിക്കുന്നുണ്ടോ? ഒരു വീഥിയിൽ വച്ച് രണ്ടുപേർ ശണ്ഠ കൂടിയാൽ പോലീസുകാരൻ വന്ന് അവരെ പിരിച്ചുവിടുന്നു. അവർ തീരെ വിവേകമില്ലാത്തവരാണെന്നു എല്ലാവരും പറയുകയും ചെയ്യുന്നു. എന്നാൽ വലിയ രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധം ചെയ്ത് ആയിരക്കണക്കിനും ലക്ഷക്കണക്കിനും ജനങ്ങളെ കൊന്നൊടുക്കുന്നത് ഇതിനേക്കാൾ എത്രയോ അധികം വിവേകശൂന്യവും ബുദ്ധിഹീനവുമല്ലേ? രണ്ടു കാടൻമാർ തമ്മിൽ കാട്ടിൽ വെച്ചു ശണ്ഠകൂടുന്നതിനു തുല്യം തന്നെയാണ് ഈ പ്രവൃത്തി. ഈ കാടരെ സംസ്കാര ശൂന്യരെന്നു പറയുന്ന സ്ഥിതിക്ക് ഈ വിധത്തിൽ പെരുമാറുന്ന രാജ്യക്കാർ എത്രയധികം സംസ്ക്കാരശൂന്യരാണ്!

അതുകൊണ്ട് ഈ വിഷയത്തെ ഈ വിധത്തിൽ ചിന്തിക്കുമ്പോൾ ആ മഹായുദ്ധത്തിൽ ഏർപ്പെട്ടു തമ്മിൽ പോർ ചെയ്ത് കൊല നടത്തിയ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, ഇറ്റലി മുതലായ രാജ്യക്കാർ ഒട്ടുംതന്നെ പരിഷ്കൃതരാണെന്നു പറഞ്ഞുകൂടാ. ഇങ്ങനെയാണെങ്കിലും ഈ രാജ്യങ്ങളിൽ അനവധി നല്ല വസ്തുക്കളും നല്ല മനുഷ്യരും ഉണ്ടെന്നു നമുക്കറിയാം.

ഈ സ്ഥിതിക്കു സംസ്കാരം എന്നു പറയുന്നത് എന്താണെന്നു മനസ്സിലാക്കുന്നത് അത്ര എളുപ്പമല്ലെന്നു നീ പറയും. അത് ശരിതന്നെയാണ്. അതു വളരെ വിഷമമായ ഒരു പ്രശ്നമാണ്. നല്ല കെട്ടിടങ്ങൾ, നല്ല ചിത്രങ്ങൾ, പുസ്തകങ്ങൾ എന്നു തുടങ്ങിയ എല്ലാ വിശിഷ്ടവസ്തുക്കളും സംസ്കാരത്തിന്റെ ലക്ഷണങ്ങൾ തന്നെയാണ്. എന്നാൽ സ്വാർത്ഥം കൂടാതെ സകലരുടെയും ഉൽകർഷത്തിൽ മറ്റുള്ളവരോട് യോജിച്ചു പ്രവൃത്തി ചെയ്യുന്ന ഒരു വിശിഷ്ടപുരുഷനാണ് ഒരു രാജ്യത്തിലെ സംസ്കാരത്തിന്റെ ഉത്തമലക്ഷണം. ഒറ്റയ്ക്കു പ്രവൃത്തിക്കുന്നതിനെക്കാൾ നല്ലത് മറ്റുള്ളവരോട് ചേർന്നു പ്രവൃത്തി ചെയ്യുന്നതാണ്. എന്നാൽ മറ്റുള്ളവരോട് ചേർന്ന് സകലരുടെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതാണ് ഏറ്റവും ഉൽക്കൃഷ്ടമായിട്ടുള്ളത്.

*(*സംസ്കാരം എന്നു വെച്ചാലെന്ത്? തർജമ : അമ്പാടി ഇക്കാവമ്മ, പ്രസിദ്ധീകരണം: മാതൃഭൂമി 2002)*

പ്രവർത്തനങ്ങൾ

1. **'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പുസ്തകം ക്ലാസിൽ പരിചയപ്പെടുത്തുക. ചില കത്തുകൾ വായിക്കുക.**

ഗാന്ധിജി, നെഹ്റു, ... തുടങ്ങിയ ദേശീയ നേതാക്കളെക്കുറിച്ചും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചും സംസാരിക്കുവാൻ പറ്റിയ അതിഥി അദ്ധ്യാപകരെ ക്ലാസിലേക്ക് ക്ഷണിക്കുക. അവരുമായി സംഭാഷണങ്ങൾ നടത്തുക. സ്വന്തമായി കുറിപ്പുകൾ തയ്യാറാക്കുക.

3. **സിന്ധുനദീതട സംസ്ക്കാരം, ഹാരപ്പൻ സംസ്ക്കാരം, ആര്യസംസ്ക്കാരം, ദ്രാവിഡ സംസ്ക്കാരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ചർച്ച ചെയ്യുക.**

4. **പുതിയ പദങ്ങൾ വായിക്കുക.**

വിശിഷ്ടപുരുഷൻ

വിവേകശൂന്യൻ

സാമാന്യബോധം

ഉൽക്കർഷം

അംഗഹീനർ

അംഗഭംഗം

വീഥി

ശണ്ഠ

ശീതോഷ്ണസ്ഥിതി

ബലഹീനർ

പരിഷ്കൃതർ

ശത്രുപക്ഷം

5. **നിഘണ്ടു നോക്കി അർത്ഥം കണ്ടെത്താം.**

നിഘണ്ടു പരിചയപ്പെടുത്തുക. മലയാളത്തിലെ അക്ഷരമാലാക്രമം അവതരിപ്പിക്കുക. പഠിതാക്കൾ പറയുന്ന പദങ്ങൾ നിഘണ്ടുവിൽ കാണിച്ചുകൊടുക്കുക. തുടർന്നു പാഠഭാഗത്തിലെ പുതിയ പദങ്ങൾക്ക് പഠിതാക്കൾതന്നെ നിഘണ്ടുവിൽ അർത്ഥം കണ്ടെത്തട്ടെ.

6. **'സംസ്കരിക്കുക' എന്നതിന് എന്തെല്ലാം അർത്ഥങ്ങളുണ്ടെന്ന് പാഠഭാഗം വായിച്ച് കണ്ടെത്തി എഴുതുക.**

7. യുദ്ധം, ജനങ്ങൾ എന്നിവ ചേർന്നു വരുന്ന എത്ര വാക്യങ്ങൾ എഴുതാം.

8. താഴെ കൊടുത്ത അക്ഷരങ്ങൾ വരുന്ന അഞ്ചു പദങ്ങൾ വീതം എഴുതുക.

ദ്ധ

....

ഷ

....

ഥ

....

ധ

....

9. ഈ പാഠഭാഗത്തിലെ പ്രധാനാശയങ്ങൾ ലഭിക്കുവാനുതകുന്ന 5 ചോദ്യങ്ങൾ തയ്യാറാക്കുക.

പാഠം 12

മരപ്പാവകൾ

മുറ്റത്തു ചെന്നുനിന്ന എന്യുമറേറ്റർ '312 ആശാരിപ്പറമ്പിൽ' എന്നു തന്നോടു തന്നെ പറഞ്ഞിട്ട് ഉച്ചത്തിൽ ചോദിച്ചു. "ഇവിടെ ആരുമില്ലേ?"

ഓല കുത്തിമറച്ചുണ്ടാക്കിയ മുറിയിൽ നിന്ന് ഒരു സ്ത്രീ തിണ്ണയിലേക്കിറങ്ങി വന്നു.

'ഉമ്മിണിയെന്നാണോ പേര്? കൈയിലിരിക്കുന്ന കടലാസിൽ നോക്കിക്കൊണ്ട് ആഗതൻ ചോദിച്ചു.

യുവതിയുടെ സ്വതേ വിടർന്ന കണ്ണുകൾ കുറേക്കൂടി വികസിച്ചു. കേസോ പോലീസോ വല്ലതുമായിരിക്കും എന്ന് അവൾ പരിഭ്രമിച്ചു.

'ജനസംഖ്യയെടുക്കുകാ. ഇവിടെ ആരൊക്കെയുണ്ട്?'

'ഇപ്പോൾ ഞാൻ മാത്രമേ ഉള്ളൂ. അമ്മ ഇപ്പഴങ്ങു പോയേയുള്ളൂ. തോട്ടിന്റെ കരേൽ തഴചെത്താൻ പോയതാ. ആങ്ങളച്ചെറുക്കൻ പണിയാൻ പോയേക്കുവാ.'

'ഉമ്മിണീന്നു പേരുള്ളത്?'

'അമ്മേടെ പേരാ.'

'ശരി, ഉമ്മിണി ആണോ പെണ്ണോ?'

അവളൊന്നു ചിരിച്ചു. പരിഹാസച്ചിരി. എന്നാലും അഴകുള്ള ചിരി.

'അമ്മയും ഞാനും പെണ്ണുങ്ങളാ. ആങ്ങള ആണും.'

'അച്ഛനില്ലേ?'

'മരിച്ചു പോയി.'

'അപ്പോൾ ഉമ്മിണി വിധവയാണല്ലേ?'

'ഇപ്പോൾ വിധവയാ.'

എന്നിട്ട് അവൾ പറഞ്ഞു. 'ജനസംഖ്യയെടുക്കുമ്പോൾ കൊട നിവർത്തു പിടിക്കരു തായിരിക്കും. ഈ തീ പോലുള്ള വെയിലത്തു നിന്നു ജനസംഖ്യ എടുത്താൽ ആളിന്റെ എണ്ണം കുറഞ്ഞു പോകും. ഈ ബഞ്ചേലേക്കു കയറിയിരിക്കാവല്ലോ.

ചാണകം മെഴുകി വെടിപ്പും മിനുപ്പും വരുത്തിയിട്ടുള്ള ആ നീളം കുറഞ്ഞ വരാന്ത യിൽ കയറി ആഗതൻ ഒരു ബഞ്ചിലിരുന്നു.

ഉമ്മിണിയുടെ വിവരങ്ങളൊക്കെ ചോദിച്ചറിഞ്ഞു രേഖപ്പെടുത്തി.

'നിങ്ങളുടെ പേര്?'

'എന്റെ പേര് നളിനി'

ഇതു പറഞ്ഞപ്പോൾ അവൾ അല്പം ലജ്ജ ഭാവിച്ചു.

'വയസ്?'

'കണ്ടിട്ടെന്തു തോന്നുന്നു?'

'എനിക്കൊന്നും തോന്നിയില്ല.'

അവളൊന്നു മന്ദഹസിച്ചു.

‘ഇരുപത്തിമൂന്ന്’

‘വിവാഹം കഴിഞ്ഞതാണോ?’

‘ഉം...’

‘ഇപ്പോൾ ഭർത്താവുണ്ടോ?’

അവളല്പം പരുങ്ങി.

‘ഇപ്പോളിവിടെയില്ല - പതിമ്മൂന്നാംമൈലിൽ ജനസംഖ്യ എടുത്തോ?’

‘അതിനാളു വേറെയാ. ഭർത്താവുണ്ട് അല്ലേ?’

‘ഒണ്ടെന്നോ ഇല്ലെന്നോ എഴുതിക്കോളൂ.’

അവൾ അവഗണനാ ഭാവത്തിൽ പറഞ്ഞു.

‘ഉണ്ടെന്നെഴുതിയാലും ഇല്ലെന്നെഴുതിയാലും അർത്ഥം ഒന്നല്ലല്ലോ?’

‘എന്നാൽ ഒണ്ടെന്ന് തെളിയാതെ എഴുതിക്കോളൂ.’

‘കല്യാണം പറഞ്ഞു വച്ചിട്ടേ ഒള്ളായിരിക്കും. അല്ലേ? എന്നാൽ വിവാഹിത എന്നല്ല എഴുതേണ്ടത്. അവിവാഹിത.’

‘അതല്ല, വിവാഹം കഴിഞ്ഞു.’

അവൾ തലയുടെ പുറകുവശം ചൊറിയുകയും അതോടെ നീണ്ടതും എണ്ണമയമില്ലാത്തതിനാൽ മുഷിഞ്ഞതുമായ മുടി അഴിഞ്ഞഴിഞ്ഞു വീഴുകയും അത് അവളുടെ സുന്ദരരൂപത്തിന് ഒരു ഭംഗിയുള്ള പശ്ചാത്തലമായി ഭവിക്കുകയും ചെയ്തു.

‘ഭർത്താവ് -?’

‘ഭർത്താവൊണ്ട്. ഭർത്താവില്ലതാനും.’

‘ഉപേക്ഷിച്ചു. അല്ലേ? അപ്പോൾ വിഭർത്തൃക!’

‘ ആ വാക്കു കേട്ടിട്ടെഴുതാമെന്നു തോന്നുന്നു. ഒന്നൂടെ കേക്കട്ടെ. വിദർഭ.’

അതുപോലെ ഒരു കുഴഞ്ഞ കേസാ ഇതും. പക്ഷേ ഉപേക്ഷിച്ചതല്ല. ഉപേക്ഷിച്ചെങ്കിൽ പിന്നെയെന്തിനാ ആഴ്ചതോറും അയാളു ദൂതാളിനെ പറഞ്ഞു വിടുന്നത്?’

‘നിങ്ങളുപേക്ഷിച്ചതായിരിക്കും?’

‘ഞാനാദ്യം അപേക്ഷിക്കാനും പോയില്ല. പിന്നെ ഉപേക്ഷിക്കാനും പോയില്ല. എന്താ വേണ്ടതെന്നാലങ്ങനെ എഴുതിക്കോ. നിങ്ങൾക്കല്ലേ ഒക്കെ അറിയാവുന്നെ?

‘എനിക്കു നിങ്ങടെ ഭർത്താവിന്റെ കാര്യമൊന്നും അറിയാൻ വയ്യ. നിങ്ങളു പറയുന്ന തെഴുതാം. ഭർത്താവുണ്ടെന്ന്.’

‘അതാ നല്ലത്.’

‘നല്ലതും ചീത്തയും എഴുതാനുള്ള പുസ്തകമല്ലിത്. നെരെഴുതാനുള്ളതതാ.’

‘ഞാൻ പറഞ്ഞതാ നേര്. എന്നു പറഞ്ഞിട്ട് അവൾ തലമുടി പുറകുവശത്തു കെട്ടിവച്ചു. അനാവശ്യമായി ആ പ്രവൃത്തി അയാൾ നോക്കിക്കണ്ടു.’

‘പ്രസവിച്ചതാണോ?’

‘ആണും പ്രസവിച്ചില്ല, പെണ്ണും പ്രസവിച്ചില്ല.’

‘ഛിദ്രമുണ്ടായിട്ടുണ്ടോ?’

‘ഒണ്ടായിട്ടൊണ്ടോന്ന്! അവിടെച്ചെന്ന് ആറുമാസം തികയുന്നതിനു മുമ്പേ തുടങ്ങിയതല്ലേ ഛിദ്രം! ഒരു ദിവസമല്ലേലൊരു ദിവസം ഛിദ്രമില്ലാതെ കഴിഞ്ഞിട്ടില്ല.’

‘ദിവസവും ഛിദ്രമേ?’

‘അതല്ലേ ഞാനിങ്ങു പോന്നത്?’

‘എന്താണിപ്പറയുന്നത്? ഗർഭച്ഛിദ്രം! എന്നുവെച്ചാൽ അലസുകളുണ്ടായിട്ടുണ്ടോന്ന്?’

‘എന്തെല്ലാം പോക്കണംകേടുകളാ ചോദിക്കുന്നേ? ആങ്ങളച്ചെറുക്കനിവിടെയില്ലാത്തതു നന്നായി.’

അയാൾ അല്പം ചൊടിച്ചു. ‘ആങ്ങളച്ചെറുക്കനുണ്ടെങ്കില്? ഇതു സർക്കാരു കാര്യമാ. ആങ്ങളച്ചെറുക്കൻ പോയിട്ട് വെല്യമ്മാവനുണ്ടെങ്കിലും ചോദിക്കേണ്ടത് ചോദിക്കും. നേരൊക്കെ പറയുകേം വേണം. പറഞ്ഞില്ലെങ്കിൽ അത് കുറ്റമാണ്. പറയുന്നതൊക്കെ രഹസ്യമായി സൂക്ഷിക്കും.’

‘വല്യ ഉഷ്ണം തോന്നുന്നെങ്കിൽ ഇതുകൊണ്ടു വീശിക്കൊള്ളൂ. എന്നു പറഞ്ഞ് നളിനി ഒരു വീശുപാളയെടുത്ത് ആ ബഞ്ചിന്റെ അറ്റത്തു വച്ചു കൊടുത്തു. ആങ്ങളച്ചെറുക്കൻ കേൾക്കെ ഇതൊക്കെ ചോദിച്ചാൽ എനിക്കു നാണം വരുമെന്നാ പറഞ്ഞത്.

‘എന്നിട്ട്, പറയൂ.’

‘ഇല്ല.’

‘എന്തോന്നില്ല? പറയുകേല്ലെന്നോ?’

‘അല്ലല്ല, മുമ്പേ ചോദിച്ചില്ലേ ഛിദ്രം? അതില്ല.’

'നിങ്ങൾക്കു മാസം എന്തു വരവൊണ്ട്?'

'ആങ്ങളയ്ക്കു മൂന്നുരൂപാ തച്ചാ–'

'ആങ്ങളയുടെ തച്ചല്ല. നിങ്ങളെ –'

'ഞാൻ പണിക്കു പോകാറില്ല.'

'അപ്പോൾ വരവൊന്നുമില്ല. ആശ്രയിച്ചു കഴീന്നയാൾ'

'ഞാനോ? ഇതാരു പറഞ്ഞു? ആ വള്ളക്കടവിലെ കാത്ത പറഞ്ഞതായിരിക്കും. അവടെ കാര്യം എനിക്കും പറയാനൊണ്ട്.'

അയാൾ രസിച്ചൊന്നു ചിരിച്ചു.

'കാത്തയോ? എന്തുപറഞ്ഞെന്ന്? ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടില്ല. ഒരാൾക്കു വരവില്ലെങ്കിൽ മറ്റൊരാളുടെ വരവുകൊണ്ടുവേണം ജീവിക്കാൻ. നിങ്ങൾക്കു വരവില്ല. ഉണ്ണാനും ഉടുക്കാനും മറ്റും കാശു ചെലവുണ്ട്. അത് തരുന്നയാളിനെ, അമ്മയെയോ ആങ്ങളയെയോ ആശ്രയിച്ചാണു നിങ്ങൾ ജീവിക്കുന്നത്. നേരല്ലേ?'

'കച്ചേരീലെ ചോദ്യം പോലെയാണല്ലോ ഇത്?'

'കച്ചേരീൽ നിങ്ങളോടു ചോദിച്ചിട്ടുണ്ടോ?'

'അതിനും ആ ദ്രോഹി ഇടവരുത്തി.'

'ഭർത്താവ്, അല്ലേ?'

'അവനാ ഭർത്താവ്? ഭർത്താവില്ലെന്നങ്ങെഴുതിയേക്കൂ. അതിനു ഞാൻ വേണേൽ വല്ലതും തരാം പൊന്നേ!'

'അതിരിക്കട്ടെ, നിങ്ങൾക്കു വരവൊന്നുമില്ലല്ലോ?'

'വരവൊണ്ട്. ഞാനാരേം ആശ്രയിക്കുന്നില്ല. മാസം പതിനഞ്ചു രൂപയെങ്കിലും വരവൊണ്ട്.'

'ശരി, എന്താ തൊഴിൽ?'

'എന്തെല്ലാം അറിയണം, ഈ സർക്കാരിന്? തൊഴില് ഒന്നല്ല. പലതാ.'

'അതൊക്കെ പറഞ്ഞോളൂ. എഴുതാൻ കടലാസിൽ സ്ഥലമുണ്ട്.'

'ഞാനാ ഈ വീട്ടിൽ കഞ്ഞിവയ്ക്കുന്നത്. ഈ തിണ്ണ മെഴുകിയതു ഞാനാ.'

'മെഴുകിയതു നന്നായിട്ടുണ്ട്. കണ്ണാടിപോലെ മിന്നുന്നുണ്ടല്ലോ.'

'എന്റെ കവിളു കണ്ണാടിപോലെ മിന്നുന്നെന്ന് എന്റെ പണിക്കൻ, ഹാ എന്റെ ആരുമല്ല – അയാൾ പറയുമായിരുന്നു. അപ്പോൾ എന്റെ ഈ തിണ്ണ എന്റെ കവിളു പോലെയായിരിക്കും.' അവൾ ഫലിതം പറഞ്ഞ മട്ടിൽ ചിരിച്ചു.

അയാളും ചിരിച്ചു.

അയൽ വീട്ടിലെ ഒരു പെണ്ണ് മുറ്റത്തു വന്ന് എന്യൂമറേറ്ററുടെ മുഖത്ത് കണ്ണും തറപ്പിച്ചു നിലയായി.

'പെണ്ണിന് വയസ് പത്തു കഴിഞ്ഞതേയുള്ളൂ. നോട്ടം കണ്ടില്ലേ? രണ്ടു കൊല്ലം കഴിഞ്ഞാൽ ആ വഴിക്ക് ആളുകളെ നടത്തുകേല.'

പെണ്ണിനു കോപം വന്നു. 'ഞാനൊന്നു നോക്കിയെന്നു വെച്ച് പണിക്കത്തിക്കു വല്ല നഷ്ടോം വന്നോ? ഞാനെന്റെയപ്പാ പോകുകാണേ,' എന്നു പറഞ്ഞിട്ട് അവൾ വന്ന വഴി തിരിച്ചുപോയി. പോകുന്ന പോക്കിൽ അവൾ എന്തോ പിറുപിറുത്തുകൊണ്ടിരുന്നു.

നളിനി പറഞ്ഞു. 'അവൾക്ക് ശുണ്ഠി വരണം. ആരുടെയെങ്കിലും തലവെട്ടം കണ്ടാൽ മതി എവിടുന്നെന്നറിയാൻമേല, പെണ്ണു മുറ്റത്തുണ്ട്.'

എന്യുമറേറ്റർക്ക് അവിടെയിരിക്കാൻ പേടിയായിത്തുടങ്ങി.

'എന്നിട്ട് – തൊഴിൽ പറഞ്ഞില്ല.'

'ആദായം കിട്ടുന്ന തൊഴിലാണറിയേണ്ടത്.'

'ആദായം കിട്ടുന്ന തൊഴിലില്ലെങ്കിൽ നിങ്ങളു വല്ലതും തരുമോ?'

'തരുമോന്നു ചോദിച്ചാൽ.......അയാൾക്ക് മുഴുവനാക്കാൻ മടി തോന്നി.'

'ചോദിച്ചാൽ തരുമായിരിക്കും. അല്ലേ?'

അയാൾ ചുറ്റുപാടും നോക്കി.

അവൾ പറഞ്ഞു. 'വീട്ടിൽ വല്ലോരും വന്നാലൊരു മര്യാദ വേണമല്ലോ.'

അയാൾ പെട്ടെന്നു പറഞ്ഞു. 'ഞാൻ മര്യാദകേടു വല്ലതും പറഞ്ഞോ?'

'പറഞ്ഞില്ല. ഞാൻ മര്യാദ കാണിച്ചില്ല. മുറുക്കുമെന്നു തോന്നുന്നല്ലോ?

എന്നു പറഞ്ഞു അവൾ മുറിക്കകത്തേക്കു കയറി തപ്പിപ്പെറുക്കുന്ന ശബ്ദം അയാൾ ശ്രദ്ധിച്ചു.

അല്പം കഴിഞ്ഞ് അവൾ മുറുക്കാൻ കൊണ്ടു വന്നു. അയാൾ മുറുക്കിൽ ഏർപ്പെട്ടു. അവൾ വീണ്ടും മുറിക്കകത്തു പോയി, മൂന്നു മരപ്പാവകൾ കൊണ്ടു വന്നു. എന്നിട്ട് പറഞ്ഞു.

'എന്റെ തൊഴിലിതാണ്. ഇതിലൊന്നുണ്ടാക്കാൻ എനിക്ക് ഒരു ദിവസം മതി.'

അയാൾ പാവ വാങ്ങി നോക്കി. ഒരു ചാൺ നീളത്തിലുണ്ടാക്കിയ സ്ത്രീരൂപങ്ങൾ.

എല്ലാം നന്നായിരിക്കുന്നു. തിളങ്ങുന്ന ചായപ്പണി ചെയ്തത്. കൊഴുത്തു മിനുത്തത്. ഭംഗിയുള്ള അവയവങ്ങൾ. ഉയർന്ന മാറിടം. തടിച്ച ജഘനം, കൃശമായ മദ്ധ്യം, അക്ഷാമമായ ചികുരഭാരം, ആകർഷകമായ മന്ദസ്മേരം, ആകപ്പാടെ മാദകമായ സുന്ദരശില്പങ്ങൾ. അയാൾ കണ്ണിമയ്ക്കാതെ നോക്കിയിരുന്നു.

(കാരൂർ നീലകണ്ഠപിള്ള)

പ്രവർത്തനങ്ങൾ

1. **കഥ വായിച്ചില്ലേ? ഇതിലെ കഥാപാത്രങ്ങൾ ആരെല്ലാം? അവരുടെ പേരെഴുതുക.**
2. **ഏത് കഥാപാത്രത്തെയാണ് നിങ്ങളേറ്റവും ഇഷ്ടപ്പെട്ടത്? എന്തുകൊണ്ട്?**
3. **അമ്മയും ഞാനും പെണ്ണുങ്ങളാ. ആങ്ങള ആണും.**

   ഈ തീ പോലുള്ള വെയിലത്തു നിന്ന് ജനസംഖ്യയെടുത്താൽ ആളിന്റെ എണ്ണം കുറഞ്ഞുപോകും.

   ഈ കഥയിൽ ഇതുപോലുള്ള രസകരമായ സംഭാഷണങ്ങൾ ഇനിയുമുണ്ട്. കണ്ടെത്തി എഴുതാമോ?
4. **ഇതുപോലുള്ള ഏതെങ്കിലും സംഭവം നിങ്ങളുടെ ജീവിതത്തിലുണ്ടായിട്ടുണ്ടോ?**
5. **ഈ കഥയിലെ പ്രയോഗവിശേഷങ്ങൾ കണ്ടെത്തി എഴുതുക.**
6. **ഈ കഥ നിങ്ങൾക്ക് നല്കിയ സന്ദേശമെന്ത്?**
7. **ഇതുപോലുള്ള വേറെ കഥകൾ നിങ്ങൾ കേട്ടിട്ടുണ്ടോ? അടുത്തുള്ള വായനശാലയിൽ നിന്നും അത്തരം കഥകളെടുത്ത് കൂട്ടായി വായിക്കുക.**
8. **മലയാളത്തിലെ നിങ്ങൾക്കറിയാവുന്ന കഥാകൃത്തുക്കളുടെ പേരെഴുതി നോക്കുക.**
9. **ഈ കഥയിലെ രണ്ട് കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം അഭിനയിച്ച് (റോൾപ്ലേ) അവതരിപ്പിക്കാമോ?**

English

CONTENTS

Unit One

The Family	69
The Vegetable Market	70
At the Textile Shop	71
A Gift	72
New Sari	73
An Accident	74
Kudumbasree	75
Inauguration	76
Social Worker	77
Speech	78
An Award	79

Unit Two

A Happy Farmer	80
Sad News	81
With The Doctor	82
An Advice	83
A Helping Hand	84
Land Tax	85
Keep It Safe	86
Love	87
As You Sow, So You Reap	88

Unit Three

Prayer	89
Waiting For Uppa	90
At School	91
Roaring Sea	92
God's Gift	93
New Text Book	94

Unit One

THE FAMILY

This is Radha.
This is Harikrishnan.
They are husband and wife.
They are happy.

Unit One

THE VEGETABLE MARKET

Harikrishnan	:	Shall we buy tomatoes ?
Radha	:	Yes.
Harikrishnan	:	How much?
Radha	:	Half a Kilogram
Shopkeeper	:	Anything else ?
Radha	:	What's the price of green chillies?
Shopkeeper	:	Sixty rupees per kilogram.
Radha	:	We don't need it.

Unit One

AT THE TEXTILE SHOP

'I like that red one.'
'It is cotton, sir.'
'How much is it?'
'Three hundred rupees.'
'Pack it up.'

Unit One

A GIFT

'Did you like it?'
'Yes, very much'.'
'It suits you well.'
'It is your selection.'

Unit One

NEW SARI

How nice!
The sari is red.
It is a cotton sari.
The design is very nice.
My husband bought this.
How nice he is!

Unit One

AN ACCIDENT

'What happened?'
'A bus accident!'
'Where?'
'At Kottayam!'
'Oh... sorry!'

Unit One

KUDUMBASREE

'We should start a Kudumbasree unit.'
'No teacher, I am not interested.'
'Forget your sorrows... I will help you.'

Unit One

INAUGURATION

Inauguration of Kudumbasree unit.
Devaki teacher is speaking.
Panchayath President is the chief guest.

Unit One

SOCIAL WORKER

Plastic is dangerous.
We have to protect our earth.
'Where shall we dispose these plastic covers?'

Unit One

SPEECH

This is a paper bag.
It is nature friendly.
Kudumbasree unit makes these bags.
You can carry books in this bag.
Don't use plastic bags.

Unit One

AN AWARD

Radha got an award for best Kudumbasree worker. Minister congratulated her.

Unit Two

A HAPPY FARMER

This is Kumaran.

He is a farmer.

Unit Two

SAD NEWS

'Kumaran, your wife is ill.'

'What happened to her?'

'She fell down.'

'My God!'

Unit Two

WITH THE DOCTOR



'She needs an operation.'
'My God!'
'Don't worry. It is a minor operation.'

Unit Two

AN ADVICE

‘I need five thousand rupees for her operation,’ Kumaran said.
‘How shall we make money?’ Moideen asked.
‘Go to a bank. They will give you a loan.’ Joseph said

Unit Two

A HELPING HAND

'Can I get a loan?'
'Fill in the application form.'
'Where can I get it from?'
'It is with the manager.'
'Okay, thank you.'
'Welcome!'

Unit Two

LAND TAX



The village office is far away.
'I want to remit the land tax.'
'I want a certificate from the village officer.'
'Will I get it?'

Unit Two

KEEP IT SAFE

'Keep the money safe' Moideen said.
'Better we take an autorickshaw.' Kumaran said.
'Auto, Auto', Moideen called out.
The Autorickshaw came near.
They got in.

Unit Two

LOVE



'Are you all right, my dear?'

'Yes, I am. How shall we repay the loan?'

'We will work hard and make money'.

Kumaran looked at his wife. Sarada saw a ray of love in his eyes.

Unit Two

AS YOU SOW, SO YOU REAP

"This is our field
Our pretty field
We sowed seeds
And we will reap it now."

Unit Three

PRAYER

'Uppa, have a nice catch.'
'Yes dear... pray for it.'
'Yes Uppa, I'll pray for it.'

Unit Three

WAITING FOR UPPA

'Umma, What's for breakfast?' Zaina asked.
'Nothing dear…, Let uppa come back. We will buy things.' Nabeesa said.

Unit Three

AT SCHOOL

'Where is your note book?'
'I don't have it.'
'Why didn't you buy it?'

Unit Three

ROARING SEA

'Uppa, come back…'
'Don't worry molu, He will come back.
Pray to God. Ya Allah!'

Unit Three

GOD'S GIFT

'Ho, it is a good catch.'
'How much will it weigh?'
'Who knows? It's God's Gift.

Unit Three

NEW TEXT BOOK



It's my book,
My own book.
My father bought it.
I will read it today.

നമ്മളും നമുക്കുചുറ്റും

ഉള്ളടക്കം

അദ്ധ്യായം 1 : നമ്മുടെ പ്രാഥമിക ആവശ്യങ്ങൾ 97

അദ്ധ്യായം 2 : വികസനമെന്നാൽ...... 102

അദ്ധ്യായം 3 : നേർപകുതിയുടെ നേരുകൾ 107

അദ്ധ്യായം 4 : അധികാരം ജനങ്ങളിലേക്ക് 112

അദ്ധ്യായം 5 : അധികാരം ജനങ്ങളിലേക്ക്-2 117

അദ്ധ്യായം 6 : ഞാൻ പേന ഞങ്ങൾ പേനകൾ 122

അദ്ധ്യായം 7 : എന്റെ നാട് 125

അദ്ധ്യായം 8 : നമ്മുടെ കേരളം 132

അദ്ധ്യായം 9 : ഊർജ്ജമാണഖിലസാരമൂഴിയിൽ 137

അദ്ധ്യായം 10 : സസ്യലോകം 142

അദ്ധ്യായം 11 : ജന്തുലോകം 146

അദ്ധ്യായം 12 : സൂക്ഷ്മ ജീവികൾ 149

അദ്ധ്യായം 13 : നമ്മുടെ നിയമങ്ങൾ 154

അദ്ധ്യായം 14 : വിഭവങ്ങൾ 158

അദ്ധ്യായം 15 : മനുഷ്യനും പ്രപഞ്ചവും 162

അദ്ധ്യായം 16 : ശാലിനിയുടെ മുത്തശ്ശി 166

അധ്യായം 1

നമ്മുടെ പ്രാഥമിക ആവശ്യങ്ങൾ



എല്ലാ ജീവജാതികൾക്കും ഭക്ഷണം, വായു, വെള്ളം മുതലായവ അത്യാവശ്യമാണ്. ഇവയില്ലാതെ ഒരു ജീവിക്കും നിലനില്പില്ല. മനുഷ്യർക്കും ഇവ കൂടിയേ തീരൂ.

എന്നാൽ മനുഷ്യർക്ക് ഇവയെ കൂടാതെ പലതും വേണം. വീട് വസ്ത്രം, വിനോദം, വിശ്രമം എന്നിവ. വിദ്യാഭ്യാസവും വേണം.

വൃത്തിയുള്ള പരിസരവും സ്വസ്ഥതയുള്ള ജീവിതസാഹചര്യവുമുണ്ടാവണം. സമാധ ധാനം വേണം. നമുക്ക് സ്നേഹിക്കാനും നമ്മെ സ്നേഹിക്കാനും കൂട്ടാളികൾ വേണം. നമുക്കാർക്കെങ്കിലും ഒറ്റയ്ക്കു ജീവിക്കാൻ കഴിയുമോ? സമൂഹത്തിന്റെ ഭാഗമായി, കൂട്ടായി മാത്രമേ നമുക്കു നിലനിൽപ്പുള്ളൂ. സമൂഹത്തിന്റെ നിലനില്പിന് നിയമ ങ്ങളും നിയന്ത്രണങ്ങളും ഉണ്ടാകണം.

അതുപോലെ തന്നെ എല്ലാവർക്കും വളരാനും വികസിക്കാനും സ്വാതന്ത്ര്യത്തോടെ ജീവിക്കാനുമുള്ള സാഹചര്യങ്ങളും ഉണ്ടാകണം.

എന്തൊക്കെയാണ് നമ്മുടെ പ്രധാനപ്പെട്ട ആവശ്യങ്ങൾ?

ഏറ്റവുമാദ്യം ഭക്ഷണം തന്നെ.

മനുഷ്യന്റെ ഏറ്റവും വലിയ വേദനയാണ് വിശപ്പ്. ഭക്ഷണം നമുക്കു പ്രവൃത്തി ചെയ്യാനും വളരാനും ഉള്ള ഊർജ്ജം നൽകുന്നു. ശരീരത്തിനുവേണ്ട പോഷകാംശങ്ങൾ ലഭിക്കുന്നത് ഭക്ഷണത്തിലൂടെയാണ്. പക്ഷേ, എല്ലാവർക്കും ആവശ്യമായ തോതിൽ ഭക്ഷണം ലഭിക്കുന്നുണ്ടോ? നമ്മുടെ നാട്ടിലെ പൊതുവിതരണസമ്പ്രദായം ഫലപ്രദമാണോ? നമ്മുടെ നാട്ടിൽതന്നെ ലഭിക്കുന്നതും വലിയ വില കൊടുക്കേണ്ടാത്തതും ആയ നല്ല ആഹാരസാധനങ്ങൾ ഏതൊക്കെയാണ്? ഇതെല്ലാം നാം ആലോചിക്കേണ്ടേ?

അരി, ഗോതമ്പ്, മരിച്ചീനി തുടങ്ങിയവ നമുക്ക് ഊർജ്ജം നൽകുന്നു. പയറും പരിപ്പും, മീനും, ഇറച്ചിയും നമുക്കുവേണ്ട പ്രോട്ടീനും കൊഴുപ്പും നൽകുന്നു. മുരിങ്ങയില, ചീരയില, ചേമ്പുതാള്, ചേനത്തണ്ട്, വാഴക്കൂമ്പ് തുടങ്ങിയവ വലിയ വില കൊടുക്കാതെ നമുക്ക് കിട്ടുന്ന നല്ല ഭക്ഷ്യപദാർത്ഥങ്ങളാണ്. ഇവയിൽ വിറ്റാമിനുകളുണ്ട്.

ചക്കയും മാങ്ങയും, പഴങ്ങളും നമ്മുടെ നാട്ടിൽ ധാരാളമായുണ്ട്. ചേമ്പും ചേനയും കാച്ചിലും നമ്മുടെ നാട്ടിൽ തന്നെയുള്ള നല്ല വിഭവങ്ങളാണ്. വലിയ വില കൊടുത്തു വാങ്ങുന്ന കൃത്രിമ ഭക്ഷണ സാധനങ്ങളേക്കാൾ ഗുണം നാടൻ ഭക്ഷണസാധനങ്ങൾക്കാണ്.

വസ്ത്രം

ചൂടിൽ നിന്നും തണുപ്പിൽ നിന്നും രക്ഷ കിട്ടുന്നതിനു വേണ്ടിയാണ് വസ്ത്രം ഉപയോഗിച്ചു തുടങ്ങിയത്. നഗ്നത മറയ്ക്കാനും വസ്ത്രങ്ങൾ സഹായിക്കുന്നു. എന്നാൽ ഇന്ന് വസ്ത്രം ആഡംബരത്തിന്റെയും പദവിയുടെയും അടയാളമായി മാറിയിരിക്കുന്നു. ഓരോ ദേശക്കാരും അവരുടെ കാലാവസ്ഥകൾക്കനുസരിച്ച വസ്ത്രമാണ് ധരിക്കുന്നത്. നമ്മുടെ കാലാവസ്ഥയ്ക്ക് പറ്റുന്ന ലളിതമായ വസ്ത്രമല്ലേ നാം ധരിക്കേണ്ടത്? നമ്മുടെ നാട്ടിലുള്ളവർക്കെല്ലാം ആവശ്യത്തിന് വസ്ത്രമുണ്ടോ?

വിശ്രമം

8 മണിക്കൂർ അദ്ധ്വാനം

8 മണിക്കൂർ വിശ്രമം

8 മണിക്കൂർ വിനോദം എന്നു കേട്ടിട്ടുണ്ടോ?

നിങ്ങളുടെ വീട്ടിൽ ഓരോരുത്തർക്കും എത്ര മണിക്കൂർ വീതം അദ്ധ്വാനിക്കേണ്ടിവരുന്നു? എത്ര മണിക്കൂർ വിശ്രമം ലഭിക്കുന്നു. ജോലി ചെയ്യാനുള്ള ശേഷി ലഭിക്കുന്നതും വിശ്രമത്തിലൂടെയാണ്. എന്തുകൊണ്ടാണ് എല്ലാവർക്കും ആവശ്യമായത്ര വിശ്രമം ലഭിക്കാത്തത്?

വീട്

മനുഷ്യന്റെ താമസസ്ഥലമാണ് വീട്. ഒരു കുടുംബത്തിന് ഒരു വീട് ആവശ്യം തന്നെ. കാലാവസ്ഥയിൽ നിന്ന് സംരക്ഷണം നൽകുന്നതും സുരക്ഷാബോധം ഉണ്ടാക്കുന്നതും വീടാണ്. നമ്മളിൽ എത്രപേർക്ക് സ്വന്തമായി വീടുണ്ട്? അത്യാഡംബരക്കൊട്ടാരങ്ങൾ പണിത് നമ്മുടെ പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

ഈ പ്രാഥമിക ആവശ്യങ്ങൾ ലഭിക്കുക എന്നത് നമ്മുടെ മൗലിക അവകാശം കൂടിയാണ്. ഭൂരിപക്ഷം ജനങ്ങൾക്കും പ്രാഥമിക ആവശ്യങ്ങൾ ലഭിക്കുന്നില്ല. എന്തുകൊണ്ടാണ് മുഴുവൻ പേർക്കും ഇവ ലഭിക്കാത്തത്? ഇവ മുഴുവൻ പേർക്കും ലഭ്യമാക്കുന്നതല്ലേ വികസനം?

പ്രവർത്തനങ്ങൾ

1. നമ്മുടെ ആവശ്യങ്ങളും അത്യാഗ്രഹങ്ങളും വേർതിരിച്ചറിയുക. ഇതിനുള്ള ചർച്ച നടത്തുക.
2. പോഷകമൂല്യമുള്ളതും വലിയ വില കൊടുക്കാതെ നാട്ടിൽതന്നെ കിട്ടുന്നതുമായ ഭക്ഷ്യവസ്തുക്കളുടെ പട്ടിക തയ്യാറാക്കുക.

....

....

....

....

....

....

....

....

3. നിങ്ങളുടെ അറിവിലുള്ള വിവിധതരം വീടുകളെപ്പറ്റി ചർച്ച ചെയ്യുക.
4. വീട്ടിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാവാൻ വേണ്ടത് എന്തൊക്കെ?
5. കടകളിൽ നിന്നും ബേക്കറിയിൽ നിന്നും വാങ്ങുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണദോഷവശങ്ങൾ ചർച്ച ചെയ്യുക.
6. ശരീരത്തിൽ ജലം നിർവ്വഹിക്കുന്ന ധർമ്മങ്ങൾ എന്തൊക്കെ?

....

....

....

....

....

....

7. എന്താണ് സമീകൃതാഹാരം?
8. എങ്ങനെ സമീകൃതാഹാരം വീടുകളിൽ തയ്യാറാക്കാം?
9. ‘‘പട്ടിണിയായ മനുഷ്യാ, നീ പുസ്തകം കൈയ്യിലെടുത്തോളൂ.

പുത്തനൊരായുധമാണ് നിനക്കത്." ഈ ചൊല്ലിന്റെ അർത്ഥം വിശകലനം ചെയ്യുക.

10. കേരളീയരുടെ വസ്ത്രധാരണ രീതിയിൽ കഴിഞ്ഞ കുറെ വർഷങ്ങളിലായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെ? ചർച്ച ചെയ്യുക.

11. കേരളത്തിന്റെ കാലാവസ്ഥയ്ക്കും പ്രകൃതിക്കും പ്രകൃതി വിഭവങ്ങൾക്കും അനുയോജ്യമായ പാർപ്പിടങ്ങളെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യുക.

12. ബാലവേല എന്തുകൊണ്ട്? അതിന്റെ ദോഷങ്ങളെന്തൊക്കെ? എങ്ങനെ അത് ഇല്ലായ്മ ചെയ്യാം?

13. നിങ്ങൾ വിശ്രമസമയത്ത് എന്തു ചെയ്യും?

14. നിങ്ങളുടെ കുടുംബത്തിന്റെ വിശ്രമോപാധികൾ എന്തൊക്കെ?

അധ്യായം 2

വികസനമെന്നാൽ...

നാരായണൻ കുട്ടി ആദ്യമായിട്ടാണ് പട്ടണത്തിലെത്തുന്നത്. അയാൾ ആകെ പകച്ചു പോയി. ചുറ്റും ആകാശം മുട്ടുന്ന കെട്ടിടങ്ങൾ. ഒപ്പമുണ്ടായിരുന്ന ജോർജ്ജ് മാഷോട് അയാൾ ചോദിച്ചു.

മാഷേ

“ഈ കെട്ടിടം കണ്ടിട്ട് എനിക്ക് പേടിയാവുന്നു.”

‘‘എന്തിനാ പേടിക്കുന്നത്? ഇതാണ് ഫ്ളാറ്റ്. നൂറുകണക്കിന് ആളുകളുടെ വീടുകളാണത്.”

“ഞങ്ങളുടെ നാട്ടിൽ പണ്ടുകാലത്ത് മുളയും മണ്ണും ഓലയും കൊണ്ടാ വീടുണ്ടാക്കി യിരുന്നത്. പുല്ല് മേയും. ഇപ്പോൾ സിമന്റും ഓടുമെത്തി. മുമ്പൊക്കെ നാട്ടിലെ എല്ലാ വരും ചേർന്ന് വീട് കെട്ടിക്കൊടുക്കുമായിരുന്നു. ആരും കൂലി വാങ്ങില്ല.”

മാസ്റ്റർ ചിരിച്ചു - “പണ്ട്...... പണ്ട് മനുഷ്യൻ ഗുഹയിലാണ് താമസിച്ചിരുന്നത്. നിലമ്പൂർ കാട്ടിൽ ചിലർ ഗുഹകളിൽ താമസിച്ചിരുന്നതായി പത്രത്തിൽ വായിച്ചിരുന്നു.”

“ആരാണവർ”

“ആദിവാസികളായ ചോല നായ്ക്കന്മാർ”

ശാസ്ത്രവും സാങ്കേതികവിദ്യയും വളർന്നുവന്നപ്പോൾ വീടിന്റെ രൂപത്തിലും ഭാവ ത്തിലും മാറ്റമുണ്ടായി. സിമന്റും കമ്പിയും വലിയ വലിയ കെട്ടിടങ്ങളുമുണ്ടായി. “വന്നുവന്ന് കുടുംബത്തിന് ആവശ്യമുള്ള വീടല്ല, അതിലുമെത്രയോ വലിയത് ഉണ്ടാക്കിത്തുടങ്ങി.”

“എന്തിനാ സാർ ഇങ്ങനെയുണ്ടാക്കുന്നത്?”

“പലർക്കും ആഡംബരം കാണിക്കാനുള്ള വഴിയായാണ് വീട് നിർമ്മാണം”

“അതുകൊണ്ട് നമുക്ക് എന്താ സാറേ കുഴപ്പം”

“ആവശ്യമില്ലാത്ത കെട്ടിടമുണ്ടാക്കുമ്പോൾ എത്ര മണലും കല്ലും സിമന്റും കമ്പിയും തടിയും ഒക്കെയാ വെറുതെ പോവുന്നത്? മണലുവാരി വാരി പുഴയിൽ മണലില്ലാ തായി. വലിയ കുഴികളായി. വെള്ളം താണുപോയി. കിണറുവറ്റുന്നു. മരങ്ങളില്ലാതാ വുന്നു. ഇതൊക്കെയാ കുഴപ്പം.”

മഞ്ഞിൽ നിന്നും മഴയിൽ നിന്നും വെയിലിൽ നിന്നുമൊക്കെയുള്ള സംരക്ഷണത്തി നാണ് വീടുണ്ടാക്കുന്നത്...

“അപ്പോൾ ഏതു വീടും നല്ലതാണോ?”

‘‘അതേ നല്ല കാറ്റും വെളിച്ചവും വേണം. നല്ല വൃത്തിയായി സൂക്ഷിക്കണം. ഇതൊക്കെയുണ്ടായാൽ ഏതു വീടായാലും നല്ല വീടാണ്.”

“വീട് എന്നാൽ അത് മാത്രമാണോ സാർ”

"അല്ല വീട് നല്ലതാവണമെങ്കിൽ അവിടുത്തെ ആളുകൾ പരസ്പരം സ്നേഹിക്കണം. കള്ളു കുടിച്ചുവന്ന് ബഹളമുണ്ടാക്കുന്നയാളുകളുള്ള വീട് എത്ര നല്ല കെട്ടിടമായാലും നല്ല വീടാവില്ല. വീട്ടിലുള്ളവരുടെ വിശ്വാസവും അടുപ്പവും വളരെ പ്രധാനമാണ്."

അതുപോലെയുള്ള നിരവധി കൂറ്റൻ കെട്ടിടങ്ങളുടെ മുമ്പിലൂടെ നടന്ന് നടന്ന് കുറെ ദൂരം ചെന്നു. ഒരു തെരഞ്ഞെടുപ്പ് യോഗം നടക്കുകയാണ്. അവിടെ ഒരു വലിയ പോസ്റ്റർ - "വികസന നായകനെ ജയിപ്പിക്കുക-" ഒരാൾ വികസനത്തെപ്പറ്റി പ്രസംഗിക്കുകയാണ്.

നാരായണൻകുട്ടി ചോദിച്ചു.

"ഈ വികസനമെന്നാലെന്താണ്?"

'അതൊരു വലിയ തർക്കം നടക്കുന്ന സംഗതിയാണ്.'

'എങ്കിലും നാരായണൻകുട്ടി പറയൂ - എന്താ വികസനം?'

"റോഡ് - വീട് - വെള്ളം....."

'അതേ വളരെ ശരിയാണ്....'

'വലിയ റോഡുകൾ - എയർപോർട്ടുകൾ - വല്ല്യ കമ്പ്യൂട്ടർ സ്ഥാപനങ്ങൾ - ഇതെല്ലാം നല്ലതാണ് - നമുക്കെല്ലാം ഇതൊക്കെ വേണം - പക്ഷേ - വികസനം എന്നു വച്ചാൽ നമ്മുടെ സാധാരണക്കാരായ മനുഷ്യരുടെ വികസനമാണ്.'

'ആഹാരമില്ലാത്തവരുണ്ട് - വസ്ത്രമില്ലാത്തവരുണ്ട് - അസുഖം വന്നാൽ ചികിത്സിക്കാനാവാത്തവരുണ്ട്.'

'ചില സംസ്ഥാനങ്ങളിൽ കൊച്ചുകുഞ്ഞുങ്ങളെ പുതപ്പിക്കാൻ ഒരു കീറത്തുണി പോലുമില്ലാത്തതുകൊണ്ട് കുഴി കുഴിച്ച് അതിൽ കുഞ്ഞിനെ കിടത്തി വയ്ക്കോൽകൊണ്ട് മൂടിക്കിടത്താറുണ്ടത്രേ പാവം അമ്മമാർ.'

"ശരിയാണ് സാർ, ഇന്നാളൊരു പത്രത്തിൽ കണ്ടു."

'എയർപോർട്ടും വല്യ റോഡും വന്നതുകൊണ്ട് അവരുടെ ജീവിതത്തിനെന്താഗുണം. അവർക്ക് ആഹാരം വേണം. വീടുവേണം. വെള്ളം വേണം, വസ്ത്രം വേണം, അസുഖം വന്നാൽ ചികിത്സ വേണം - വികസനമെന്നുവച്ചാൽ അവരുടെ ജീവിതം മെച്ചപ്പെടുത്തുക കൂടിയാണ്.'

"സാർ - മനുഷ്യർക്ക് പട്ടിണിയുണ്ടാവുന്നതെന്താണ്"

"പണ്ടൊക്കെ കൃഷിപ്പണിയുമൊക്കെക്കൊണ്ട് വേണ്ടത്ര സാധനങ്ങൾ ഇല്ലായിരുന്നു. എന്നാലിന്ന് ഇന്ത്യയിലെ എല്ലാവർക്കുംവേണ്ട അരിയും ഗോതമ്പുമെല്ലാം

ഉണ്ടാകുന്നുണ്ട്. പക്ഷേ ഇത് കുന്നുകൂടി കിടക്കുമ്പോഴും പല സ്ഥലത്തും ആഹാരമി ല്ലാതെ ചിലർ മരിക്കുന്നു. ധാന്യങ്ങൾ എല്ലാവർക്കും എത്താത്തതാണിതിനു കാരണം."

"വികസനമെന്നാൽ കുറേക്കൂടി വ്യക്തമായിപ്പറയാമോ സാർ-"

മാഷ് പറഞ്ഞു.

"വികസനമെന്നാൽ സമ്പത്തുൽപ്പാദനവും അതിന്റെ ഗുണം എല്ലാവർക്കും കിട്ടുന്ന വിധത്തിൽ വിതരണം ചെയ്യുന്നതുമാണ്."

"പിന്നെന്തിനാണ് സാർ ആ വയലിന്റ നടുക്കു കൂടെ ഒരാവശ്യമില്ലാതെ ഒരു റോഡു വെട്ടി ടാർ ചെയ്തത്?"

"അങ്ങനെ ആവശ്യമില്ലാത്ത പലതും ചെയ്യുന്നുണ്ട്. വയലിനെമുറിച്ച്, കുന്നിടിച്ച് മണ്ണ് കൊണ്ടുവന്ന്, കരിങ്കല്ല് മല വെട്ടിപ്പൊളിച്ച് ഭിത്തികെട്ടി ഒരു ആവശ്യമില്ലാത്ത റോഡുണ്ടാക്കുന്നത് വികസനമല്ല- വിനാശമാണ്."

"ഒരു കാര്യം കൂടി ഓർക്കണം. നമ്മുടെ കുഞ്ഞുങ്ങൾക്ക് ജീവിക്കണമെങ്കിൽ മലകൾ വേണം, പുഴകൾ വേണം, മരങ്ങൾ വേണം, വയലുകൾ വേണം - ഇതിനെയെല്ലാം ഇല്ലാതാക്കിയാൽ നാളത്തെ തലമുറയ്ക്ക് ജീവിക്കാനാവില്ല. അതുകൊണ്ട് ഇതി നൊക്കെയുള്ള നാശം കുറച്ചുകൊണ്ട് ഭാവി തലമുറയുടെ രക്ഷകൂടി കണക്കിലെടു ത്തുകൊണ്ട് വേണം വികസന പദ്ധതികൾ നടത്തേണ്ടത്" "ഇതാണ് നല്ല വികസനം - സുസ്ഥിര വികസനം."

"വികസനപ്രവർത്തനങ്ങൾ ജാഗ്രതയോടെ നടത്തണം, അല്ലേ മാഷേ?"

'അതെ തീർച്ചയായും'

'വികസനപ്രവർത്തനങ്ങളിൽ ഒട്ടനവധി ഘടകങ്ങൾ കൂട്ടിയോജിപ്പിക്കണം. ഏതെല്ലാം ഘടകങ്ങളാണ് കൂട്ടി യോജിപ്പിക്കേണ്ടത്?'

'അവയിൽ പ്രധാനപ്പെട്ടവ

സാമൂഹ്യപശ്ചാത്തലം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ, മനുഷ്യശേഷി, മറ്റു വിഭവങ്ങൾ, ചുറ്റുപാട്'

'ഇതിൽ സാമൂഹ്യപശ്ചാത്തലവും ഉണ്ടോ?'

'തീർച്ചയായും വളരെ പ്രാധാന്യമുണ്ട്.'

'സാമൂഹ്യപശ്ചാത്തലം അവഗണിച്ച് ഒരു വികസനപ്രവർത്തനവും സാധ്യമല്ല.'

'മാഷ് പറഞ്ഞ ഘടകങ്ങൾ കൂട്ടി യോജിപ്പിക്കുക പ്രയാസമല്ലേ?'

'ശരിയാണ്. ഇവ ശരിയായ അളവിലും അനുപാതത്തിലും വേണം, ലക്ഷ്യനേട്ടത്തിനുവേണ്ടി ബോധപൂർവ്വം കൂട്ടി യോജിപ്പിക്കണം.'

'മാഷ് എനിക്ക് വികസനത്തെക്കുറിച്ച് ഒരു സങ്കല്പം ഉണ്ടാക്കി.'

'മാഷേ വികസനത്തിന്റെ ലക്ഷ്യം എന്താണ്?'

'മെച്ചപ്പെട്ടതും തുല്യവുമായ ജീവിത നിലവാരം'

'ഇതിനുള്ള സാഹചര്യം എങ്ങനെയുണ്ടാവും?'

'ഭൗതികസാഹചര്യം ഉണ്ടാകണം.

ബോധതലം വളരണം.

ഹൃദയവിശാലതയുണ്ടാവണം.'

പഠനപ്രവർത്തനങ്ങൾ

1. **വീട് എന്നതിന്റെ വിവിധ പേരുകൾ പരിചയപ്പെടൽ**
2. **ശുചിത്വസങ്കൽപ്പം - അതിന്റെ പ്രാധാന്യം - ചർച്ച**
3. **പരിസരത്തുള്ള വീടുകളുടെ സർവ്വേ നടത്തുക.**
   a. എത്ര മണിമാളികകൾ
   b. എത്ര ഓടിട്ട വീടുകൾ
   c. ഓല/പുല്ലുമേഞ്ഞ എത്ര വീടുകൾ
   d. സർക്കാർ നൽകിയ വീടുകൾ
   e. വീടില്ലാത്തവർ
   f. വൈദ്യുതിയുള്ളവ
   g. വെള്ളമുള്ളവ
4. **വികസനം എന്ത്? അനുഭവങ്ങളും അറിവും പങ്കുവയ്ക്കുക.**
5. **താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഓരോരുത്തർക്കുമുള്ള ധാരണകൾ പ്രകടിപ്പിക്കട്ടെ-**

   കുന്നുകൾ ഇടിച്ചു നിരത്തുന്നത്.

   അനിയന്ത്രിതമായ മണ്ണുവാരൽ

   കണക്കില്ലാതെ കരിങ്കല്ലു പൊട്ടിച്ചെടുക്കൽ
6. **വ്യക്തികളുടെ വികസന സങ്കല്പം പറയുക.**

അധ്യായം 3

നേർപകുതിയുടെ നേരുകൾ

(കോയിക്കൽ വാർഡിലെ തുടർവിദ്യാകേന്ദ്രം. പഠിതാക്കളായ സുഹറ, അമ്മുക്കുട്ടി,മേരി എന്നിവർ സംസാരിച്ചുകൊണ്ട് നിൽക്കുന്നു.)

സുഹറ : അല്ല, നമ്മുടെ ജാനകിയെ ഇന്നും കണ്ടില്ലല്ലോ.

അമ്മുക്കുട്ടി : അവളുടെ പശു പ്രസവിച്ചെന്നു കേട്ടു. പശു പ്രസവിച്ചാലും മോള് പ്രസവിച്ചതു പോലെ തന്നെയാണ്.

സുഹറ : അതിനു ജാനകി മാത്രം വീട്ടിൽ നിൽക്കുന്നതെന്തിനാ? വീട്ടിലുള്ള മറ്റുള്ളവരും കൂടി ഇക്കാര്യങ്ങൾ ശ്രദ്ധിക്കണ്ടേ? അവളുടെ കെട്ടിയോൻ

വിചാരിച്ചാൽ അവൾക്ക് എന്നും ക്ലാസിൽ വരാൻ പറ്റുമായിരുന്നു.

മേരി : കെട്ടിയോൻ മാത്രമല്ല, കുട്ടികളും ഇനിയുള്ള കാലത്ത് വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കണം. പെണ്ണുങ്ങൾ മാത്രം വീട്ടുകാര്യങ്ങൾ നോക്കിയാൽ മതിയോ?

അമ്മുക്കുട്ടി : മേരിച്ചേച്ചി പറഞ്ഞതു ശരിയാ, നമ്മുടെ മക്കളെങ്കിലും നമ്മള് കഷ്ടപ്പെടുന്നത് മനസിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

സുഹറ : അതിനി പറഞ്ഞിട്ടു കാര്യമില്ല. ചെറുതിലേ ഇതൊക്കെ പഠിപ്പിക്കണമായിരുന്നു. ഞാൻ എന്റെ ബഷീറിനെയും ബുഷറയെയും ഒരേപോലെ ഇക്കാര്യങ്ങൾ ശ്രദ്ധിക്കാൻ പഠിപ്പിക്കും. ഒരേപോലെ പണീം എടുപ്പിക്കും.

മേരി : നമ്മൾ മാത്രം വിചാരിച്ചാൽ പോര. നമ്മുടെ ചുറ്റുമുള്ള എല്ലാവരും വിചാരിക്കണം. സമൂഹത്തിൽ എല്ലാപേരും ഇതൊക്കെ പഠിക്കണം. എങ്കിലേ മാറ്റങ്ങൾ വരത്തുള്ളൂ.

അമ്മുക്കുട്ടി : ഓ, സമയം കൊറെയായി. ഇന്നു നമ്മുടെ വാർഡ് മെമ്പറല്ലേ ക്ലാസിൽ വരുന്നത്? ഗോവിന്ദേട്ടൻ വരാമെന്നു പറഞ്ഞാൽ കൃത്യമായും വരും.

മേരി : ആഹാ, പറഞ്ഞു നാക്കെടുത്തില്ല. അതാ ഗോവിന്ദേട്ടൻ വരുന്നുണ്ട്. വിലാസിനീം ഒപ്പം ഉണ്ട്.

(ഗോവിന്ദേട്ടനും വിലാസിനിയും ക്ലാസിൽ പ്രവേശിക്കുന്നു.)

മേരി : എന്താ വിലാസിനി, ഇത്ര വൈകിയത്?

വിലാസിനി : ഞാൻ ഗോവിന്ദേട്ടനേം കൂട്ടിവരാമെന്ന് വിചാരിച്ചു. ചേട്ടൻ തയ്യാറായി ഇരിക്കയായിരുന്നു.

ഗോവിന്ദൻ : വിലാസിനി വന്നു വിളിച്ചില്ലേലും ഞാൻ കൃത്യമായി വരുമായിരുന്നു. അല്ലേലും ഒരു ദിവസം ഞാൻ വരാൻ ഇരിക്കയായിരുന്നു. ആട്ടെ, എത്ര പേരുണ്ട് ഇപ്പോൾ ക്ലാസിൽ?

വിലാസിനി : പതിനാറ് ആളുണ്ട്. ഇന്നിപ്പോൾ രണ്ടുമൂന്നു പേർ വന്നിട്ടില്ല.

സുഹറ : ഞങ്ങൾ അക്കാര്യം പറഞ്ഞോണ്ടിരിക്കയായിരുന്നു. ജാനകിയെ ഗോവിന്ദേട്ടനറിയൂല്ലേ? അവര് രണ്ടുമൂന്നു ദിവസമായി ക്ലാസിൽ വന്നിട്ട്. വീട്ടിലെ പണി കാരണം അവർക്ക് ക്ലാസിൽ വരാൻ സമയം കിട്ടുന്നില്ല. അവരുണ്ടെങ്കിൽ ക്ലാസ് എന്തു രസമാണ്.

വിലാസിനി : എന്നാ നമുക്ക് തുടങ്ങാമോ? എല്ലാരും ഇരിക്കിൻ

(എല്ലാപേരും ക്ലാസിലുള്ള ബഞ്ചുകളിൽ ഇരിക്കുന്നു.)

വിലാസിനി : എല്ലാർക്കും അറിയാമല്ലോ നമ്മുടെ ഗോവിന്ദേട്ടനെ? നമ്മുടെ വാർഡ് മെമ്പറാണ്. നമുക്ക് ഗോവിന്ദേട്ടനുമായി പഞ്ചായത്ത് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാം.

ഗോവിന്ദൻ : പഞ്ചായത്തിന്റെ കാര്യങ്ങൾ പറയുന്നതിനുമുമ്പ് ഞാൻ നിങ്ങടെ പഠനകാര്യങ്ങൾ അറിയട്ടെ.

അമ്മുക്കുട്ടി : ഞാൻ പറയാം. ക്ലാസ് നന്നായി പോകുന്നുണ്ട്. പക്ഷെ ഞങ്ങൾക്ക് എന്നും ക്ലാസിൽ എത്താൻ വലിയ കഷ്ടപ്പാടാ.

ഗോവിന്ദൻ : എന്താണ് കാര്യം. വ്യക്തമായി പറയൂ.

സുഹറ : വീട്ടുകാര്യങ്ങൾ എല്ലാം നോക്കണ്ടെ? പിന്നെ എവിടെ സമയം?

ഗോവിന്ദൻ : പെണ്ണുങ്ങൾക്ക് മാത്രമാണോ പ്രശ്നം?

മേരി : അല്ലാ, എങ്കിലും ഞങ്ങൾക്ക് തന്നെ കൂടുതൽ പണി.

ഗോവിന്ദൻ : അതു ശരിയാണ്. വീട്ടുജോലികളും പുറത്തുള്ള ജോലികളും എല്ലാം കൂടിയാവുമ്പോൾ സ്ത്രീകളുടെ സമയവും ശക്തിയും തീരുന്നു. എന്തുചെയ്യാൻ പറ്റുമെന്ന് നമുക്കൊന്ന് നോക്കാം.

മേരി : ഗോവിന്ദേട്ടൻ ഞങ്ങടെ വീട്ടിലെ ആണുങ്ങളോട് ഒന്ന് പറഞ്ഞു കൊടുക്ക്. അവരും കൂടി മനസ്സുവെച്ചാൽ പെണ്ണുങ്ങൾക്ക് ഇത്ര പ്രയാസം ഉണ്ടാവില്ലല്ലോ.

മായിൻകുട്ടി : ആണുങ്ങളുമാത്രം വിചാരിച്ചാൽ മതിയോ? പെണ്ണുങ്ങളും ഇതൊക്കെ അറിയണ്ടെ?

ഗോവിന്ദൻ : മായിൻകുട്ടി പറഞ്ഞതും ശരിയാണ്. ഒരു വീട്ടിലെ എല്ലാവരും ഇതൊക്കെ അറിയണം.

വിലാസിനി : ചേട്ടനൊരു കാര്യം ചെയ്യ്. ഇവിടത്തെ കുടുംബസദസ് വിളിച്ചുകൂട്ട്. അപ്പം നമുക്കീ കാര്യം ചർച്ച ചെയ്യാം.

ഗോവിന്ദൻ : ശരി, അങ്ങനെയാവട്ടെ.

അമ്മുക്കുട്ടി : ഗോവിന്ദേട്ടനെ ഞങ്ങൾ ക്ഷണിച്ചത് പഞ്ചായത്തിലെ കാര്യങ്ങൾ അറിയാനാ.

ഗോവിന്ദൻ : നിങ്ങൾ കൊള്ളാമല്ലോ. ആട്ടെ, പഞ്ചായത്തിനെപ്പറ്റി എന്താ നിങ്ങൾക്കറിയേണ്ടത്?

പ്രവർത്തനങ്ങൾ

1. നിങ്ങളുടെ വീട്ടിൽ ഒരു ദിവസം ചെയ്യുന്ന ജോലികൾ ഏതെല്ലാം എന്ന് എഴുതുക.

....

....

....

2. വീട്ടിലെ ഓരോ ജോലിയും ഇപ്പോൾ ആരൊക്കെയാണ് ചെയ്യുന്നത്?

....

....

....

3. പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർ ചെയ്യുന്ന ജോലികൾ തരംതിരിച്ചു പറയുക.

....

....

....

4. വീട്ടിലെ ജോലികൾ എല്ലാ അംഗങ്ങളും ചേർന്നു ചെയ്യുമ്പോഴുള്ള നേട്ടങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.

5. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യജോലിക്ക് തുല്യ കൂലി. ചർച്ച ചെയ്യുക.

6. നിങ്ങളുടെ പഞ്ചായത്തിലെ ഓരോ വാർഡിന്റെയും മെമ്പറിന്റെയും പേരുകൾ താഴെചേർത്തിട്ടുള്ള ഫോറത്തിൽ പൂരിപ്പിക്കുക.

വാർഡ് നമ്പർ	വാർഡിന്റെ പേര്	മെമ്പറുടെ പേര്	ആൺ	പെൺ

7. സ്ത്രീകൾ പൊതുരംഗത്ത് കൂടുതലായി വരാൻ എന്തൊക്കെ വേണം? ചർച്ച ചെയ്യുക.

8. തുടർവിദ്യാകേന്ദ്രത്തിൽ വാർഡ് മെമ്പർ സന്ദർശിച്ച് ക്ലാസ് എടുത്തതിനെപ്പറ്റി ഒരു റിപ്പോർട്ട് എല്ലാപേരും ചേർന്ന് തയ്യാറാക്കി പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുക.

അധ്യായം 4

അധികാരം ജനങ്ങളിലേയ്ക്ക്

ദേശസേവിനി വായനശാല

ജോസഫും അബൂബക്കറും പത്രം വായിക്കുന്നു. ഗ്രന്ഥശാലയുടെ ചുമതലക്കാരി ശ്രീക്കുട്ടി രജിസ്റ്ററിൽ എന്തൊക്കെയോ എഴുതുന്നു. അപ്പോൾ തങ്കമ്മ ചേച്ചി നടന്ന് ക്ഷീണിച്ച് വന്ന് വായനശാലയുടെ വരാന്തയിൽ കിടന്ന ബഞ്ചിൽ ഇരുന്നു.

"തങ്കമ്മച്ചേച്ചീ, എന്താ ക്ഷീണിച്ചിരിക്കുന്നത്? എവിടെ പോയിട്ട് വരുന്നതാ?" - ജോസഫ് ചോദിച്ചു.

തങ്കമ്മച്ചേച്ചി : ഒന്നും പറയണ്ടാ കുഞ്ഞേ, വീട്ടുലോണിന് അപേക്ഷിക്കാൻ ഒരു വരുമാന സർട്ടിഫിക്കറ്റിനു വേണ്ടി വില്ലേജ് ഓഫീസിൽ പോയതാ. ഓരോ ദിവസവും ഓരോ ഒഴിവ്കഴിവ് പറയുകയാണ്. ഇനി നാളെ ചെല്ലാനാ പറഞ്ഞിരിക്കുന്നത്. അധികാരമുള്ളവർ പറയുന്നത് കേൾക്കാനല്ലേ നമുക്കു പറ്റൂ.

ജോസഫ് : എന്നാര് പറഞ്ഞു? ജനങ്ങളായ നമ്മൾക്ക് അധികാരമുണ്ട് ചേച്ചീ. ജനങ്ങളായ നമ്മളാ ചേച്ചീ യഥാർത്ഥ അധികാരികൾ.

അബൂബക്കർ: നമ്മൾ ജീവിക്കുന്നത് ജനാധിപത്യ സംവിധാനത്തിലാണ് ചേച്ചീ. അല്ലാതെ രാജവാഴ്ചയിലും പട്ടാളഭരണത്തിലുമല്ല.

ശ്രീക്കുട്ടി : ഭരണം എന്നു പറയുമ്പോൾ എല്ലാം ഒരു പോലല്ലേ ചേട്ടാ?

ജോസഫ് : ലോകത്ത് വ്യത്യസ്തമായ ഭരണരീതികൾ നിലവിലുണ്ട്. രാജ ഭരണത്തിൽ രാജാവിന്റെ തീരുമാനങ്ങളാണ് നിയമം. രാജാവിന്റെ തീരുമാനങ്ങളെ അനുസരിക്കുകയല്ലാതെ ചോദ്യം ചെയ്യാൻ അവകാശമില്ല.

ശ്രീക്കുട്ടി : അപ്പോൾ ജനങ്ങൾക്ക് രാജവാഴ്ചയിൽ അവകാശങ്ങളൊന്നുമില്ലേ ചേട്ടാ?

ജോസഫ് : തിരുവായ്ക്കെതിർവായില്ലെന്നല്ലേ ചൊല്ല്? പട്ടാളമേധാവിയുടെ ഏകാധിപത്യമാണ് പട്ടാളഭരണം. പട്ടാളമേധാവി തന്റെ തീരുമാനങ്ങൾ പട്ടാളശക്തി ഉപയോഗിച്ച് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു. എതിർക്കുന്നവരെ തല്ലും, ജയിലിലടയ്ക്കും. ചിലപ്പോൾ കൊന്നുകളയും. ചില രാജ്യങ്ങളിൽ രാജഭരണം മതത്തിന്റെ അടിസ്ഥാനത്തിലാണ്. അവിടങ്ങളിൽ മതനിയമങ്ങളാണ് രാജ്യനിയമങ്ങൾ.

തങ്കമ്മച്ചേച്ചി : അപ്പോൾ അവിടെ വോട്ടും തെരഞ്ഞെടുപ്പുമൊന്നുമുണ്ടാവില്ലേ? നമ്മൾ വോട്ടു ചെയ്താണല്ലോ നമ്മുടെ ഭരണക്കാരെ തെരഞ്ഞെടുക്കുന്നത്.

ശ്രീക്കുട്ടി : തങ്കമ്മച്ചേച്ചീ, നമ്മുടെ ഭരണം ജനാധിപത്യഭരണമാണ്. ജനങ്ങളുടെ ഭരണമാണ് ചേച്ചീ ജനാധിപത്യം. ജനാധിപത്യത്തിൽ ജനങ്ങളാണ്

	അധികാരികൾ. ജനങ്ങൾ വോട്ടു ചെയ്തു ജയിപ്പിക്കുന്നവർക്കേ ഭരിക്കാൻ പറ്റൂ. അതായത് ഭരണക്കാർക്ക് അധികാരം നൽകുന്നത് പൗരന്മാരായ ജനങ്ങളാണ്. ജനാധിപത്യഭരണമാണ് ഏറ്റവും മെച്ചപ്പെട്ട ഭരണരീതി.
അബൂബക്കർ:	പണ്ട് എല്ലായിടത്തും രാജഭരണമായിരുന്നു. ജനങ്ങൾ സംഘടിച്ച് സമരം ചെയ്തു പിടിച്ചെടുത്തതാണ് ജനായത്തഭരണം. ശ്രീക്കുട്ടീ, ജനാധിപത്യമെന്നത് ഒരു ഭരണവ്യവസ്ഥമാത്രമല്ല, അത് എല്ലാ മണ്ഡലങ്ങളിലും - കുടുംബം, സമൂഹം, രാഷ്ട്രീയം, സാമ്പത്തികം - പാലിക്കേണ്ട ഒരു ജീവിത ശൈലിയും സംസ്ക്കാരവുമാണ്. ബഹുഭൂരിപക്ഷത്തിന്റെ താല്പര്യത്തെ മാനിച്ചുകൊണ്ട് സമവായത്തിലൂടെ കാര്യങ്ങൾ തീരുമാനിക്കുന്ന രീതിയാണ് ജനാധിപത്യം.

'അതെ, നമ്മുടെ വീട്ടിലെ കാര്യങ്ങൾ അച്ഛനും അമ്മയും മക്കളും ഒന്നിച്ചിരുന്ന് ചർച്ച ചെയ്തു. തീരുമാനിച്ചുകൂടേ? അങ്ങനെ ചെയ്താൽ അതൊരു ജനാധിപത്യ രീതിയാണ്. അവസരസമത്വവും തുല്യനീതിയുമാണ് ജനാധിപത്യത്തിന്റെ ആത്മാവ്. യോജിപ്പില്ലെങ്കിലും മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ആദരിക്കാനുള്ള മനോഭാവമാണ് ജനാധിപത്യസംസ്ക്കാരം. ഈ ജനാധിപത്യസംസ്കാരം ഇല്ലാത്തതാണ് നമ്മുടെ നാട്ടിലെ പല സംഘർഷങ്ങൾക്കും കാരണം.' 'നിങ്ങൾ പറയുന്നല്ലോ ജനങ്ങളുടെ ഭരണമാണ് ജനാധിപത്യമെന്ന്. പക്ഷേ വോട്ടു ചെയ്യുന്നുവെന്നല്ലാതെ നമ്മൾക്ക് ഭരണത്തിൽ എന്തു പങ്കാണുള്ളത്?' തങ്കമ്മച്ചേച്ചി കുണ്ഠിതപ്പെട്ടു.

'ശരിയാണ്. ഭരണം നടത്തുന്നത് നമ്മൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികളും മന്ത്രിമാരുമാണ്. ജനങ്ങൾക്ക് നേരിട്ടു ഭരണത്തിൽ പങ്കെടുക്കുക പ്രായോഗികമല്ല. നമ്മുടെ കേരളത്തിൽ മൂന്നേകാൽകോടി ജനങ്ങളുണ്ട്. അവർക്കെല്ലാം ഒന്നിച്ചിരുന്ന് ഭരണകാര്യങ്ങൾ തീരുമാനിക്കാൻ സാധ്യമാണോ? അല്ലേയല്ല. ജനങ്ങളുടെ താല്പര്യമനുസരിച്ച് ഭരിക്കേണ്ടത് ജനപ്രതിനിധികളുടെ ബാധ്യതയാണ്. അതിനാണ് നമ്മൾ അവരെ തെരഞ്ഞെടുക്കുന്നത്. അതായത് നമ്മുടേത് പ്രാതിനിധ്യജനാധിപത്യമാണ്.'

'എന്നാൽ നമുക്ക് നേരിട്ട് ഭരണത്തിൽ പങ്കെടുക്കുവാനും നമ്മുടെ നാട്ടിൽ അവസരമുണ്ട്. അതാണ് അധികാരവികേന്ദ്രീകരണത്തിന്റെയും പഞ്ചായത്ത് രാജിന്റെയും ലക്ഷ്യം. ജനങ്ങൾക്ക് അധികാരത്തിൽ പങ്കാളികളാകാൻ അവസരമൊരുക്കുന്നതാണ് ഗ്രാമസഭ. ഞായറാഴ്ച കൂടുന്ന നമ്മുടെ ഗ്രാമസഭകളുടെ നോട്ടീസാണല്ലോ ഇവിടെ ഒട്ടിച്ചിരിക്കുന്നത്.' ശ്രീക്കുട്ടി പറഞ്ഞു.

'തങ്കമ്മച്ചേച്ചീ, ചേച്ചിയുടെ കാര്യമുൾപ്പെടെ എല്ലാം ഗ്രാമസഭയിൽ ചർച്ച ചെയ്യാം. എല്ലാവരെയും കൂട്ടി ഞായറാഴ്ച ഗ്രാമസഭയിൽ വരണം.'

പഠനപ്രവർത്തനങ്ങൾ

1. ലോകത്തെ വ്യത്യസ്ത ഭരണരീതികൾ ചർച്ച ചെയ്യുക.
2. രാജഭരണത്തെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെയറിയാം? അറിയാവുന്ന കാര്യങ്ങൾ ക്രമപ്പെടുത്തി എഴുതുക.

....

....

....

3. മാർത്താണ്ഡവർമ്മ, ജവഹർലാൽ നെഹ്റു, സി.പി. രാമസ്വാമി അയ്യർ, ശ്രീമൂലം തിരുനാൾ, ഇ.കെ. നായനാർ, സ്വാതിതിരുനാൾ, മൊറാർജി ദേശായി, അക്ബർ, അവിട്ടം തിരുനാൾ, അച്ച്യുതമേനോൻ, ശ്രീ ചിത്തിരതിരുനാൾ, ആയില്യം തിരുനാൾ. ഈ പട്ടികയിൽ നിന്നും തിരുവിതാംകൂർ ഭരിച്ചിരുന്ന 5 രാജാക്കന്മാരുടെ പേരെഴുതുക.

....

....

....

4. ഇപ്പോൾ രാജഭരണം നിലവിലുള്ള രാജ്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കാമോ?

....

....

....

5. ജനാധിപത്യ ഭരണവ്യവസ്ഥയുടെ ഉത്ഭവത്തെയും വളർച്ചയെയും കുറിച്ച് അന്വേഷിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
6. ജനാധിപത്യഭരണം നിലവിലുള്ള എത്ര രാജ്യങ്ങളുടെ പേരുകൾ നിങ്ങൾക്ക് പറയാനാകും? കഴിയുന്നത്ര രാജ്യങ്ങളുടെ പേര് എഴുതുക.

....

....

....

7. പൗരസമൂഹത്തിന്റെ അവകാശങ്ങളെയും കടമകളെയും കുറിച്ച് ക്ലാസിൽ ഒരു ചർച്ച നടത്തുക.

8. ചേരുംപടി ചേർക്കുക.

എ	ബി
ജനാധിപത്യം	സൗദി അറേബ്യ
രാജഭരണം	അമേരിക്ക
പട്ടാളഭരണം	ഇന്ത്യ
പ്രസിഡന്റ് ഭരണം	ബ്രിട്ടൻ
മതാധിഷ്ഠിത ഭരണം	മ്യാൻമാർ
	കുവൈറ്റ്

9. നിങ്ങളുടെ പഞ്ചായത്തിൽ നടന്ന തെരഞ്ഞെടുപ്പുകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

10. നിങ്ങളുടെ ജനപ്രതിനിധികളുടെ പേരും അവരുടെ സ്ഥാനവും എഴുതുക.

അധ്യായം 5

അധികാരം ജനങ്ങളിലേക്ക് - 2

ഗ്രാമസഭ

കുരുവട്ടൂർ വാർഡിൽ ഗ്രാമസഭ ചേരുകയാണ്. ധാരാളംപേർ എത്തിയിട്ടുണ്ട്. ജമീല ഗീതയുടെ അടുത്തുപോയി ഇരുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വാർഡ് മെമ്പർ ബഷീർ മാഷും വേദിയിലുണ്ട്. ഗ്രാമസഭയുടെയും അയൽക്കൂട്ടത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ബഷീർമാഷ് സംസാരിച്ചു തുടങ്ങി. കഴിഞ്ഞ ആഴ്ച അയൽക്കൂട്ട യോഗത്തിനു പോയകാര്യം ഗീത ഓർത്തു. അവിടെ പഞ്ചായത്തു വക വീട് ആർക്കൊക്കെ അനുവദിക്കണം എന്നതായിരുന്നു വിഷയം.

ചിന്നൂട്ടിയമ്മയടക്കം എട്ടുപേർ വീടിനപേക്ഷിച്ചിട്ടുണ്ട്. പക്ഷേ വീട് ഒന്നേയുള്ളൂ. അത് ആർക്ക് നൽകണമെന്ന് ചർച്ചയായി. പണ്ടാണെങ്കിൽ ആരെക്കൊണ്ടെങ്കിലും ശുപാർശ ചെയ്യിച്ചാൽ കാര്യം നടക്കുമായിരുന്നു. ഇന്ന് അതെല്ലാം മാറി. ജനകീയാസൂത്രണം വന്നതിൽപ്പിന്നെ ആനുകൂല്യങ്ങൾ ആർക്ക് നൽകണമെന്ന് അയൽക്കൂട്ടങ്ങളും ഗ്രാമ സഭയുമാണത്രേ തീരുമാനിക്കുന്നത്. അപ്പുക്കുട്ടൻ ഇടയ്ക്കു കയറി പറഞ്ഞു. അതു തന്നെയാണ് ശരിയെന്ന അർത്ഥത്തിൽ കേട്ടവരൊക്കെ തലകുലുക്കി. ചൂടേറിയ ചർച്ച നടന്നു.

വിവാഹപ്രായമെത്തിയ മകളുള്ള ചിന്നൂട്ടിയമ്മയ്ക്കു തന്നെ കൊടുക്കണമെന്ന് ഭൂരി ഭാഗം പേരും പറഞ്ഞു. അവരാണെങ്കിൽ വിധവയുമാണ്. വീടിന് അർഹത അവർക്കു തന്നെ. മൊയ്തീൻകുട്ടി ഹാജി ഉറപ്പിച്ചു പറഞ്ഞു. പിന്നെ അധികം ആലോചിക്കേണ്ടി വന്നില്ല.

വീട് ചിന്നൂട്ടിയമ്മയ്ക്കു തന്നെ നൽകാൻ തീരുമാനവുമായി. അയൽക്കൂട്ടത്തെക്കുറി ച്ചുള്ള ചിന്തയിൽ നിന്ന് ഗീത ഉണർന്നപ്പോഴേക്കും ഗ്രാമസഭയിൽ വികസന ചർച്ച തുടങ്ങിക്കഴിഞ്ഞിരുന്നു. ഓരോരുത്തരും ആവശ്യങ്ങളുടെ കെട്ടഴിച്ചു. റോഡ്, പാലം, കല്യാണമണ്ഡപം, വെയിറ്റിംഗ് ഷെഡ് ... ഇങ്ങനെ പലതും.

ഇതൊന്നുമല്ല, ആദ്യം വേണ്ടത്. കുടിക്കാനുള്ള വെള്ളമാ. കാർത്ത്യായിനിയമ്മയുടെ ശബ്ദം കേട്ട് എല്ലാവരും പുറകിലേക്കു നോക്കി. ശരിയാ- പ്രതികരണം വന്നത് ഒന്നിച്ചാണ്. അങ്ങനെ കുടിവെള്ളത്തിനു മുൻഗണന കിട്ടി. ചേറുന്നിപ്പുഴയ്ക്ക് പാലം വേണമെന്ന ആവശ്യത്തിന് ഒരുപാടു കാലത്തെ പഴക്കമുണ്ട് പ്രസിഡന്റേ. വർഗീസിന്റെ ഇടപെടൽ എല്ലാവരെയും നിശബ്ദരാക്കി. അത് ഗ്രാമപഞ്ചായത്തിന്റെ കൊക്കിലൊതുങ്ങുന്നതല്ല വർഗീസേ, കൂടുതൽ പണം ആവശ്യമുള്ളതാണ്. അതു കൊണ്ട് അക്കാര്യം നമുക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം. അവർക്ക് പ്രയാസമാണെങ്കിൽ ജില്ലാ പഞ്ചായത്ത് ചെയ്യട്ടെ. - ക്ഷണനേരം കൊണ്ട് പ്രസിഡന്റിന്റെ മറുപടി വന്നു. നീലിമല കോളനി റോഡിന്റെ പണി എവിടെ വരെയായി? അതിൽ അഴിമതിയുണ്ടെന്ന് പരാതിയുണ്ടല്ലോ. ഒരാരോപണവുമായി വർഗീസ് വീണ്ടും എഴുന്നേറ്റു.

പഞ്ചായത്ത് നടത്തുന്ന ഏതു പ്രവർത്തനത്തെക്കുറിച്ച് അറിയാനും ചോദ്യം ചെയ്യാനും എല്ലാവർക്കും അവകാശമുണ്ട്. വർഗീസിന്റെ പരാതി തീർച്ചയായും പരിശോധിക്കാം - ബഷീർ മാഷാണ് മറുപടി പറഞ്ഞത്.

ജനകീയാസൂത്രണത്തിന്റെ രേഖകൾ എല്ലാവർക്കും പരിശോധിക്കാൻ അവസരമുണ്ട്. അതിന് സർക്കാർ ഉത്തരവുമുണ്ട്. മാഷ് തുടർന്നു പറഞ്ഞപ്പോൾ വലിയൊരു അംഗീകാരം ലഭിച്ച സംതൃപ്തി എല്ലാവരുടെയും മുഖത്ത് തെളിഞ്ഞു.

ഗ്രാമസഭയുടെ അധികാരങ്ങൾ

പഞ്ചായത്ത് രാജ് നിയമത്തിന്റെ ഭാഗമായി നിലവിൽ വന്നതാണ് ഗ്രാമസഭകൾ. ഒരു വാർഡിലുള്ള പതിനെട്ട് വയസ് പൂർത്തിയായ എല്ലാവരും ഗ്രാമസഭയിൽ അംഗങ്ങളാണ്.

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഇത് വാർഡ് സഭ എന്നാണ് അറിയപ്പെടുന്നത്. വാർഡു മെമ്പർമാരാണ് ഗ്രാമസഭ വിളിച്ചു ചേർക്കുക.

എല്ലാവർക്കും ഒത്തുചേരാൻ സൗകര്യപ്പെടുന്ന ഒരു പൊതുസ്ഥലത്ത് പകൽ സമയത്തു വേണം ഗ്രാമസഭ ചേരാൻ.

വാർഡിലെ വോട്ടർമാരിൽ നൂറിന് പത്തുപേർ എന്ന തോതിലെങ്കിലും ഗ്രാമസഭയിൽ പങ്കെടുത്താലേ യോഗം കൂടാവൂ എന്നാണ് നിയമം.

പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെയും കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അച്ചടിച്ച ശേഷമാണ് ഗ്രാമസഭ/വാർഡ് സഭായോഗങ്ങൾ നടത്തേണ്ടത്. കരട് പ്രോജക്ട് നിർദേശങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തുക എന്നതാണ് ഈ ഗ്രാമസഭയുടെ മുഖ്യ അജണ്ട. അതിന് സഹായകരമാകും വിധം അരമണിക്കൂർ മാത്രം നീണ്ടുനിൽക്കുന്ന പ്ലീനറിയിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ അവലോകന റിപ്പോർട്ട്, വരവുചെലവ് കണക്കുകൾ, ബന്ധപ്പെട്ട വാർഡിൽ നടത്തിയ പ്രവർത്തനങ്ങൾ, ചെലവഴിച്ച തുക, ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവയും കരട് പ്രോജക്ട് നിർദ്ദേശങ്ങളും അവതരിപ്പിക്കേണ്ടതാണ്. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും പദ്ധതി അവലോകന റിപ്പോർട്ടും കരട് പ്രോജക്ട് നിർദ്ദേശങ്ങളും (ഓരോ പ്രോജക്ടിന്റെയും പേര്, വിഭവ സ്രോതസ്സുകൾ, ലക്ഷ്യം, ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്തൃപ്രദേശം എന്നിവ ഉണ്ടായിരിക്കണം.) അച്ചടിച്ച് ഗ്രാമസഭയിൽ പങ്കെടുക്കുന്ന മുഴുവൻ പേർക്കും നൽകണം. തുടർന്ന് എത്ര വർക്കിംഗ് ഗ്രൂപ്പുകളുണ്ടോ അത്രയും ഗ്രൂപ്പുകളായി തിരിഞ്ഞ് കരട് പ്രോജക്ട് നിർദ്ദേശങ്ങളുടെ ആവശ്യകത, പ്രായോഗികത, പ്രസക്തി, സാധ്യത തുടങ്ങിയവ സൂക്ഷ്മമായും വിശദമായും ചർച്ച ചെയ്യുന്നു.

ഗ്രൂപ്പ് ചർച്ചയിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് എഴുതി തയ്യാറാക്കി അവസാനം ചേരുന്ന പ്ലീനറിയിൽ അവതരിപ്പിച്ച് പൊതു ചർച്ചയ്ക്ക് അവസരം നൽകണം. കൂടാതെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പൊതു ചർച്ചയും പ്ലീനറിയിൽ നടത്തേണ്ടതാണ്.

പഠനപ്രവർത്തനങ്ങൾ

1. ഗീതയെപ്പോലെ അയൽക്കൂട്ടങ്ങളിലും ഗ്രാമസഭകളിലും നിങ്ങൾ പങ്കെടുക്കാറില്ലേ? അവിടെ നടക്കാറുള്ള ചർച്ചകൾ എന്തെല്ലാമാണ്?

....

....

....

2. നിങ്ങളുടെ പ്രദേശത്തെ വികസന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്യൂ. അവയിൽ അത്യാവശ്യങ്ങളെ ആവശ്യങ്ങളിൽ നിന്ന് വേർതിരിച്ചു നോക്കൂ.
3. നിങ്ങളുടെ പ്രദേശത്തെ ജനപ്രതിനിധികൾ ആരൊക്കെയാണ്?

....

....

....

4. വികസന പ്രവർത്തനങ്ങളിലെ അഴിമതി തടയാൻ എന്തെല്ലാം ചെയ്യാൻ കഴിയും? ചർച്ച ചെയ്യുക.
5. നിങ്ങളുടെ പഞ്ചായത്തുകളിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളെക്കുറിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

   (നിങ്ങൾക്കറിയാവുന്ന തെരഞ്ഞെടുപ്പുകളുടെ എണ്ണം - മത്സരിച്ച സ്ഥാനാർത്ഥികൾ - അവരുടെ പാർട്ടി - ജയിച്ചവരും തോറ്റവരും - പ്രസിഡന്റ് ആയവർ - ഓരോ തെരഞ്ഞെടുപ്പിലും നിങ്ങളുടെ പങ്കാളിത്തം തുടങ്ങിയവ ഉൾപ്പെടുത്തണം.)
6. എത്ര ഗ്രാമസഭായോഗങ്ങളിൽ നിങ്ങൾ പങ്കെടുത്തിട്ടുണ്ട്? ചർച്ചകളിൽ പങ്കാളികളായിട്ടുണ്ടോ? ഗ്രാമസഭയുടെ അധികാരങ്ങളെക്കുറിച്ച് എന്തെല്ലാം അറിയാം.

   ഒരു മാതൃകാ ഗ്രാമസഭ ക്ലാസിൽ നടത്തുക.

   ഗ്രാമസഭ വിളിച്ചു കൂട്ടുന്നതിനുള്ള ഒരു നോട്ടീസ് തയ്യാറാക്കുക.

7. നിങ്ങളുടെ ജനപ്രതിനിധികളുടെ പേരും അവരുടെ സ്ഥാനവും എഴുതുക.

....

....

....

....

....

....

....

....

....

....

അധ്യായം 6

ഞാൻ പേന - ഞങ്ങൾ പേനകൾ...



എന്നെ നിങ്ങൾ അറിയില്ലേ? ഉടുപ്പിന്റെ പോക്കറ്റിൽ സിമ്പളനായിരിക്കുന്ന എന്നെ? അധ്യാപകർക്കും രാഷ്ട്രീയക്കാർക്കും സാഹിത്യകാരന്മാർക്കും കച്ചവടക്കാർക്കും വിദ്യാർത്ഥികൾക്കും എല്ലാം എന്നെ വേണം. ഇപ്പോൾ മനസ്സിലായോ ഞാൻ എത്ര വേണ്ടപ്പെട്ടവനാണെന്ന്. എന്റെ നാക്കിൽ നിന്നാണ് "യുദ്ധവും സമാധാനവും" അക്ഷരങ്ങളായത്. വൈക്കം ബഷീർക്കായ്ക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. "ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു" - എന്നത് എഴുതിയതും എന്നെ ഉപയോഗിച്ചാണ്. എന്ത് സ്നേഹമായിരുന്നു എന്നോട് ബേപ്പൂർ സുൽത്താന്! താഴെ വീഴാൻ സമ്മതിക്കില്ലായിരുന്നു. 'ഭൂമിയുടെ അവകാശികൾ' എഴുതി തീർന്നപ്പോൾ ആ പാമ്പിന്റെ കാര്യമോർത്ത് എന്റെ നാവ് വരണ്ടുപോയി. ബഷീർക്കാ എന്നെ എടുത്ത് രണ്ട് വീശ്.

ഞാൻ ഇന്നത്തെ നിലയിൽ എത്തിയത് ഒത്തിരി ഒത്തിരി രൂപമാറ്റങ്ങൾക്ക് ശേഷമാണ്. ഇന്നിപ്പോൾ എന്നെ എല്ലാവരും വിളിക്കുന്നത് 'ബോൾ പേന' എന്ന്. അതിന്റെ കാരണം എന്റെ തൊട്ടു മുൻഗാമിയായ മഷി പേന (Fountain pen)യുടെ കൂർത്ത മുന (നിബ്ബ്)യുടെ സ്ഥാനത്ത് എനിക്കുള്ളത് ഒരു ചെറിയ ബോൾ ആണ്. എന്നാൽ എനിക്ക് മുമ്പുള്ള മഷിപ്പേനയ്ക്ക് മുമ്പോ? മഷിയിൽ മുക്കി എഴുതുന്ന നിശ്ചല

പേനകൾ ആയിരുന്നു (Still pen). നിങ്ങൾക്ക് അറിയാമോ അതിന് മുൻപ് എന്തുപയോഗിച്ചാണെഴുതിയത് എന്ന്? അത് എഴുത്താണി തന്നെ. 'എഴുത്താണി' മുത്തപ്പന്റെ അച്ഛന്റെ രൂപം എന്തായിരുന്നെന്നറിയാമോ? അത് മരക്കൊമ്പുകളായിരുന്നു. എന്നാൽ അതിനും മുൻപോ? ഏയ്! എന്തിന് സംശയിക്കണം; കല്ലുകൾ തന്നെ! അപ്പോൾ കല്ലിന് മുമ്പോ? മനുഷ്യന്റെ വിരലുകൾ... ഇനിയും വയ്യ, മനുഷ്യനെ നിഷേധിച്ച് ഞങ്ങളില്ല. മനുഷ്യൻ ഉണ്ടായതിനുശേഷവും മനുഷ്യൻ ഉണ്ടാക്കിയതുമാണ് ഞങ്ങളെ! നിങ്ങൾ മനുഷ്യവർഗ്ഗം ആയിരക്കണക്കിന് വർഷങ്ങളിലൂടെ ചെലവിട്ട അധ്വാനത്തിന്റെ ഫലമായാണ് ഞങ്ങൾ സൃഷ്ടിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ ഞങ്ങൾ സമൂഹത്തിന്റെ പൊതുസ്വത്തും മനുഷ്യർക്ക് അവകാശപ്പെട്ടതുമാണ്. എന്നാൽ ഇപ്പോൾ ഞാൻ സാലി ടീച്ചറുടെ അക്ഷരദീർഘങ്ങൾ പകർത്താനുള്ള ഉപകരണമായി പ്രവർത്തിച്ചുവരുന്നു. ടീച്ചർ എന്നെ വാങ്ങിയത് അഞ്ചു രൂപയ്ക്കാണ്. ഏയ്! പക്ഷേ എന്റെ വില കേവലം അഞ്ചു രൂപയാണെന്ന് നിങ്ങൾ വിചാരിച്ച് എന്നെ കൊച്ചാക്കരുത്. കാരണം എന്നെ, എന്റെ ഇന്നത്തെ സ്ഥിതിയിൽ എത്തിക്കാൻ മനുഷ്യവംശം എത്രമാത്രം അധ്വാനമാണ് ഉപയോഗിച്ചത്. അതിന്റെ വില അഞ്ചു രൂപയോ? നിങ്ങൾ ഇന്ന് നിലനിർത്തിയിരിക്കുന്ന ഈ കൈമാറ്റ വ്യവസ്ഥയിൽ എന്റെ വില അഞ്ചു രൂപയായി, നിങ്ങൾക്ക് അനുഗുണമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്നു മാത്രം! ഞങ്ങൾ പറഞ്ഞുവന്നത് സാധനങ്ങളുടെ നിർമ്മാണ കാര്യങ്ങളാണല്ലോ. എന്നാൽ അതിനപ്പുറം സാമൂഹ്യമാറ്റങ്ങൾ നിർമ്മിച്ചെടുക്കുന്നതിന് നിങ്ങൾ എന്ത് എന്ത് അധ്വാനങ്ങൾ, ജീവിതങ്ങൾ ബലിയർപ്പിക്കപ്പെട്ടിട്ടുണ്ട്. മിനിമം കൂലി നേടിയെടുക്കാൻ, തല ചായ്ക്കാൻ ഒരു തുണ്ട് ഭൂമിക്കുവേണ്ടി അത്തരം അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ... ഹോ!വയ്യ! എല്ലാറ്റിനും ഞങ്ങൾ സാക്ഷികളായിരുന്നു.

അയ്യോ, ഒരു കാര്യം പറയാൻ വിട്ടുപോയി. അതായത് ഞങ്ങളെങ്ങനെയാണ് ഉൽപ്പാദിപ്പിക്കപ്പെട്ടതെന്ന്. ചിലരെങ്കിലും കരുതുന്നത് ഞങ്ങൾക്ക് നാല് ഉൽപ്പാദന ഘടകങ്ങൾ വേണമെന്നാണ്. ഭൂമിയും യന്ത്രവും അധ്വാനവും സംഘാടകനും. എന്നാൽ ഈ യന്ത്രമെന്നൊക്കെ പറയുന്നത് പണ്ട് പണ്ട് മുതൽ മനുഷ്യരെല്ലാവരും കൂടി ചെലവിട്ട അധ്വാനമല്ലേ? പിന്നെ ഭൂമിയെന്നത് ഇവിടെ പാഴും ശൂന്യവുമായി ഉണ്ടായിരുന്നതല്ലേ? ഭൂമിക്ക് അങ്ങനെ വലിയ അവകാശവാദം പറയാനില്ല. കാരണം മനുഷ്യന്മാരില്ലെങ്കിൽ പിന്നെ ഭൂമിയും മറ്റ് ആളില്ലാ ഗ്രഹങ്ങളെപ്പോലയല്ലേ ഉള്ളൂ? ഇനീം, എല്ലാ ഉൽപ്പാദകഘടകങ്ങളെയും കൂട്ടിയോജിപ്പിക്കുന്ന സംഘാടകന്റെ കാര്യം. അയാളും ചെയ്യുന്നത് അധ്വാനമാണ്. അപ്പോൾ ഞങ്ങൾക്ക് പറയാനുള്ളത് അധ്വാനമാണ് ഞങ്ങളുടെ അച്ഛൻ. ഭൂമിയെ അമ്മയായും കരുതാം. അങ്ങനെ ഞങ്ങൾ മനുഷ്യരുടെയും മണ്ണിന്റെയും മക്കൾ!

ഒരു കാര്യം കൂടി പറഞ്ഞോട്ടെ. എന്റെ വില എന്നും അഞ്ചുരൂപയാണ് എന്നു കരുതരുത്. വില ഏഴും പത്തും രൂപയായി മാറാം. എന്നാൽ അഞ്ചു രൂപ ആയാലും ഏഴു രൂപ ആയാലും, വിലമാറ്റം കൊണ്ട് ഞങ്ങളുടെ ഗുണത്തിനും രൂപത്തിനും വ്യത്യാസം വരുന്നില്ല. എന്നാലും ഞങ്ങളുടെ വില വർദ്ധിക്കുന്നത് ഞങ്ങളുടെ ലഭ്യത കുറവുകൊണ്ടുമാത്രമല്ല. പിന്നെ എന്താണെന്ന് നിങ്ങൾ ആലോചിച്ചു കണ്ടുപിടിക്ക്. ഞാൻ നേരത്തേ പറഞ്ഞില്ലേ, അങ്ങാടിയിൽ എന്റെ വില അഞ്ചുരൂപയാണെന്ന്. ഈ അങ്ങാടി എന്നാൽ എന്താ? ആളുകൾ സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന സ്ഥലം എന്നാണല്ലോ അതിന്റെ സാധാരണ അർത്ഥം! എന്നാൽ ശരിക്കും പറഞ്ഞാൽ കാശുള്ളവൻ കാശു ചെലവാക്കി സാധനങ്ങൾ ഉണ്ടാക്കി കാശുള്ളവർക്ക് വിൽക്കുന്ന ഇടപാടല്ലേ അത്? അവിടെ കാശില്ലാത്തവൻ അങ്ങാടിക്കു പുറത്ത്. എന്നാൽ നമ്മുടെ അക്ഷരപള്ളിക്കൂടത്തിലെ രക്ഷാകർതൃസമിതി, ബി.പി.എൽ കുടുംബത്തിലെ പഠിതാക്കൾക്ക് ഞങ്ങളെ രണ്ടുരൂപാ ക്രമത്തിൽ നൽകുകയുണ്ടായി. കൂടെ ഉണ്ടായിരുന്ന മറ്റൊരു അനുജൻ പേന ഇടയ്ക്കു കയറി പറഞ്ഞു. അതല്ലേ അണ്ണാ ഈ സബ്സിഡി വില എന്നു പറയുന്നത്? അതെ എന്നുപറഞ്ഞു തീരുന്നതിനു മുമ്പു തന്നെ ചേട്ടൻ പേനയുടെ സംസാരശേഷി നഷ്ടപ്പെട്ടു കഴിഞ്ഞു. അനുജൻ പേന മുന്നോട്ടുവന്നു പറഞ്ഞു. ബാക്കി കഥ നമുക്ക് പിന്നീടൊരിക്കൽ പറയാം.

പഠനപ്രവർത്തനങ്ങൾ

1. ഗ്രാമത്തിലെ ഏതെങ്കിലും ഒരു ഉൽപ്പാദനയൂണിറ്റ് സന്ദർശിച്ച് ഉൽപ്പാദനകൂലി, ശമ്പളം, ഉൽപ്പാദനവസ്തുവിന്റെ മുൻപിൻ ബന്ധങ്ങൾ മനസ്സിലാക്കുക.
2. സ്വകാര്യസ്വത്ത് ന്യായമാണോ? ചർച്ച ചെയ്യാം.
3. ഒരു കുപ്പായത്തിന്റെ ചരിത്രം എഴുതുക.
4. അങ്ങാടിയുടെ ഗതിവിഗതികൾക്ക് അനുസരിച്ച് ഉൽപ്പാദിപ്പിച്ചാൽ ഉൽപ്പന്നങ്ങൾ ആർക്കുവേണ്ടി ഉള്ളതായിരിക്കും - ചർച്ച ചെയ്യുക.
5. വിലകൾ എങ്ങനെയാണ് നിശ്ചയിക്കുന്നത്? വില വർദ്ധനവ് കൂലി കൂട്ടുന്നതുകൊണ്ടോ? വസ്തുക്കളുടെ വിലയിൽ കഴിഞ്ഞ കാലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും അവയുടെ പ്രത്യാഘാതങ്ങളും ചർച്ച ചെയ്യുക.
6. ഉൽപ്പന്നങ്ങളെ ഗണം തിരിച്ച് എഴുതുക.
7. ഓരോരുത്തർക്കും സ്വത്ത് ഉണ്ടാകുന്ന രീതി ചർച്ച ചെയ്യുക.
8. നാളികേരത്തിന്റെ ഉൽപ്പാദന ഇടിവ് സബ്സിഡിയുമായി ബന്ധപ്പെടുത്തി വിശദമാക്കുക.

അധ്യായം 7

എന്റെ നാട്



ഓരോരുത്തർക്കും അവരവരുടെ വീടും നാടും ഏറെ പ്രിയപ്പെട്ടതാണ്.

ഏതാണ് നമ്മുടെ നാട്?

എന്താണ് അതിന്റെ ചരിത്രം?

അതെല്ലാം അറിയാൻ നിങ്ങൾക്കും താൽപ്പര്യമില്ലേ?

നമ്മുടെ ഗ്രാമവും പഞ്ചായത്തും ജില്ലയും സംസ്ഥാനവും രാജ്യവും എല്ലാം നമ്മുടെ നാടുതന്നെ.

ഒന്നാലോചിച്ചാൽ നമ്മുടെ രാജ്യം ഉൾപ്പെട്ട ഈ ലോകം തന്നെയല്ലേ നമ്മുടെ തറവാട്!

കോടാനുകോടി നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ധൂമകേതുക്കളും എല്ലാം എല്ലാം ഉള്ള ഈ പ്രപഞ്ചത്തിൽ നമുക്കറിയാവുന്ന ജീവനുള്ള ഒരേ ഒരിടം ഭൂമി മാത്രമാണല്ലേ?

ആ ഭൂമിയിലെ മഹത്തായ ഒരു ഭൂവിഭാഗമാണ് നമ്മുടെ രാജ്യം!

എന്തുകൊണ്ടാണ് നമ്മുടെ രാജ്യം മഹത്തരമായത്? പതിനായിരം വർഷങ്ങൾക്കു മുമ്പുതന്നെ മഹത്തായ ഒരു സംസ്കാരമുള്ള രാജ്യമാണിത്. സിന്ധു നദീതടസം സ്കാരത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? വേദങ്ങളും ഇതിഹാസങ്ങളും പുരാണ ങ്ങളും രൂപപ്പെട്ട വൈദിക സംസ്ക്കാരവും നമ്മുടെ മഹത്തായ പാരമ്പര്യമാണ്!

എത്രയെത്ര വ്യത്യസ്തമായ ഭൂപ്രകൃതിയും കാലാവസ്ഥയും ഭാഷയും സംസ്കാര ങ്ങളും ആചാരങ്ങളുമുള്ള ഒരു രാജ്യമാണിത്!

ഈ വൈവിധ്യങ്ങൾക്കിടയിലും ഭാരതമെന്ന ഒരു സ്വർണ്ണ നൂലിലൂടെ നാമെല്ലാം കോർത്തിണക്കപ്പെട്ടിരിക്കുന്നു എന്ന സത്യം എത്രമാത്രം അത്ഭുതമുളവാക്കുന്നു!

എന്താ, നമ്മുടെ നാടിനെക്കുറിച്ച് കൂടുതൽ അറിയണമെന്നില്ലേ? ആദ്യം നമുക്ക് നമ്മുടെ ഗ്രാമത്തെക്കുറിച്ച് ചർച്ച ചെയ്യാം. ആ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങൾ അടുക്കിവെച്ചാൽ അത് നമ്മുടെ നാടിന്റെ ചരിത്രമാവും. അപ്പോൾ എന്തെല്ലാം ചർച്ച ചെയ്യണം?

നമ്മുടെ ഗ്രാമത്തിലെ ഏറ്റവും പ്രാചീനമായത് ഏതാണ്. ആരാധനാലയമോ, നന്നങ്ങാടിയോ, കുടക്കല്ലോ?.....

നമ്മുടെ ഗ്രാമത്തിലെ കൃഷിയുടെ ചരിത്രം എന്താണ്? പഴയ നെൽവിത്തുകളുടെ പേരുകളും കൃഷിരീതികളും അന്വേഷിച്ചറിയൂ.

മറ്റ് പ്രധാന തൊഴിലുകൾ എന്തെല്ലാമായിരുന്നു.

ഇന്നത്തേതിൽ നിന്നും എത്രമാത്രം വ്യത്യസ്തമായിരുന്നു പണ്ടത്തെ തൊഴിലുകൾ?

ഗ്രാമത്തിലെ ഏറ്റവും പഴയ വിദ്യാലയം ഏതാണ്?

ആരാണ്, എന്നാണ് അത് സ്ഥാപിച്ചത്?

പഴയകാല പഠനം എങ്ങിനെയായിരുന്നു?

അങ്ങിനെയെങ്കിൽ സ്വന്തം ഗ്രാമത്തിന്റെ വിദ്യാഭ്യാസ ചരിത്രം ഒന്നെഴുതി നോക്കി യാലോ?

എങ്ങിനെയാണ് ഗ്രാമത്തിന് ഇന്നത്തെ പേര് ലഭിച്ചത്?

അതിന്റെ പിന്നിലെ സംഭവം (ഐതിഹ്യം) എന്താണ്? ഒന്നന്വേഷിച്ചാലോ? നാമൊക്കെ താമസിക്കുന്ന ആ തുണ്ട് ഭൂമി മുമ്പ് ആരുടേതായിരുന്നു? അതിനു മുമ്പോ? അതിനും മുമ്പോ? അങ്ങിനെ അന്വേഷിച്ചുപോയാൽ ഗ്രാമത്തിലെ ഭൂമി യുടെ ചരിത്രവും നമുക്ക് ലഭിക്കും.

പേരുകളിലെ മാറ്റം നിങ്ങൾ ശ്രദ്ധിച്ചില്ലേ? വളരെ പഴയകാലത്തെ നമ്മുടെ പൂർവ്വികരുടെ പേരുകൾ ഒന്നെഴുതിനോക്കൂ.

ജാതി അടിസ്ഥാനത്തിലായിരുന്നില്ലേ പേരുകളിട്ടിരുന്നത്? മുമ്പ് പേരിനോടൊപ്പം ജാതിപ്പേരും ചേർത്തിരുന്നു. പക്ഷേ, എല്ലാവരും ചേർത്തിരുന്നുവോ?

പേരുകളുടേയും ജാതികളുടേയും ഒരു ചരിത്രരചന നിർവ്വഹിച്ചാലോ?

നാടൻ പാട്ടുകളും നാട്ടിപ്പാട്ടുകളും ശേഖരിച്ചുനോക്കൂ - ഉത്സവങ്ങളുടെ ചരിത്രം അന്വേഷിക്കൂ.

നിങ്ങളുടെ ഗ്രാമത്തിനും പോരാട്ടങ്ങളുടെ ഉജ്ജ്വല കഥകൾ പറയാനില്ലേ?

സ്വാതന്ത്ര്യസമരത്തിൽ എന്റെ ഗ്രാമത്തിന്റെ പങ്ക് എന്തായിരുന്നു.?

-
-
-

ഇങ്ങിനെ എന്തെല്ലാം ചരിത്രങ്ങൾ നമ്മുടെ ഗ്രാമത്തിനുണ്ട്.

നമ്മുടെ നാടിന്റെ ഈ തരത്തിലുള്ള ഒട്ടനവധി വിവരങ്ങൾ ഒറ്റയ്ക്കും കൂട്ടായും ശേഖരിക്കൂ. ശേഖരിച്ച വിവരങ്ങളെ കൂട്ടായ ചർച്ചയിലൂടെ വിശകലനം ചെയ്യൂ.

ചർച്ചയിൽ സ്വീകരിക്കപ്പെട്ട വിവരങ്ങൾ പുതിയൊരു കടലാസിലേക്ക് പകർത്തൂ.

അങ്ങനെ, നാം നമ്മുടെ നാടിന്റെ ചരിത്രം രചിക്കുന്നു.

ഇങ്ങിനെ സംഭവിക്കുമ്പോൾ നാം ഒരു കാര്യം തിരിച്ചറിയുന്നു.

ചരിത്രം സൃഷ്ടിക്കുന്നത് രാജാക്കന്മാരും, നേതാക്കന്മാരുമല്ല. ജനങ്ങളാണ്!

അതുകൊണ്ടാണ് ചരിത്രം ചലനത്തിന്റെ, മാറ്റത്തിന്റെ, വികാസത്തിന്റെ രേഖയാണ് എന്നു പറയുന്നത്!

- പത്ത് - പതിനഞ്ച് പേജുകൾ വരുന്ന നാടിന്റെ ചരിത്രത്തിന് ഉചിതമായ പേര് നൽകാം.
- ചരിത്ര രചനയിൽ പങ്കെടുത്ത പഠിതാക്കളുടെ പേരുകൾ അതിൽ ചേർക്കണം.
- കവറിട്ട് ഒരു കോപ്പി തൊട്ടടുത്ത ഗ്രന്ഥാലയത്തിന് നൽകണം.
- ഒരു പൊതുചടങ്ങിൽ ഈ ചരിത്രത്തിന്റെ പ്രകാശനം നിർവ്വഹിക്കാം.
- ഓർക്കുക - 'ചരിത്രം രചിക്കേണ്ടത് ആസ്ഥാനപണ്ഡിതന്മാരല്ല. ജനങ്ങളാണ് സാധാരണ ജനങ്ങൾ!!'

പഠനപ്രവർത്തനങ്ങൾ

1) സ്വന്തമായി പൂരിപ്പിക്കുക.

1. നിങ്ങളുടെ പഞ്ചായത്തിന്റെ പേര് :
2. പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം :
3. വനിതാമെമ്പർമാരുടെ എണ്ണം :
4. നിങ്ങളുടെ വാർഡ് നമ്പർ :
5. പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് :
6. നിങ്ങളുടെ വാർഡ് മെമ്പറുടെ പേര് :
7. നിങ്ങളുടെ വാർഡ് ഗ്രാമസഭ നടക്കുന്ന സ്ഥലം :
8. വാർഡ് വികസനസമിതി കൺവീനറുടെ പേര് :
9. പഞ്ചായത്തിലെ ആകെ ജനസംഖ്യ :
10. ആൺ :

    പെൺ :
11. പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം :
12. പഞ്ചായത്തിലെ കുളങ്ങളുടെ എണ്ണം :
13. പുഴകളുടെ എണ്ണം :

    പുഴകളുടെ പേര് :
14. കടൽത്തീരമുണ്ടോ? :

    നീളം :
15. പഞ്ചായത്തിലെ സ്വാതന്ത്ര്യസമരസേനാനികളുടെ പേര്

    1.

    2.

    3.

    4.

    5.

16. കലാ-സാഹിത്യ സാംസ്ക്കാരികരംഗങ്ങളിലെ പ്രമുഖരുടെ പേർ (മേഖല)

1.

2.

3.

4.

5.

17. പഞ്ചായത്തിലെ സ്കൂളുകളുടെ എണ്ണം?

ഹയർസെക്കന്ററി സ്കൂൾ	ഹൈസ്കൂൾ	അപ്പർപ്രൈമറി ലോവർപ്രൈമറി

18. മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേര്

1.

2.

3.

19. പഞ്ചായത്തിലെ മറ്റു പൊതുസ്ഥാപനങ്ങൾ - സ്ഥിതി ചെയ്യുന്ന സ്ഥലം

വില്ലേജ് ഓഫീസ്

കൃഷിഭവൻ

പ്രാഥമികാരോഗ്യകേന്ദ്രം

20. ചരിത്രസ്മാരകങ്ങൾ ഉണ്ടെങ്കിൽ പേര് :

21. വിനോദ സഞ്ചാരകേന്ദ്രങ്ങൾ - പേര് :

22. അയൽപഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ പേരുകൾ :

23. അംഗനവാടികളുടെ എണ്ണം :

24. പ്രധാനപ്പെട്ട ലൈബ്രറികൾ :

25. കലാസമിതികൾ :

26. പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡന്റ് :

27. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്കൂൾ :

28. ഏറ്റവും പഴയ ലൈബ്രറി

29. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ സ്ഥലം :

30. പഞ്ചായത്തിലെ പ്രധാന കൃഷികൾ :

31. ഏറ്റവും കൂടുതൽ പേർ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ :

32. മറ്റു പ്രധാന തൊഴിൽ രംഗങ്ങൾ

1.

2.

3.

2) സ്ഥലനാമങ്ങളുണ്ടായതെങ്ങനെ?

നിങ്ങളുടെ നാടിന്റെ പേര് എങ്ങനെ ഉണ്ടായതാണ്?

നിങ്ങളുടെ അടുത്തുള്ള സ്ഥലങ്ങളുടെ പേരുകൾ ഉണ്ടായതിനെക്കുറിച്ച് അന്വേഷിക്കൂ.

സ്ഥലനാമങ്ങളെക്കുറിച്ചുള്ള പുസ്തകം വായനശാലയിൽ ഉണ്ടോ എന്നന്വേഷിക്കൂ. വായിക്കൂ.

3) വികസനരേഖ പഠിക്കാം.

പഞ്ചായത്ത് വികസനരേഖ നിങ്ങൾ കണ്ടിട്ടുണ്ടോ? വികസനരേഖ പഞ്ചായത്തുമായി ബന്ധപ്പെട്ടാൽ ലഭിക്കും. വികസനരേഖ കൂട്ടായി വായിക്കുക. പ്രധാനപ്പെട്ട ആശയങ്ങൾ/വസ്തുതകൾ ഓരോരുത്തരും രേഖപ്പെടുത്തുക.

4) എത്ര തലമുറയെ അറിയാം.

നിങ്ങളുടെ പേര് എഴുതുക. പേരിനു നേരെ നിങ്ങളുടെ അച്ഛൻ, അമ്മ എന്നിവരുടെ പേര് ചേർക്കുക. അങ്ങനെ എത്ര തലമുറ വരെയുള്ള അച്ഛനമ്മമാരുടെ പേര് നിങ്ങൾക്ക് ചേർക്കാൻ കഴിയും? ബന്ധുക്കളോടും അന്വേഷിക്കാം.

ഉദാഹരണം: നബീസ - ഉസ്മാൻ/ഫാത്തിമ - കാദർ/ആമിന - തറുവയി/ കുഞ്ഞായിഷ -പക്രു/മറിയമ്മ-പര്യയി/ഉമ്മാച്ച

നിങ്ങൾക്കറിയാവുന്ന ഒരുദേശഭക്തി ഗാനം ചുവടെ എഴുതുക.

അധ്യായം 8

നമ്മുടെ കേരളം

"ഭാരതമെന്നപേർ കേട്ടാലഭിമാന-
പൂരിതമാവണമന്തഃരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളിൽ"

- വള്ളത്തോൾ നാരായണമേനോൻ

മഹാകവി വള്ളത്തോളിന്റെ ഈ വരികൾ കേൾക്കാത്തവരായി മലയാളികൾ ആരുമുണ്ടാവില്ല.

കേരളത്തെക്കുറിച്ച് നിങ്ങൾക്കെന്തൊക്കെയറിയാം?

ഇന്ത്യയുടെ ഏതു ഭാഗത്താണ് കേരളം സ്ഥിതി ചെയ്യുന്നത്? ഇന്ത്യയുടെ ഭൂപടത്തിൽ കേരള സംസ്ഥാനം കണ്ടുപിടിക്കൂ.

കേരളത്തിന്റെ പടിഞ്ഞാറുഭാഗത്ത് അറബിക്കടലാണ്. കിഴക്കു ഭാഗത്ത് സഹ്യപർവ്വതവും. തെക്ക് ഭാഗത്ത് തമിഴ്നാട് സംസ്ഥാനവും വടക്കു കർണാടക സംസ്ഥാനവുമാണ്.

1947-ൽ സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ കേരളം മൂന്നു പ്രദേശങ്ങളായിരുന്നു.

തെക്ക് - തിരുവിതാംകൂർ

മധ്യഭാഗം - കൊച്ചി

വടക്ക് - മലബാർ

തിരുവിതാംകൂറും കൊച്ചിയും രാജഭരണത്തിൻ കീഴിലായിരുന്നു. മലബാർ പ്രദേശം ബ്രിട്ടീഷുകാരുടെ ഭരണത്തിൻ കീഴിലും.

ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം 1956 നവംബർ ഒന്നിനാണ് കേരള സംസ്ഥാനം രൂപം കൊണ്ടത്. പണ്ടു കാലത്തെ കേരളത്തിലെ സാമൂഹ്യവ്യവസ്ഥ എങ്ങനെയായിരുന്നു?

'തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ

ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ

ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ!'

ഈ സാമൂഹ്യാവസ്ഥയെ മാറ്റിമറിക്കാൻ അനവധി പരിശ്രമങ്ങൾ ഇവിടെ നടന്നു. ഇതിനു നേതൃത്വം നൽകിയ മഹാന്മാർ ആരൊക്കെയാണ്?

ശ്രീനാരായണഗുരു

ചട്ടമ്പിസ്വാമികൾ

അയ്യങ്കാളി

വക്കം അബ്ദുൾ ഖാദർ മൗലവി

വി.ടി.ഭട്ടതിരിപ്പാട്

ഇ.എം.എസ് നമ്പൂതിരിപ്പാട്

ഈ മഹാന്മാരുടെ ജീവിതവും പ്രവർത്തനങ്ങളും നാം പരിചയപ്പെടണം. അറിയാവുന്നവരോട് ചോദിച്ചറിയണം. പുസ്തകങ്ങൾ വായിക്കണം.

കേരളത്തെ മാറ്റി മറിച്ചവർ എന്ന ഒരു ചെറു പുസ്തകം നമുക്കു തന്നെ ഉണ്ടാക്കിയാലോ? ആരൊക്കെയാണ് കുറിപ്പുകൾ തയ്യാറാക്കുക? ഇതിലേക്കുള്ള ചില സൂചനകൾ മാത്രം താഴെ കൊടുക്കുന്നു. ഇത് നിങ്ങൾക്ക് വലുതാക്കാം. പുതിയവ കൂട്ടിച്ചേർക്കാം. അവരുടെ ചിത്രങ്ങൾ ശേഖരിച്ച് വിവരണത്തോടൊപ്പം ഒട്ടിക്കുകയും ചെയ്യാം.

നല്ല ഒരു പുസ്തകമാവും അത് കേരളത്തെക്കുറിച്ച് - നാടിനെ മാറ്റിമറിച്ചവരെക്കുറിച്ചുള്ള ഒരു മികച്ച പുസ്തകം.

ശ്രീനാരായണഗുരു



1856-ൽ തിരുവനന്തപുരത്തെ ചെമ്പഴന്തിയിൽ ജനിച്ചു. 1894-ൽ അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തി വിപ്ലവം സൃഷ്ടിച്ചു. 1903-ൽ ശ്രീനാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിച്ചു. 1928-ൽ വർക്കലയിലെ ശിവഗിരിയിൽ സമാധിയായി.

പ്രധാന കൃതികൾ

ആത്മോപദേശശതകം, ജാതിമീമാംസ, ദർശനമാല തുടങ്ങി നിരവധി കൃതികൾ.

ചട്ടമ്പിസ്വാമികൾ

1853-ൽ തിരുവനന്തപുരം കൊല്ലൂരിൽ ജനിച്ചു. യഥാർത്ഥ പേര്: കുഞ്ഞപ്പൻപിള്ള. ജാതി, അയിത്തം, അനാചാരം എന്നിവയെ ശക്തമായി എതിർത്തു. അസാമാന്യ പണ്ഡിതനായ സ്വാമികളുടെ പ്രധാന കൃതികളാണ് അദ്വൈത ചിന്താപദ്ധതി, പ്രാചീനകേരളം, വേദാന്തസാരം തുടങ്ങിയവ. 1924-ൽ പന്മനയിൽ സമാധിയായി.

അയ്യങ്കാളി

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിൽ 1863-ൽ ജനിച്ചു. താണജാതിക്കാരെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാൻ കഠിനമായി പ്രയത്നിച്ചു. താണജാതിക്കാർക്ക് പൊതുവഴിയിൽക്കൂടി നടക്കാനും മാറുമറയ്ക്കാനും വിദ്യാഭ്യാസം നേടാനും വേണ്ടി പടപൊരുതി. 1905-ൽ സാധുജന പരിപാലന സംഘം സ്ഥാപിച്ചു. 1941-ൽ അന്തരിച്ചു.

വക്കം അബ്ദുൾഖാദർ മൗലവി

1873-ൽ തിരുവനന്തപുരത്തെ വക്കം എന്ന സ്ഥലത്ത് ജനിച്ചു. സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിന്ന മുസ്ലീങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ അക്ഷീണം പ്രയത്നിച്ചു. സ്വദേശാഭിമാനി പത്രത്തിന്റെ ഉടമ. രാമകൃഷ്ണപിള്ളയെ പത്രാധിപരായി നിയമിച്ചു. ദിവാന്റെ ദുർനടപടികളെ പത്രം എതിർത്തു. സർക്കാർ പത്രം പിടിച്ചെടുത്തു. 1932-ൽ അന്തരിച്ചു.

വി.ടി.ഭട്ടതിരിപ്പാട്



1896-ൽ പാലക്കാട് ജില്ലയിലെ മേഴത്തൂരിൽ ജനനം. യഥാർത്ഥ പേര് രാമൻ ഭട്ടതിരിപ്പാട്. നമ്പൂതിരി സമുദായത്തിലെ അനീതികൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രയത്നിച്ചു. 'അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക്' എന്ന നാടകം കോളിളക്കമു

ണ്ടാക്കി. വെടിവട്ടം, കാലത്തിന്റെ സാക്ഷി, ജീവിതസ്മരണകൾ തുടങ്ങിയവ പ്രധാന കൃതികൾ. 'കണ്ണീരും കിനാവും' എന്ന ആത്മകഥയ്ക്ക് അവാർഡ് ലഭിച്ചിട്ടുണ്ട്. 1982-ൽ അന്തരിച്ചു.

ഇ.എം.എസ്. നമ്പൂതിരിപ്പാട്

1909-ൽ പട്ടാമ്പിയിലെ ഏലംകുളം മന എന്ന ജന്മി കുടുംബത്തിൽ ജനനം. കോളേജ് പഠനകാലത്ത് സ്വാതന്ത്ര്യസമരത്തിലേക്ക് എടുത്തുചാടി ജയിൽവാസമനുഷ്ഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃപദവിയിലെത്തി. പിന്നീട് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കാൻ നേതൃത്വം നൽകി. 1957-ൽ നടന്ന കേരളത്തിലെ ആദ്യ തെരഞ്ഞെടുപ്പിൽ ജയിച്ച് ആദ്യത്തെ മുഖ്യമന്ത്രിയായി. തൊഴിലാളിവർഗത്തേയും ഭൂപരിഷ്ക്കരണത്തേയും കുറിച്ച് ഇത്രയേറെ ചിന്തിച്ച മറ്റൊരിന്ത്യാക്കാരനില്ല. 1998-ൽ അന്തരിച്ചു.

പഠനപ്രവർത്തനങ്ങൾ

1. നവംബർ 1 കേരളപ്പിറവി ദിനമാണല്ലോ. അന്നു വായനശാലയിൽ വച്ച് നടക്കുന്ന പ്രശ്നോത്തരി (ക്വിസ് മത്സരം) നിങ്ങളാണു നടത്തുന്നത്. കേരളത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ മാത്രമേ ചോദിക്കാവൂ. പ്രശ്നോത്തരിക്കു പറ്റിയ 20 ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കുക. (വ്യക്തികൾ, പുസ്തകങ്ങൾ, പത്രങ്ങൾ, സ്ഥാപനങ്ങൾ, ... ബന്ധപ്പെട്ട വസ്തുതകൾ ശേഖരിക്കാം.)

2. കേരളത്തിലെ ചില സ്ഥലങ്ങളാണ് ചുവടെ. ഇവ ഏതു ജില്ലയിലാണെന്നു കണ്ടുപിടിച്ചെഴുതുക.

തേക്കടി	....
മലമ്പുഴ	....
ശബരിമല	....
ബേക്കൽ	....
കൊച്ചി	....
കാപ്പാട്	....
ബീമാപ്പള്ളി	....
മലയാറ്റൂർ	....
കൊടുങ്ങല്ലൂർ	....
ഇടയ്ക്കൽ ഗുഹ	....

ഉത്തരമെഴുതുക

1. കേരളത്തിന്റെ അതിരുകൾ ഏവ?

....

2. മലയാളികളുടെ മഹോത്സവം ഏത്?

....

3. കേരളത്തിൽ എത്ര നദികളുണ്ട്? പേരുകൾ എഴുതുക.

....

4. കേരളത്തിനു കേരളം എന്ന പേരുണ്ടായതെങ്ങനെ?

....

5. കേരളത്തിന്റെ തനതു കലാരൂപങ്ങൾ ഏവ?

....

അധ്യായം 9

ഊർജ്ജമാണഖിലസാരമൂഴിയിൽ



നേരം പുലർന്നു. സൂര്യൻ ഉദിച്ചുയർന്നു. പക്ഷികൾ കലപില ശബ്ദമുണ്ടാക്കുന്നു. കുട്ടികൾ സ്കൂളിലേക്ക് പോയിത്തുടങ്ങി. രാമുവും കേശുവും ഔസേപ്പും സാജനും പാടത്ത് പണി തുടങ്ങി. ദാക്ഷായണി പണിക്കുപോയില്ല. വിളിച്ചതാണ്. എന്തേ ദാക്ഷായണി മടിച്ചത്? മടിച്ചതല്ല. രണ്ട് ദിവസമായി സുഖമില്ലായിരുന്നു. ഇപ്പോ സുഖക്കേട് മാറി. എങ്കിലും പണിയെടുക്കാൻ കഴിയാത്തപോലെ. ശരീരത്തിന് ഒരു ശേഷിക്കുറവ്.

പനി കാരണം രണ്ട് ദിവസമായി വേണ്ടതുപോലെ ഭക്ഷണം കഴിക്കാൻ കഴിഞ്ഞില്ല. ഭക്ഷണം കഴിക്കാഞ്ഞാൽ എങ്ങനെയാ പണിയെടുക്കാൻ കഴിയുക?

പണിയെടുക്കാൻ വേണ്ട ഊർജ്ജം നമുക്ക് കിട്ടുന്നത് ഭക്ഷണത്തിൽ നിന്നാണ്. പാറപൊട്ടിക്കാനും വിറകുവെട്ടാനും തൂമ്പ കൊണ്ട് കിളക്കാനും നെല്ലുകുത്താനും ചുമടെടുക്കാനും എല്ലാം ഊർജ്ജം വേണം. ഭക്ഷണം കഴിക്കുമ്പോൾ നമുക്ക് ജോലി ചെയ്യാനുള്ള ഊർജ്ജം ലഭിക്കുന്നു. ഇതിന് കായിക ഊർജ്ജം എന്നു പറയുന്നു.

ഏത് പ്രവൃത്തി ചെയ്യാനും ഊർജ്ജം വേണം കേട്ടോ. ഭക്ഷണം പാകം ചെയ്യാൻ വേണ്ട ഊർജ്ജമാണ് ചൂട് അഥവാ താപം. താപോർജ്ജം എന്നു പറയും. വിറക് കത്തുമ്പോഴും ഗ്യാസ് കത്തുമ്പോഴും താപോർജ്ജം നമുക്ക് കിട്ടുന്നു.

ബൾബെരിയാനും ടി.വി- റേഡിയോ എന്നിവ പ്രവർത്തിക്കാനും ഊർജ്ജം വേണം. അത് വൈദ്യുതോർജ്ജമാണ്. ഫാൻ തിരിയുന്നതും ഫ്രിഡ്ജ് പ്രവർത്തിക്കുന്നതും വാഷിംഗ് മെഷീൻ പ്രവർത്തിക്കുന്നതും വൈദ്യുതോർജ്ജം കൊണ്ടാണ്. വിദ്യുച്ഛക്തി എന്നത് വല്ലാത്ത ഒരൂർജ്ജമാണ്. എന്ത് പണിയും അതിനെക്കൊണ്ട് എടുപ്പിക്കാം. അതിനുള്ള യന്ത്രം ഉണ്ടായാൽ മതി.

ബസ്സും കാറും ഒക്കെ ഓടാൻ വേണ്ട ഊർജ്ജം ഡീസലോ പെട്രോളോ കത്തിച്ചാണ് ലഭിക്കുന്നത്. കൽക്കരി കത്തിച്ചും യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാം. ഇവിടെയൊക്കെ ചൂടിനെ നാം യന്ത്രങ്ങളുടെ ഊർജ്ജമാക്കി മാറ്റുകയാണ് ചെയ്യുന്നത്.

നിങ്ങൾ വലിയ അണക്കെട്ട് കണ്ടിട്ടുണ്ടോ? അണക്കെട്ടിന്റെ ഒരു വശത്ത് വെള്ളം കെട്ടിനിർത്തിയിരിക്കും. അണക്കെട്ട് എത്ര ഉയരത്തിലാണോ അത്രയും ഉയരത്തിൽ വെള്ളം കെട്ടിനിർത്തും. ഈ വെള്ളത്തെ കുഴലിലൂടെ ചാടിച്ച് യന്ത്രങ്ങൾ തിരിച്ചാണ് വിദ്യുച്ഛക്തി ഉണ്ടാക്കുന്നത്. ഉയരത്തിലെ വെള്ളത്തിന്റെ ഊർജ്ജത്തെ ആദ്യം യാന്ത്രികോർജ്ജമാക്കി മാറ്റുന്നു. അതിനെ പിന്നെ വിദ്യുച്ഛക്തിയാക്കിയും മാറ്റുന്നു.

താപനിലയങ്ങളിൽ ഇന്ധനങ്ങൾ കത്തിച്ചു താപോർജ്ജമുണ്ടാക്കും. അതിനെ പിന്നെ വിദ്യുച്ഛക്തിയാക്കി മാറ്റുകയാണ് ചെയ്യുക. കാറ്റാടിയിൽ കാറ്റിലുള്ള ഊർജ്ജത്തെ വിദ്യുച്ഛക്തിയാക്കി മാറ്റുന്നു.

സൂര്യനിൽ നിന്നുള്ള ഊർജ്ജം സ്വീകരിച്ചാണ് സസ്യങ്ങൾ ആഹാരമുണ്ടാക്കുന്നത്. ഈ ആഹാരമാണ് എല്ലാ ജീവികളുടെയും ഊർജ്ജത്തിന് കാരണം.

കാറ്റടിക്കുന്നതും മഴ പെയ്യുന്നതും സൂര്യന്റെ ഊർജ്ജം കൊണ്ടാണ്. അണക്കെട്ടിൽ വെള്ളമെത്തിയത് മഴ പെയ്താണ്. അതും സൂര്യന്റെ ഊർജ്ജം കൊണ്ട് തന്നെ.

എല്ലാ ഇന്ധനങ്ങളിലും ഒളിഞ്ഞിരിക്കുന്നതും സൂര്യന്റെ ഊർജ്ജം തന്നെയാണ്. വിറകായാലും കൽക്കരിയായാലും എണ്ണയായാലും അതിനെല്ലാം കാരണം സൂര്യന്റെ

ഊർജ്ജമാണെന്ന് കാണാം. രാമുവും കേശുവുമെല്ലാം പണിചെയ്യുന്നത് ഭക്ഷണ ത്തിൽ നിന്ന് കിട്ടിയ ഊർജ്ജം കൊണ്ടാണല്ലോ. ഒന്ന് ചിന്തിച്ചാൽ അതും സൂര്യ നിൽ നിന്ന് കിട്ടിയ ഊർജ്ജം കൊണ്ട് ഉണ്ടാക്കിയതല്ലേ? അപ്പോൾ എല്ലാ ഊർജ്ജ ത്തിന്റെയും അടിസ്ഥാനം സൂര്യൻ തന്നെ.

ഊർജ്ജം നമുക്ക് വളരെ വേണ്ടപ്പെട്ട ഒന്നാണ്. ഏത് തരം പ്രവൃത്തിക്കും ഊർജ്ജം കൂടിയേ തീരൂ. ഊർജ്ജം വളരെ വിലപ്പെട്ടതാണ്. അത് ഒട്ടും തന്നെ പാഴാക്കാതെ നോക്കേണ്ടതാണ്.

വിവിധ ഊർജ്ജരൂപങ്ങൾ

- കായിക ഊർജ്ജം
- യാന്ത്രിക ഊർജ്ജം
- താപ ഊർജ്ജം
- വൈദ്യുത ഊർജ്ജം
- പ്രകാശ ഊർജ്ജം
- ശബ്ദ ഊർജ്ജം
- ആണവ ഊർജ്ജം
- രാസ ഊർജ്ജം

പ്രവർത്തനങ്ങൾ

1. ഓരോ ഊർജ്ജരൂപത്തിന്റെയും ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നു. ഇവയെ ശരിയാംവിധം യോജിപ്പിച്ച് എഴുതുക.

1. കായിക ഊർജ്ജം	എ.	മെഴുകുതിരി കത്തുന്നു.
2. യാന്ത്രിക ഊർജ്ജം	ബി.	വെള്ളം കോരുന്നു.
3. താപ ഊർജ്ജം	സി.	ചക്രം തിരിയുന്നു.
4. വൈദ്യുത ഊർജ്ജം	ഡി.	രാധ പാട്ടുപാടുന്നു.
5. പ്രകാശ ഊർജ്ജം	ഇ.	ബൾബ് കത്തുന്നു.
6. ശബ്ദ ഊർജ്ജം	എഫ്.	വെള്ളം തിളയ്ക്കുന്നു.

2. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന എത്ര ഉപകരണങ്ങൾ നിങ്ങൾക്കറിയാം. എഴുതി നോക്കൂ.

3. നിങ്ങൾക്ക് വീട്ടിൽ ഏതൊക്കെ വിധത്തിൽ ഊർജ്ജം പാഴായിപ്പോകുന്നത് തടയാൻ കഴിയും? താഴെക്കൊടുത്തവയിൽ ഏതൊക്കെ ശരി, ഏതൊക്കെ തെറ്റ്?

   1. പുകയില്ലാത്ത അടുപ്പ് ഉപയോഗിക്കുക.
   2. ആവശ്യമില്ലാത്തപ്പോൾ ബൾബും ഫാനും ഓഫാക്കുക.
   3. ബൾബിനു പകരം സി.എഫ്.എൽ ഉപയോഗിക്കുക.
   4. കച്ചിപ്പെട്ടി/ചൂടാറാപ്പെട്ടി ഉപയോഗിക്കുക.
   5. വെള്ളം ചൂടാക്കുമ്പോൾ പാത്രം തുറന്നുവെയ്ക്കുക.
   6. വിറകിന് പകരം ഗ്യാസുപയോഗിക്കുക.

4. പഠിതാക്കൾ എല്ലാവരും ചേർന്ന് ഒരു അണക്കെട്ടോ ഫാക്ടറിയോ സന്ദർശിക്കുക. അവിടെ ഊർജ്ജം ഉണ്ടാക്കുന്ന/ഉപയോഗിക്കുന്ന രീതി കാണുക.

5. കൽക്കരിയോ എണ്ണയോ കത്തിച്ച് വിദ്യുച്ഛക്തി ഉണ്ടാക്കുന്ന ശാലകളാണ് താപ നിലയങ്ങൾ. ഇവ ഏതെല്ലാം വിധത്തിൽ ചുറ്റുപാടിനെ മലിനമാക്കുന്നു?

6. സൂര്യവെളിച്ചം ഉപയോഗിച്ച് വിളക്കു കത്തിക്കുന്ന സൗരറാന്തലുകൾ കണ്ടിട്ടുണ്ടോ? അവയിൽ എന്തൊക്കെ ഭാഗങ്ങളുണ്ടെന്ന് ചോദിച്ചു മനസ്സിലാക്കുക.

7. സൂര്യന്റെ ഊർജ്ജം നമ്മുടെ ഊർജ്ജമായി മാറുന്ന ഘടകങ്ങൾ ഏതെല്ലാം?
8. സൂര്യന്റെ സഹായം കൊണ്ടല്ലാതെയുള്ള വല്ല ഊർജ്ജവുമുണ്ടോ? അന്വേഷിക്കുക. ചർച്ച ചെയ്യുക.
9. പുകയില്ലാത്ത അടുപ്പ് കണ്ടിട്ടുണ്ടോ? ഒരു പുകയില്ലാത്ത അടുപ്പ് നിർമ്മിക്കുന്നത് കാണുക. അത് എങ്ങനെ ഊർജ്ജം ലാഭിക്കുന്നു?
10. നിങ്ങളുടെ വീട്ടിൽ ഏതെല്ലാം തരം ഊർജ്ജം ഉപയോഗിക്കുന്നു? എഴുതി നോക്കാമോ?

അധ്യായം 10

സസ്യലോകം



പാച്ചു മൂപ്പരുടെ 20 സെന്റ് പറമ്പിൽ ഇല്ലാത്ത ചെടികളും മരങ്ങളുമില്ല. മാവും, പ്ലാവും, പുളിയും കവുങ്ങും തെങ്ങും വലിയ വലിയ മരങ്ങളും പൂച്ചെടികളും ഔഷധച്ചെടികളും വള്ളിപ്പടർപ്പുകളും കുറ്റിച്ചെടികളും എല്ലാമുണ്ട്.

കോളേജിൽ സസ്യശാസ്ത്രം പഠിപ്പിക്കുന്ന ബാലൻമാഷ് ഇടയ്ക്കിടെ മൂപ്പരുടെ വീട്ടിലെത്തും. ചിലപ്പോളൊക്കെ അപൂർവ്വമായി ചില ചെടികളും കൊണ്ടുവരും. പാച്ചുമൂപ്പരുടെ തൊടിയിൽ അവ ഭദ്രമാണെന്ന് ബാലൻമാസ്റ്റർക്ക് ഉറപ്പുണ്ട്. ഇത്തവണ മനോഹരമായ ആകൃതിയോടുകൂടിയ ഏതാനും കള്ളിച്ചെടികളാണ് ബാലൻമാഷ് കൊണ്ടുവന്നിരിക്കുന്നത്.

'പാച്ചുവേട്ടാ, ഇതാ ഇത്തവണ മൂന്നുനാല് കള്ളിക്കുട്ടികളെയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇവര് ഇവിടെയൊന്നും ഉള്ളവരല്ല. രാജസ്ഥാനിലെ മരുഭൂമിയിൽ വളരുന്നവരാണ്. കുട്ടികളോടൊപ്പം പഠനപര്യടനത്തിനുപോയപ്പോൾ പാച്ചുവേട്ടനുവേണ്ടി പ്രത്യേകം കൊണ്ടുവന്നതാ'. പാച്ചുവേട്ടന്റെ മുഖം സന്തോഷം കൊണ്ടു പ്രകാശിച്ചു. പുതിയ ചെടികളെ ആശ്ചര്യത്തോടെ നോക്കിക്കൊണ്ട് പാച്ചുമൂപ്പർ പറഞ്ഞു: 'വളരെ സന്തോഷം മാഷേ, ഇവരെക്കൂടെ കൂട്ടിയാൽ 29 തരം കള്ളിച്ചെടികളായി.

നമുക്ക് ഇവരെ അവരുടെ കൂട്ടുകാരുടെ അടുത്തെത്തിക്കാം. മാഷ് വരൂ.'

വൃത്തിയായി വെട്ടിയുണ്ടാക്കിയ വഴിയിലൂടെ പാച്ചുമൂപ്പര്, ബാലൻ മാഷെ കള്ളി മുൾച്ചെടികൾ വളർത്തുന്ന സ്ഥലത്തേക്ക് നയിച്ചു. പുതിയ ചെടികൾക്ക് സ്ഥാനമൊരുക്കിയ ശേഷം പാച്ചുമൂപ്പര് ചോദിച്ചു: 'അല്ല മാഷേ, ഈ ഭൂലോകത്തുള്ള സകല സസ്യങ്ങളുടെയും ഓരോ മൂട് നട്ടുപിടിപ്പിക്കണമെങ്കിൽ എത്ര സ്ഥലം വേണ്ടി വരും?'

പാച്ചുമൂപ്പരുടെ ചോദ്യങ്ങൾ എപ്പോഴും കേൾക്കുന്നതുകൊണ്ട് മാഷ്ക്ക് അത്ഭുതമൊന്നും തോന്നിയില്ല. ചെറുതായി ചിരിച്ചുകൊണ്ട് ബാലൻമാഷ് പറഞ്ഞു: 'പാച്ചുവേട്ടാ, അത് നടപ്പുള്ള കാര്യമല്ല കേട്ടോ! അതിന് ഒരു ചെറിയ ഭൂലോകം തന്നെ വേണ്ടിവരും.'

'അതെന്താ അങ്ങനെ?' പാച്ചു മൂപ്പര് അങ്ങനെ പെട്ടെന്നു വിട്ടുകൊടുക്കുന്ന ആളൊന്നുമല്ല. ബാലൻമാഷ്ക്ക് പാച്ചുമൂപ്പരുമായി സംസാരിക്കാൻ വലിയ ഇഷ്ടമാണ്. കൊച്ചുകുട്ടികളുടേതുപോലുള്ള പാച്ചുമൂപ്പരുടെ ചോദ്യങ്ങൾ കേൾക്കുമ്പോ മാഷ് വിചാരിക്കും ഈ പ്രായത്തിലും എന്തൊരു ജിജ്ഞാസ......

മാഷ് വിശദമായി പറയാൻ തുടങ്ങി:

'അതേയ്, പാച്ചുവേട്ടാ, ഇപ്പോഴത്തെ അറിവു വെച്ച് ഈ ഭൂലോകത്ത് ഏതാണ്ട് 350000 ജാതി സസ്യങ്ങളുണ്ട്. ഈ ഓരോ ജാതിയിലും അനേകായിരം തരം സസ്യങ്ങൾ. ഇവയിൽ പലതും കരയിൽ മാത്രമല്ല, കടലിലും ജലാശയങ്ങളിലും വായുവിലും ഒക്കെ വളരുന്നവയാണ്. പല സസ്യങ്ങളും നമുക്ക് കണ്ണുകൊണ്ട് കാണാൻ കഴിയാത്തവിധം ചെറുതാണ്. എത്ര സ്ഥലമുണ്ടായാലും ഇവയെല്ലാം ശേഖരിച്ച് വളർത്താൻ പറ്റില്ല പാച്ചേട്ടാ.'

'അതുശരി തന്നെയാ മാഷേ! കടലിലും തണുപ്പുരാജ്യങ്ങളിലും ഒക്കെ വളരുന്ന ചെടികളും മരങ്ങളും നമ്മുടെ നാട്ടില് വേര് പിടിക്കില്ല.'

'അതിരിക്കട്ടെ മാഷേ, 3,50,000 ജാതി സസ്യങ്ങളുണ്ട്ന്നല്ലേ മാഷ് പറഞ്ഞത്. അത്ഭുതം തന്നെ!'

പാച്ചുവേട്ടന്റെ സംശയം വേറൊരു വഴിക്കു തിരിഞ്ഞു. 'എങ്ങനെയാണ് ഈ സസ്യങ്ങളെ തരംതിരിക്കുന്നത് മാഷേ?' 'പാച്ചേട്ടാ, സസ്യങ്ങളെ തരംതിരിക്കുന്ന പണി അത്ര എളുപ്പമൊന്നുമല്ല കേട്ടോ. എന്നാലും ചില സംഗതികൾ കേട്ടോളൂ.'

'ആദ്യമായി പറയാനുള്ളത് ഈ സസ്യങ്ങൾ ഉണ്ടെങ്കിലേ നമുക്കും മറ്റ് സർവ്വജീവികൾക്കും നിലനിൽപ്പുള്ളൂ. അവ ഉണ്ടാക്കുന്ന ഭക്ഷണമല്ലേ നമ്മുടെ ആഹാരം? മാത്രവുമല്ല, സസ്യങ്ങളാണ് അന്തരീക്ഷത്തിലെ പ്രാണവായുവിന്റെ അളവിനെ പരിരക്ഷിച്ചു നിർത്തുന്നത്. ശാസ്ത്രജ്ഞന്മാർ സസ്യങ്ങളെ പ്രധാനമായും രണ്ട് വിഭാഗമായാണ്

തരംതിരിക്കാറുള്ളത്. പുഷ്പിക്കുന്ന സസ്യങ്ങളും പുഷ്പിക്കാത്ത സസ്യങ്ങളും. 350000 സസ്യജാതികൾ ഉണ്ടെന്നു പറഞ്ഞില്ലേ? ഇതിൽ 250000ത്തിലേറെ പുഷ്പിക്കുന്ന സസ്യങ്ങളാണ്. പാച്ചേട്ടന്റെ പറമ്പിൽത്തന്നെ ഈ രണ്ടുതരവും ഉണ്ടല്ലോ!'

"അതു ശരിയാ, നമ്മുടെ കോഴിവാലന്മാരും പന്നൽ ചെടികളും ഒന്നും പൂക്കാറില്ല."

'ഇതിനു പുറമെ സസ്യങ്ങളുടെ വലിപ്പം, വേരിന്റെ ആകൃതി, ഇലകളുടെ നിറം, ആകൃതി എന്നിങ്ങനെ പലതിന്റെയും അടിസ്ഥാനത്തിൽ സസ്യങ്ങളെ തരംതിരിക്കാറുണ്ട് പാച്ചേട്ടാ...'

'ശരിയാ മാഷേ... പൂപ്പലും പായലും പുല്ലും വള്ളിയും കള്ളിച്ചെടി, സൂചിമുഖി, പനകൾ, പൊന്തപ്പടർപ്പുകൾ, പടുകൂറ്റൻ മരങ്ങൾ അങ്ങിനെ എന്തെന്തെല്ലാം തരം സസ്യങ്ങളാ അല്ലേ? അതിശയം തന്നെ... പാച്ചുമൂപ്പര് പറഞ്ഞു...' 'സസ്യങ്ങളുടെ ലോകം ഒരത്ഭുതലോകം തന്നെയാ... എത്ര പഠിച്ചാലും തീരാത്തത്ര അത്ഭുതങ്ങളാണ്.'

'ആട്ടെ, ഇനി ചോദ്യങ്ങളൊന്നും ഇല്ലല്ലോ പാച്ചേട്ടാ.' ബാലൻമാഷ് ചോദിച്ചു. പാച്ചേട്ടനല്ലേ ആള്. മൂപ്പരുടെ സംശയങ്ങൾക്കുണ്ടോ അവസാനം! തലപതുക്കെ ചൊറിഞ്ഞുകൊണ്ട് പാച്ചുവേട്ടൻ ചോദിച്ചു. 'ഇനി ഒരു ചോദ്യം കൂടി ഉണ്ട് മാഷേ... പക്ഷേ അതിന്റെ ഉത്തരം ചായ കുടിച്ചോണ്ട് പറഞ്ഞാൽ മതി.' മാഷ് ചിരിച്ചു.

രണ്ടാളും കൂടി പാച്ചുമൂപ്പരുടെ പൂമുഖത്തേക്കു നടന്നു. മൂപ്പര് അകത്തുചെന്ന് രണ്ട് കപ്പ് ചൂടുചായയും അവലു നനച്ചതും മാഷ്ടെ മുന്നിൽ വെച്ചു. മാഷ് പറഞ്ഞു. 'പാച്ചേട്ടൻ ചായയും അവലും തന്ന് മയക്കി അടുത്ത ചോദ്യം ചോദിക്കാനുള്ള ഭാവമാണ് അല്ലേ? പോരട്ടെ... പോരട്ടെ...' പാച്ചുമൂപ്പര് ചോദിച്ചു. 'മാഷേ ഇത്രേം സസ്യങ്ങളുടെ കൂട്ടത്തിൽ മനുഷ്യര് ഏതാണ്ട് എത്ര സസ്യങ്ങളാ കൃഷി ചെയ്യുന്നത്?'

'ഇതും കടുത്തൊരു ചോദ്യമാണേ പാച്ചേട്ടാ'. ചായ നുണഞ്ഞുകൊണ്ട് ബാലൻമാഷ് പറഞ്ഞു. 'ധാന്യങ്ങൾ, പച്ചക്കറിവിളകൾ, കിഴങ്ങു വർഗങ്ങൾ, പഴങ്ങൾ, എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ, നാരുവിളകൾ, നാണ്യവിളകൾ എന്നിങ്ങനെ വിവിധ ഇനങ്ങളിലായി ഏതാണ്ട് 10000ത്തോളം സസ്യഇനങ്ങൾ ആണ് കൃഷി ചെയ്തു വരുന്നത്. ധാരാളം പുതിയ പുതിയ വിളവുകൾ രംഗത്തു വരുന്നുമുണ്ട്. ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് ഭക്ഷ്യധാന്യങ്ങളും കരിമ്പുമാണ് എന്നാണ് അടുത്തകാലത്ത് വായിച്ചത്.'

സന്തോഷം മാഷേ! ചോദ്യങ്ങൾ ഇനിയുമുണ്ട്. പക്ഷേ ഇന്നത്തേക്ക് മതി. മാഷ്ക്ക് വീട്ടിലെത്തണ്ടേ? പാച്ചുമൂപ്പര് പറഞ്ഞു. മാഷ് യാത്ര പറഞ്ഞ് ഇറങ്ങാൻ തയ്യാറായി. തൊടിയിലുണ്ടാക്കിയ പച്ചക്കറികൾ ഒരു സഞ്ചി നിറച്ച് മാഷെ ഏൽപിച്ചുകൊണ്ട് പാച്ചുമൂപ്പർ ബാലൻമാഷെ യാത്രയാക്കി.

പഠനപ്രവർത്തനങ്ങൾ

1. നിങ്ങൾ നേരിട്ട് കണ്ട് പരിചയമുള്ള 30 മരങ്ങളുടെ പേര് എഴുതുക.
2. നിങ്ങളുടെ നാട്ടിൽ കൃഷി ചെയ്തു വരുന്ന പ്രധാന വിളകളുടെ പേരും അവയ്ക്ക് കൃഷിക്കാരന് കിട്ടുന്ന വിലയും പട്ടികപ്പെടുത്തുക.

   നെല്ല്

   തേങ്ങ

   മരച്ചീനി

   നേന്ത്രക്കായ

   റബ്ബർ
3. നിങ്ങളുടെ പഞ്ചായത്തിൽ കണ്ടുവരുന്ന പ്രധാനപ്പെട്ട ഔഷധസസ്യങ്ങൾ ഏതെല്ലാമാണ്? പേരെഴുതുക. ഇവയുടെ ഔഷധഗുണങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

   ....
4. നെൽകൃഷിയെ ബാധിക്കുന്ന പ്രധാന കളകൾ ഏതെല്ലാം? പേരെഴുതുക. ഇവയെ നശിപ്പിക്കാൻ ഏതെല്ലാം മാർഗ്ഗങ്ങളുണ്ട്? കീടനാശിനികൾ ഉപയോഗിക്കാറുണ്ടോ? കീടനാശിനികളുടെ ഗുണദോഷങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
5. നിങ്ങളുടെ പഞ്ചായത്തിലെ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെന്തെല്ലാം? ഇതു സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് തയ്യാറാക്കുക.
6. നിങ്ങളുടെയോ അയൽപക്കങ്ങളിലെയോ പറമ്പിലുള്ള വിവിധ സസ്യങ്ങളുടെ ഇലകളുടെ ആകൃതി, നിറം എന്നിവയിലെ വ്യത്യാസങ്ങൾ നോക്കി മനസ്സിലാക്കുക. എത്ര വ്യത്യസ്തതരം ഇലകൾ ശേഖരിക്കാം.
7. ഒരു മരം നമുക്ക് നൽകുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന് ചർച്ച ചെയ്യുക. താഴെപ്പറയുന്നവയിൽ ഇനിയും എന്തെല്ലാം നിങ്ങൾക്കെഴുതാം?

1. കായ്ഫലം തരുന്നു.
2. ഇലകൾ ജൈവവളമാക്കാം.
3. ഇലകൾ കന്നുകാലികൾക്ക് ഭക്ഷണമാക്കാം.
4. മണ്ണൊലിപ്പ് തടയുന്നു.
5. അന്തരീക്ഷമലിനീകരണം തടയുന്നു. (കാർബൺഡൈയോക്സൈഡ് വലിച്ചെടുക്കുന്നു. ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്നു.)
6. തണലും കുളിർമയും നൽകുന്നു.
7. മരത്തടി - ഫർണിച്ചർ നിർമ്മാണാവശ്യങ്ങൾക്ക്
8. കമ്പുകൾ പക്ഷികൾക്ക് സങ്കേതമരുളുന്നു.
9. വേരും തടിയും ഇലകളും കായകളും പൂക്കളും ഔഷധമായി ഉപയോഗിക്കുന്നു.
10. പൂക്കൾ മനസ്സിന് സന്തോഷം തരുന്നു.

അധ്യായം 11

ജന്തുലോകം

കോടാനുകോടി നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉള്ള ഈ മഹാപ്രപഞ്ചത്തിൽ ഒരപൂർവ്വ ഗ്രഹമാണ് നമ്മുടെ ഭൂമി. നമുക്ക് അറിയാൻ കഴിഞ്ഞിടത്തോളം ജീവൻ നില നിൽക്കുന്ന ഒരേ ഒരു ഗ്രഹമാണ് ഭൂമി. ഭൂമിയിലെ മഹാത്ഭുതമാണ് ജീവൻ. എത്ര യെത്ര ജീവജാലങ്ങളാണ് നമുക്കു ചുറ്റും! ഈ ഭൂമിയിൽ എത്രതരം ജീവികളുണ്ടെന്ന് ഇപ്പോഴും നമുക്ക് കൃത്യമായി അറിവില്ല. ശാസ്ത്രജ്ഞന്മാരുടെ കണക്കനുസരിച്ച് ഉദ്ദേശം ഒരു കോടി ജീവജാതികൾ ഈ ഭൂമിയിലുണ്ടത്രേ. അതിലൊന്നാണ് നാം മനുഷ്യർ.

വെള്ളത്തിലും കരയിലും വായുവിലുമെല്ലാം ജീവികളുണ്ട്. നമ്മുടെ കണ്ണുകൊണ്ട് കാണാനാവാത്ത സൂക്ഷ്മജീവികൾ ഒരു പാടുണ്ട്. ഈ സൂക്ഷ്മജീവികളുടെ കൂട്ട ത്തിൽ ഉപകാരികളും ഉപദ്രവകാരികളുമുണ്ട്. രോഗം പരത്തുന്ന ബാക്ടീരിയകളും വൈറസ്സുകളും ഉപദ്രവകാരികളാണ്. പിന്നെ കുഞ്ഞുറുമ്പു മുതൽ പൊണ്ണനാന വരെയുള്ളവർ. പ്രാണികൾ, പക്ഷികൾ, ഇഴജന്തുക്കൾ, മത്സ്യങ്ങൾ, വന്യമൃഗങ്ങൾ, ശംഖുകൾ, ചിപ്പികൾ അങ്ങിനെയങ്ങിനെ എന്തെല്ലാം ജീവജാലങ്ങൾ!

ജീവജാലങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രജ്ഞന്മാർ, അവയെ പല രീതിയിൽ തരം തിരിക്കുന്നു. നട്ടെല്ലുള്ളവ, നട്ടെല്ലില്ലാത്തവ എന്നിങ്ങനെ തരംതിരിക്കുന്നതാണ് ഒരു രീതി. ഭൂമിയിൽ ആകെയുള്ള ജന്തുജാതികളിൽ 97 ശതമാനവും നട്ടെല്ലില്ലാത്തവ യാണ്. പ്രാണികൾ, സ്പോഞ്ചുകൾ, പുഴുക്കൾ, ശംഖ്, ചിപ്പി എന്നിവയ്ക്കൊന്നും നട്ടെല്ലില്ല. ഇഴജന്തുക്കൾ, പക്ഷികൾ, മത്സ്യങ്ങൾ, സസ്തനികൾ (കുഞ്ഞിനെ മുല യൂട്ടുന്ന ജീവികൾ) ഇവയെല്ലാം നട്ടെല്ലുള്ള ജീവികളാണ്. നട്ടെല്ലുള്ള ജീവികളിൽ ഏറ്റവും കേമൻ മനുഷ്യൻ തന്നെ.



8000ത്തോളം ജാതി ഇഴജന്തുക്കളെയും 10000ത്തോളം ജാതി പക്ഷികളെയും 25000ത്തോളം ജാതി മത്സ്യങ്ങളെയും 5000ത്തിലേറെ ജാതി സസ്തനികളെയും കുറിച്ച് ശാസ്ത്രജ്ഞന്മാർ പഠിച്ചിട്ടുണ്ട്. ഇത് ആകെയുള്ളവയിൽ അര ശതമാനത്തോളമേ വരൂ.

മനുഷ്യൻ പല ജീവികളെയും മെരുക്കിയെടുക്കാൻ പഠിച്ചിട്ടുണ്ട്. പട്ടി, പൂച്ച, പശു, എരുമ, കുതിര, ആന, ഒട്ടകം, ആട്, കോഴി എന്നിങ്ങനെ ഒട്ടേറെ വളർത്തു മൃഗങ്ങളെക്കുറിച്ച് നമുക്കറിയാമല്ലോ. മനുഷ്യന്റെ പുരോഗതിയിൽ ഇവ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പ്രകൃതിയിലെ മാറ്റങ്ങളും മനുഷ്യന്റെ അശ്രദ്ധയും കാരണം ഒട്ടേറെ ജീവജാതികൾ ഭൂമിയിൽ നിന്ന് അപ്രത്യക്ഷരായിക്കൊണ്ടിരിക്കുകയാണ്. ഒരിക്കൽ നഷ്ടപ്പെട്ടു പോയവരെ പിന്നീടൊരിക്കലും തിരിച്ചുകൊണ്ടുവരുവാൻ കഴിയില്ല.

പഠനപ്രവർത്തനങ്ങൾ

1. നിങ്ങൾക്ക് അറിയാവുന്ന വളർത്തുമൃഗങ്ങളുടെ പേരെഴുതുക. അവയെക്കൊണ്ടുള്ള ഉപയോഗം എന്തെല്ലാം?

2. വീട്ടിലും ചുറ്റുപാടുമായി അനേകം പ്രാണികളെ നമ്മളെല്ലാം കാണാറുണ്ടല്ലോ. അവയിൽ എത്ര എണ്ണത്തിന്റെ പേര് അറിയാം? എഴുതി നോക്കൂ. ചിലതിന്റെ ചിത്രം വരച്ചു നോക്കൂ.

3. ഹെൽത്ത് വർക്കറേയോ ഡോക്ടറെയോ കാണിച്ച് വ്യത്യസ്ത ജീവികൾ പരത്തുന്ന രോഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യൂ.

4. നിങ്ങൾക്ക് എത്ര പക്ഷികളെ തിരിച്ചറിയാൻ കഴിയും? അവയുടെ പേരും ലക്ഷണങ്ങളും പട്ടിക രൂപത്തിൽ എഴുതൂ.

പക്ഷി	**ലക്ഷണങ്ങൾ**
തത്ത	പച്ചനിറം, ചുവന്ന കൊക്ക്
ചെമ്പോത്ത്	തവിട്ടുനിറം, പ്രത്യേക ശബ്ദം

9. നിങ്ങളുടെ നാട്ടിൽ കൃഷി ചെയ്യുന്ന വിളകളെ ബാധിക്കുന്ന കീടങ്ങളുടെ പേര് പട്ടികപ്പെടുത്താമോ?

വിളവ്	**കീടങ്ങൾ**
നെല്ല്	ഓലതുരപ്പൻ, മുഞ്ഞ

10. എത്രതരം മത്സ്യങ്ങളുടെ പേരറിയാം? എഴുതി നോക്കൂ. ഇവയിൽ ശുദ്ധജല മത്സ്യങ്ങൾ ഏതെല്ലാം? കടൽമത്സ്യങ്ങൾ ഏതെല്ലാം?

....

11. എത്രതരം ഉറുമ്പുകളുടെ പേരറിയാം? പേരും ലക്ഷണങ്ങളും എഴുതി നോക്കൂ.

....

12. നാട്ടിൽ പരക്കെ പാൽക്ഷാമമാണല്ലോ. ഇതിന്റെ കാരണങ്ങൾ ചർച്ച ചെയ്യുക.

അധ്യായം 12

സൂക്ഷ്മ ജീവികൾ

ലക്ഷ്മിയമ്മയ്ക്ക് പനിയാണ്. ഒപ്പം ശക്തമായ ചുമയും സന്ധിവേദനയും. സ്കൂളിൽ പഠിക്കുന്ന മകൾ ശാലിനി അടുത്തു തന്നെയുണ്ട്. വേണ്ട ശുശ്രൂഷകൾ അവളാണ് ചെയ്യുന്നത്.

'മോളേ സ്കൂളിൽ പോകാൻ സമയമായില്ലേ? മോള് മെനക്കെടേണ്ട. സ്കൂളിലേക്കു പുറപ്പെട്ടോളൂ. എനിക്കിപ്പോൾ നല്ല ആശ്വാസമുണ്ട്.' ലക്ഷ്മിയമ്മ പറഞ്ഞു. മടിച്ചു കൊണ്ടാണെങ്കിലും അമ്മയെ തനിച്ചാക്കി ശാലിനി സ്കൂളിലേക്ക് പോയി. ക്ലാസിലി

രിക്കുമ്പോൾ സുഖമില്ലാത്ത അമ്മയെക്കുറിച്ച് തന്നെയാണ് അവൾ ഓർത്തുകൊണ്ടിരുന്നത്.

സ്കൂൾ വിട്ട ഉടനെ തന്നെ ഓടി വീട്ടിലെത്തി, 'അമ്മേ, അമ്മയ്ക്കെങ്ങനെയുണ്ട്?'

'എനിക്കിപ്പം നല്ല ആശ്വാസമുണ്ട് മോളേ'

'അമ്മേ ഈ ജലദോഷവും പനിയുമെല്ലാം ഉണ്ടാക്കുന്നത് ഒരുതരം വൈറസ്സുകളാണ്.'

'എന്താ വൈറസ് എന്നു പറഞ്ഞാൽ?'

'വൈറസുകൾ ഒരു തരം ജീവികളാണമ്മേ. നന്നേ ചെറിയ ജീവികൾ. സൂക്ഷ്മ ജീവികൾ.'

'ഞാനിത്തരം ജീവികളെ ഇതുവരെ കണ്ടിട്ടില്ലല്ലോ.'

'അമ്മേ, വൈറസുകളെ കാണാൻ കഴിയുകയില്ല. വളരെ ചെറിയവയാണ്. നമ്മുടെ കൈരേഖകൾക്കിടയിൽപ്പോലും കോടിക്കണക്കിനുണ്ടാകും.'

'ഇത്ര ചെറിയ ജീവികൾ എങ്ങനെയാ നമ്മെ ഇങ്ങനെ ഉപദ്രവിക്കുന്നത്?'

'അവ പലതരം രോഗങ്ങൾ പരത്തുന്നു. അമ്മേ, വൈറസുകൾ ജലദോഷവും പനീം മാത്രമല്ല മറ്റ് പലതരം രോഗങ്ങളും ഉണ്ടാക്കും. ചിക്കുൻഗുനിയ, അഞ്ചാംപനി എല്ലാം ഉണ്ടാക്കുന്നത് വൈറസ്സുകളാ.'

'കോളറ, വയറ്റിളക്കം, ജ്വരം, മഞ്ഞപ്പിത്തം, ... ഇങ്ങനെ എത്ര സൂക്കേടുകളുണ്ട്? ഇതെല്ലാം നിന്റെ വൈറസുകളാണോ ഉണ്ടാക്കുന്നത്?'

'അമ്മേ, അത് മറ്റൊരുതരം ജീവികളാ ഉണ്ടാക്കുന്നേ!'

'അതേതു ജീവികളാ?'

'ബാക്ടീരിയ'

'ങ്ഹാ, അത് ഞാൻ ടി.വീൽ കണ്ടിട്ടുണ്ട്. ചില പരസ്യത്തിലൊക്കെ ഓടി നടക്കുന്നത് കാണാമല്ലോ. വലിയ തലയും വാലുമൊക്കെയായി.'

'അയ്യോ, അമ്മേ ബാക്ടീരിയകളെയും നമുക്ക് കാണാൻ കഴിയില്ല. ടീവീല് കാണുന്നതൊക്കെ നമ്മെ വെറുതെ പറ്റിക്കാനാണ്. നമുക്ക് നേരിട്ട് കാണാൻ കഴിയുന്നതിനേക്കാൾ വളരെ വളരെ ചെറിയ ജീവികളാണവ. നല്ല ഒരു സൂക്ഷ്മദർശിനി ഉണ്ടെങ്കിൽ ചില ബാക്ടീരിയകളെ നമുക്ക് കാണാം.'

'ഇതിനെയെല്ലാം ഒന്ന് നശിപ്പിച്ചു കളഞ്ഞുകൂടേ? എന്നാൽ ഈ മാരണം പിടിച്ച സൂക്കേടുകളിൽ നിന്ന് രക്ഷ കിട്ടുമല്ലോ.'

'അമ്മേ, വൃത്തിയില്ലാത്ത ചുറ്റുപാടുകളിലും മലിനമായ വെള്ളത്തിലും ഒക്കെയാണ്

ഇത്തരം ബാക്ടീരിയകളും വൈറസുകളും മറ്റു സൂക്ഷ്മജീവികളും പെറ്റുപെരുകുന്നത്. ഈച്ചയും കൊതുകുമെല്ലാം ഇവയെ നാടെങ്ങും എത്തിക്കുകയും ചെയ്യും. ശുദ്ധജലം മാത്രം കുടിക്കുകയും പരിസരശുചീകരണം ഉറപ്പാക്കുകയും ചെയ്താൽ ഇവയിൽ നിന്ന് രക്ഷ നേടാം.'

'നല്ല കാര്യം.'

'അമ്മേ, മറ്റൊരുകാര്യം അറിയ്യോ? ഇക്കൂട്ടത്തിൽ ചില സൂക്ഷ്മജീവികൾ നമുക്ക് പലപ്രയോജനവും ചെയ്യുന്നുണ്ട്.'

അതുമുണ്ടോ? അതെങ്ങനെയാ?

'നമ്മുടെ പാല് ഉറ ഒഴിച്ചാൽ തൈരാകുന്നത് ചില നല്ല ബാക്ടീരിയകളുടെ പ്രവർത്തനം കൊണ്ടാ.'

'അതെങ്ങനെയാ?'

'ഉറയിലുള്ള സൂക്ഷ്മജീവികൾക്കുള്ള ഭക്ഷണം പാലിൽ നിന്ന് കിട്ടും. അവിടെ നിന്ന് അവ പെരുകി പെരുകി പാലിൽ നിറയുമ്പോൾ പാല് തൈരാകും.'

'ഓ, അതുകൊള്ളാമല്ലോ മോളേ!'

'അമ്മേ, നമ്മൾ അപ്പമുണ്ടാക്കാൻ ഉപയോഗിക്കുന്ന യീസ്റ്റ് ഇല്ലേ? അവയും ഒരുതരം സൂക്ഷ്മജീവികളാ. അവയുടെ പ്രവർത്തനം കൊണ്ടാണ് ഭക്ഷ്യവസ്തുക്കൾ പുളിക്കുന്നത്.'

ങ്ഹു!

'പിന്നെ അമ്മേ, നമ്മുടെ കുടലിൽ ഭക്ഷണം ദഹിക്കുന്നതും സൂക്ഷ്മജീവികൾ പ്രവർത്തിച്ചിട്ടാണ്. പിന്നെ മണ്ണിലെ സൂക്ഷ്മജീവികളുടെയും സസ്യങ്ങളുടെയും അവശിഷ്ടത്തെ ജീർണ്ണിപ്പിച്ച് മണ്ണിൽ ലയിപ്പിക്കുന്നതും ബാക്ടീരിയകൾ തന്നെ. മണ്ണിൽ സൂക്ഷ്മജീവികളില്ലാതായാൽ അവശിഷ്ടങ്ങൾ ചീഞ്ഞ് മണ്ണിൽ ലയിക്കുകയില്ല. മണ്ണിലെ സൂക്ഷ്മജീവികളാണ് മണ്ണിന്റെ ഗുണം നിലനിർത്തുന്നത്.'

'അപ്പോൾ മണ്ണിനും ജീവനുണ്ടോ?'

'പിന്നെന്താ സംശയം? നമ്മൾ ഒരുപാട് കീടനാശിനികൾ ഉപയോഗിച്ചാൽ മണ്ണ് മരിച്ചുപോകും എന്നു പറയാറില്ലേ. അത് ശരിയാ.'

'ഓ. ഈ കുട്ടിക്ക് ഒരുപാടു കാര്യങ്ങൾ അറിയാമല്ലോ. എനിക്കും ഇതെല്ലാം പഠിക്കണം.'

'അതിനെന്താ അമ്മേ, മുമ്പ് പഠിക്കാൻ കഴിയാത്ത മുതിർന്നവർക്ക് ഇപ്പോൾ പഠിക്കാനുള്ള സൗകര്യമൊക്കെയുണ്ട്. തുല്യതാ ക്ലാസിൽ ചേരാം.'

'ശരി, എന്റെ സൂക്കേട് മാറട്ടെ, ഉടനെ എനിക്കും പഠിക്കാൻ പോകണം.'

പഠനപ്രവർത്തനങ്ങൾ

1. വൈറസ് മൂലം ഉണ്ടാകുന്ന 5 രോഗങ്ങളുടെ പേര് അന്വേഷിച്ച് കണ്ടെത്തി എഴുതുക.

....

2. ഈച്ച പരത്തുന്ന 5 രോഗങ്ങളുടെ പേര് എഴുതുക.

....

3. കൊതുക് പരത്തുന്ന 5 രോഗങ്ങളുടെ പേര് എഴുതുക.

....

4. തിളപ്പിച്ചാറിയ വെള്ളമേ കുടിക്കാവൂ. എന്താണ് കാരണം? പറയൂ. എഴുതൂ.

....

5. സൂക്ഷ്മജീവികൾ മൂലം നമുക്കുള്ള ഗുണവും ദോഷവും പട്ടികപ്പെടുത്തുക.

....

6. ഒരു തുള്ളി തിളപ്പിച്ചാറ്റിയ ശുദ്ധവെള്ളവും മലിനമായ വെള്ളവും ഒരു മൈക്രോസ്കോപ്പിലൂടെ/ഭൂതക്കണ്ണാടിയിലൂടെ നിരീക്ഷിക്കുക. (അടുത്തുള്ള സ്കൂളിലെ സയൻസ് മാഷുടെ സഹായത്തോടെ.)
7. പ്ലാസ്റ്റിക്കുകൾ മണ്ണിൽ ദ്രവിച്ച് ചേരാത്തത് എന്തുകൊണ്ട്? ചർച്ച ചെയ്യുക.
8. മണ്ണിലെ സൂക്ഷ്മജീവികൾ ചെയ്യുന്ന സേവനങ്ങൾ എന്തൊക്കെ? ചർച്ച ചെയ്യുക.
9. ഇഡ്ഢലിമാവ് പുളിക്കുന്നത് എങ്ങനെ? അന്വേഷിക്കുക.
10. ഒരു ഡോക്ടറെ/ആരോഗ്യപ്രവർത്തകനെ ക്ലാസിലേക്ക് ക്ഷണിച്ചുവരുത്തി സൂക്ഷ്മജീവികൾ പരത്തുന്ന രോഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
11. നിങ്ങളുടെ വീട്ടിലും ചുറ്റുപാടിലും കൊതുകിന്റെ ശല്യമുണ്ടോ? അതിന്

എന്തായിരിക്കും കാരണം? എങ്ങിനെയാണ് ഈ പ്രശ്നം കൂട്ടായി പരിഹരിക്കുക? ചർച്ച ചെയ്യുക. എന്നിട്ട് ഇതേപ്പറ്റി 5 വാചകം വീതം എഴുതി നോക്കാമോ?

12. നിങ്ങളുടെ വാർഡിൽ പ്ലാസ്റ്റിക് എന്തെല്ലാം ശല്യമുണ്ടാക്കുന്നു? 5 കാര്യങ്ങൾ എഴുതൂ.

....

13. രോഗങ്ങൾ പരക്കുന്ന വിധം പട്ടികപ്പെടുത്തുക.

14. കുറെ രോഗങ്ങളുടെ പേര് കൊടുക്കുന്നു. ഇവ പരത്തുന്നത് ഏത് വഴി എന്നെഴുതൂ.

മലമ്പനി	വെള്ളംവഴി
ക്ഷയം	കൊതുകുവഴി
മഞ്ഞപ്പിത്തം	വായുവഴി
വയറിളക്കം	

അധ്യായം 13

നമ്മുടെ നിയമങ്ങൾ

(നമ്മുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ചില നിയമപ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്. മൂന്നു പത്രവാർത്തകളാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്. അനുബന്ധമായി വിവിധ നിയമങ്ങൾ ചർച്ച ചെയ്ത് ക്ലാസ് അവസാനിപ്പിക്കാം.)

ശ്രീകല സ്ത്രീകൾക്ക് മാതൃകയായി

കൊല്ലം അശ്വതി ഭവനിലെ ബിന്ദുവിന്റെ മകൾ ശ്രീകലയാണ് ധീരമായ പ്രതികരണത്തിലൂടെ ശ്രദ്ധ പിടിച്ചുപറ്റിയത്. ആലപ്പുഴയിലെ രാജനുമായി അവളുടെ വിവാഹം നിശ്ചയിച്ചതായിരുന്നു. ഒരു ലക്ഷം രൂപയും അമ്പതു പവൻ സ്വർണ്ണവുമാണ് സ്ത്രീധനമായാവശ്യപ്പെട്ടത്. കൂലിപ്പണിക്കാരനായ ശ്രീകലയുടെ പിതാവിന് വിവാഹത്തിനുമുമ്പ് സ്ത്രീധനത്തുക മുഴുവനും നൽകാൻ കഴിഞ്ഞില്ല. തുക കിട്ടാതെ വിവാഹം നടക്കില്ലെന്ന് വരനും പിതാവും നിർബന്ധം പിടിച്ചു. ഇതിൽ പ്രതിഷേധം തോന്നിയ ശ്രീകല വിവാഹം വേണ്ടെന്നു വയ്ക്കുകയായിരുന്നു. സ്ത്രീധനം ചോദിക്കുന്ന പുരുഷനെ ഇനി വിവാഹം കഴിക്കില്ലെന്ന് അവൾ പ്രഖ്യാപിക്കുകയും ചെയ്തു. ധീരയായ ശ്രീകല നാടിന്റെയും നാട്ടുകാരുടെയും അഭിമാനഭാജനമായി.

സാരിയുടെ നിറം പോയി;
വ്യാപാരിക്ക് ശിക്ഷ

നിറം മങ്ങുന്ന സാരി വിറ്റ വ്യാപാരിക്ക് ഉപഭോക്തൃ കോടതി ശിക്ഷ വിധിച്ചു. തൃശൂരിലെ ചാവക്കാടാണ് സംഭവം നടന്നത്. തുണിക്കച്ചവടം നടത്തുന്ന ജോസഫിന്

ആയിരം രൂപയാണ് പിഴ വിധിച്ചത്. ശോഭ എന്ന സ്ത്രീയാണ് കേസ് കൊടുത്തത്. അവർ വാങ്ങിയ സാരി ഒരു തവണ അലക്കിയപ്പോൾ തന്നെ നിറം മങ്ങുകയായിരുന്നു. ഇതു സംബന്ധിച്ച് വിചാരണ നടത്തിയ ഉപഭോക്തൃകോടതി വ്യാപാരികൾക്ക് ഇതൊരു മുന്നറിയിപ്പാകണമെന്ന് ചൂണ്ടിക്കാട്ടി.

മായം ചേർത്തതിന് നാലു വർഷം

ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തുവിറ്റതിന് വ്യാപാരിയെ ശിക്ഷിച്ചു. കോഴിക്കോട് സെഷൻസ് കോടതിയാണ് പലചരക്കു കട നടത്തുന്ന ചാക്കുണ്ണിക്ക് നാലുവർഷം തടവും ഇരുപതിനായിരം രൂപ പിഴയും വിധിച്ചത്. മുളക് പൊടിയിലും മല്ലിപ്പൊടിയിലും ചെമ്മണ്ണ് പൊടി കലർത്തിയെന്നാണ് കുറ്റം. ജനങ്ങളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്ന ഇത്തരം നീക്കങ്ങൾ കർക്കശമായി തടയണമെന്നും കോടതി നിർദ്ദേശിച്ചു.

ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ, വാർത്തകൾ നാം ദിവസേന പത്രത്തിൽ വായിക്കുന്നു. നിയമങ്ങൾ അറിഞ്ഞുകൂടാത്തതു കൊണ്ടല്ലേ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത്?

ഏതെല്ലാം നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്?

1. വിവരാവകാശ നിയമം
2. ഉപഭോക്തൃസംരക്ഷണ നിയമം
3. സ്ത്രീധന നിരോധന നിയമം
4. പട്ടികജാതി പട്ടികവർഗ്ഗ സംരക്ഷണ നിയമം
5. ഗാർഹിക പീഡന നിരോധന നിയമം

മറ്റ് നിയമങ്ങൾ ഏതൊക്കെ?

നിയമങ്ങൾ നിർമ്മിക്കുന്നത് പാർലമെന്റും നിയമസഭകളുമാണ്. നിയമനിർമ്മാണം എങ്ങനെ നടത്തണമെന്ന് നിർദ്ദേശിക്കുന്നത് ഭരണഘടനയാണ്. നമ്മുടെ അധികാരങ്ങളും അവകാശങ്ങളും നമ്മൾക്ക് നൽകുന്നത് ഭരണഘടനയാണ്. നിയമങ്ങൾ സംരക്ഷിക്കുവാൻ കോടതികൾ ഉണ്ട്. കോടതികൾക്കും പ്രത്യേക നിയമങ്ങൾ ഉണ്ട്. നിയമം ലംഘിക്കപ്പെട്ടാൽ കോടതികൾ വഴി നമുക്ക് നിയമസംരക്ഷണം തേടാം.

പഠനപ്രവർത്തനങ്ങൾ

1. നിയമം സംരക്ഷിക്കാൻ ഏതെല്ലാം തരത്തിലുള്ള കോടതികളാണ് നിലവിലുള്ളത്?
2. താഴെപ്പറയുന്ന വിവിധ നിയമ സംവിധാനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
   1. വിവരാവകാശ നിയമം
   2. ഉപഭോക്തൃസംരക്ഷണനിയമം
   3. സ്ത്രീധന നിരോധന നിയമം
   4. പട്ടികജാതി പട്ടികവർഗ്ഗ സംരക്ഷണ നിയമം
3. വിവിധ നിയമ സംവിധാനങ്ങളുടെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി പോസ്റ്ററുകൾ തയ്യാറാക്കുക.
4. നിയമം എന്ത്? ആർക്ക്?
5. നിയമങ്ങൾ നിർമ്മിക്കുന്ന രീതി ചർച്ച ചെയ്യുക.
6. നിയമസഭ, ലോകസഭ ഇവ തമ്മിലുള്ള വ്യത്യാസം എന്ത്?
7. ഭരണഘടനയെക്കുറിച്ച് ചർച്ച ചെയ്യുക. 5 വാചകം എഴുതുക.
8. നിങ്ങളുടെ നാട്ടിൽ നിയമം ലംഘിക്കപ്പെടുന്ന സംഭവങ്ങൾ ഏതൊക്കെ?
9. സർക്കാർ ഓഫീസുകളിലെ കൈക്കൂലി - ചർച്ച ചെയ്യുക.
10. മായം ചേർത്ത സാധനങ്ങൾ വാങ്ങി ഉപയോഗിച്ച ഏതെങ്കിലും അവസരം ആർക്കെങ്കിലും ഉണ്ടായിട്ടുണ്ടോ? ഓരോരുത്തരും അനുഭവം പങ്കിടുക.
11. നിയമ സംരക്ഷണം ലഭിക്കാത്ത അവസരം ഉണ്ടായിട്ടുണ്ടെങ്കിൽ സാഹചര്യം വിശദീകരിച്ച് ചർച്ച ചെയ്യുക.

അധ്യായം 14

വിഭവങ്ങൾ



വിഭവസമൃദ്ധമായ സദ്യ

രാമൻനായർ കൈവിരലുകൾ വിസ്തരിച്ച് നക്കിയെടുത്തു. സുഖമായൊരു ഏമ്പക്കവും വിട്ടു. ഇനി വെള്ളം കുടിക്കാൻ വയറ്റിൽ സ്ഥലമെവിടെ?

എത്രതരം വിഭവങ്ങളായിരുന്നു സദ്യക്ക്?

ചോറ്, സാമ്പാറ്, എരിശ്ശേരി, പുളിശ്ശേരി, അച്ചാറ്, പപ്പടം, തോരൻ, പച്ചടി, പ്രഥമൻ, കാളൻ, ഓലൻ, ... അങ്ങനെ പോകുന്നു. വിഭവങ്ങൾ.

സദ്യയുടെ കാര്യം നിൽക്കട്ടെ. നമുക്ക് സുഖമായി ജീവിക്കാൻ ഇതുപോലെ നിരവധി വിഭവങ്ങൾ വേണം. ഒട്ടേറെ വിഭവങ്ങൾ നമുക്ക് പ്രകൃതി ഒരുക്കിത്തന്നിട്ടുണ്ട്. മണ്ണ്, വായു, വെള്ളം അങ്ങിനെ എന്തെല്ലാം.

മറ്റ് ചില വിഭവങ്ങൾ നാം പ്രകൃതിയിൽ നിന്ന് സംസ്ക്കരിച്ചെടുക്കുന്നു. കൽക്കരിയും പെട്രോളും മണ്ണെണ്ണയും ഡീസലുമെല്ലാം അങ്ങനെ കുഴിച്ചെടുക്കുന്നവയാണ്. ഇരുമ്പ്, ചെമ്പ്, അലൂമിനിയം, സ്വർണ്ണം തുടങ്ങിയവയും കുഴിച്ചെടുത്ത് സംസ്ക്കരിക്കുന്നു.

ഒട്ടേറെ വിഭവങ്ങൾ നാം കൃഷി ചെയ്ത് ഉണ്ടാക്കുന്നു. അവയാണ് കാർഷിക വിഭവങ്ങൾ. അരിയും തേങ്ങയും റബ്ബറും കുരുമുളകും ചായയും കാപ്പിയും പച്ചക്കറികളുമെല്ലാം കാർഷിക വിഭവങ്ങളാണ്. നിങ്ങൾക്കുചുറ്റുമുള്ള കാർഷികവിഭവങ്ങളേതൊക്കെ എന്നെഴുതി നോക്കൂ.

കാടും പുഴയും മഴയുമെല്ലാം നമ്മുടെ വിലപ്പെട്ട വിഭവങ്ങളാണ്. വനത്തിൽ എന്തെല്ലാം വിഭവങ്ങൾ ഉണ്ട്? പുഴകളെ സൃഷ്ടിക്കുന്നതും വനങ്ങൾ തന്നെ. കടലും മറ്റൊരു മഹാവിഭവമാണ്. കാട്ടിലെന്ന പോലെ കടലിലും നിരവധി വിഭവങ്ങളുണ്ട്. കടലിൽ നിന്ന് എന്തെല്ലാം വിഭവങ്ങൾ ലഭിക്കുന്നു എന്നെഴുതി നോക്കൂ. സൂര്യനാണ് നമ്മുടെ മറ്റൊരു മഹാവിഭവം. സൂര്യൻ നമുക്ക് ചൂടും വെളിച്ചവും സൗജന്യമായി നൽകുന്നു. മറ്റു വിഭവങ്ങൾ ഉണ്ടാക്കാൻ നമ്മെ സഹായിക്കുന്നു. കാറ്റും കാലാവസ്ഥയും മഞ്ഞും മഴയും എല്ലാം ഉണ്ടാകാൻ കാരണം സൂര്യൻ തന്നെ. ചെടികൾ വളരുന്നത് സൂര്യവെളിച്ചം കൊണ്ടാണ്. ചില വിഭവങ്ങൾ എടുക്കുംതോറും വീണ്ടും വീണ്ടും ഉണ്ടാകും. അവയാണ് പുതുക്കപ്പെടുന്ന വിഭവങ്ങൾ. സൂര്യന്റെ ചൂടും വെളിച്ചവും അത്തരം ഒരു വിഭവമാണ്.

മറ്റു ചില വിഭവങ്ങൾ എടുത്താൽ തീർന്നുപോകും. കൽക്കരിയും പെട്രോളും ലോഹങ്ങളും അക്കൂട്ടത്തിൽ പെടും. കരുതലോടെ മാത്രമേ ഇവ ചൂഷണം ചെയ്യാൻ പാടുള്ളൂ.

ഒരു വനത്തിൽ വർഷം തോറും എത്ര വളർച്ച ഉണ്ടാകുന്നുവോ അത്രമാത്രം നാം ഓരോ വർഷവും ഉപയോഗിച്ചാൽ വനം നശിക്കില്ല. അതുപോലെയാണ് ഭൂഗർഭജലവും സമുദ്രവിഭവങ്ങളും. ശ്രദ്ധിച്ച് ഉപയോഗിക്കാൻ ശീലിച്ചാൽ അവയെ എക്കാലവും ഉപയോഗിക്കാൻ കഴിയും.

ചില വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ ചുറ്റുപാടും മലിനമാകുകയോ നശിച്ചുപോകുകയോ ചെയ്യും. വൻതോതിൽ കൽക്കരി കത്തിച്ചാൽ അന്തരീക്ഷം

മലിനമാകും. അപ്പോൾ ഏത് വിഭവവും ചുറ്റുപാടും മലിനമാകാതെ നല്ല കരുതലോടെ മാത്രമേ ഉപയോഗിക്കാവൂ. വിഭവങ്ങൾ നമുക്കെല്ലാവർക്കും എല്ലാക്കാലത്തും ലഭിക്കണം. പൊൻമുട്ടയിടുന്ന താറാവിന്റെ കഥ കേട്ടിട്ടില്ലേ? പ്രകൃതി വിഭവങ്ങളുടെ കാര്യത്തിലും അങ്ങനെ ചെയ്യുന്നവരെ നിലയ്ക്കു നിർത്തണം.

പഠനപ്രവർത്തനങ്ങൾ

1. നിങ്ങളുടെ പഞ്ചായത്തിലെ പ്രധാന കാർഷിക വിഭവങ്ങൾ ഏതെല്ലാം?
2. നിങ്ങളുടെ വീട്ടുപറമ്പിലെയും തൊട്ടയൽപറമ്പുകളിലെയും ജൈവവിഭവങ്ങൾ ഏവ? അവയുടെ ഒരു രജിസ്റ്റർ തയ്യാറാക്കുക.
3. നിങ്ങളുടെ ചുറ്റുമുള്ള മണ്ണ്, ജലം എന്നിവ മലിനമാകുന്നതെങ്ങനെ? താഴെപ്പറയുന്നവയിൽ ടിക്ക് മാർക്കിടുക.

   മലമൂത്രവിസർജ്ജനം മൂലം

   പ്ലാസ്റ്റിക് കവറുകൾ കൊണ്ടിടുന്നതു മൂലം

   അങ്ങാടിയിലെ മാലിന്യങ്ങൾ തള്ളുന്നതു മൂലം

   കോഴി, മത്സ്യം, ഇറച്ചി ഇവയുടെ അവശിഷ്ടം കൊണ്ടിടുന്നതു മൂലം

   കീടനാശിനികൾ അമിതമായി ഉപയോഗിക്കുന്നതു മൂലം

   വാഹനങ്ങളും യന്ത്രസാമഗ്രികളും കഴുകുന്നതു മൂലം

   കന്നുകാലികളെ കുളിപ്പിക്കുന്നതു മൂലം

   രാസവളങ്ങൾ ഉപയോഗിക്കുന്നതു മൂലം

   ചകിരി പൂഴ്ത്തുന്നതു മൂലം

   വ്യവസായങ്ങളിലെ മാലിന്യങ്ങൾ തള്ളുന്നതു മൂലം

   നിങ്ങൾ തന്നെ അശ്രദ്ധമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതു മൂലം

   കാർഷിക അവശിഷ്ടങ്ങൾ തള്ളുന്നതു മൂലം

   കക്കൂസ് മാലിന്യങ്ങൾ പരന്നൊഴുകുന്നതു മൂലം
4. നിങ്ങളുടെ ചുറ്റും കഴിഞ്ഞ കുറച്ചുകാലത്തിനുള്ളിൽ നശിച്ചുപോയ വിഭവങ്ങൾ വല്ലതുമുണ്ടോ? അന്വേഷിക്കുക.
5. നിങ്ങളുടെ ചുറ്റുമുള്ള സ്വാഭാവിക പ്രകൃതി വിഭവങ്ങളും മനുഷ്യനിർമ്മിത വിഭവങ്ങളും ഏതൊക്കെയെന്ന് കണ്ടെത്തുക.

6. കുന്നും മലകളും വിഭവങ്ങളാണോ? ചർച്ച ചെയ്യൂ.

7. മാലിന്യം ഒരു വിഭവമാണോ? എല്ലാതരം മാലിന്യങ്ങളെയും വിഭവമാക്കി മാറ്റാൻ കഴിയുമോ?

8. കമ്പോസ്റ്റുണ്ടാക്കുന്ന ശാസ്ത്രീയരീതി കൃഷിഭവന്റെ സഹായത്തോടെ പഠിക്കുക.

9. മണ്ണൊലിപ്പ് ഉണ്ടാകുന്നതെന്തുകൊണ്ട്? ചർച്ച ചെയ്യൂ.

10. ജലം മലിനമാകുന്നതേതൊക്കെ വിധത്തിൽ? 5 കാരണങ്ങൾ എഴുതൂ.

....

....

....

11. മണ്ണ് മലിനമാകുന്നതെങ്ങനെ? 5 കാരണം പറയൂ. എഴുതൂ.

....

....

....

12. ശ്രദ്ധിക്കാതെ ഉപയോഗിച്ചാൽ നശിച്ചുപോകുന്ന 5 വിഭവങ്ങളുടെ പേരെഴുതുക.

....

....

....

അധ്യായം 15

മനുഷ്യനും പ്രപഞ്ചവും



ആകാശം നമുക്ക് സ്വന്തമാണ്. സൂര്യനും ചന്ദ്രനും കോടാനുകോടി നക്ഷത്രങ്ങളും നമ്മുടെ സ്വന്തമാണ്. സൂര്യൻ നമുക്ക് സൗജന്യമായി ചൂടും വെളിച്ചവും തരുന്നു. ഈ ചൂടും വെളിച്ചവും ഉപയോഗിച്ച് ചെടികളും മരങ്ങളും വളരുന്നു. അവ നമുക്ക് വേണ്ട ഭക്ഷണവും മറ്റ് ഒട്ടനവധി വസ്തുക്കളും നിർമ്മിക്കുന്നു. മഴയും മേഘവും കാറ്റും കാലാവസ്ഥയും എല്ലാം സൃഷ്ടിക്കപ്പെടുന്നതും സൂര്യന്റെ ചൂട് കൊണ്ടാണ്. അപ്പോൾ സൂര്യനാണ് നമ്മുടെ എല്ലാറ്റിന്റെയും അധിപൻ!

രാത്രിയിലെ തെളിഞ്ഞ നിലാവുള്ള ആകാശം നമുക്കെന്തു സന്തോഷമാണ് തരുന്നത്. സൂര്യനിൽ നിന്നും പോകുന്ന പ്രകാശത്തിന്റെ ചെറിയൊരംശത്തെ ചന്ദ്രൻ തിരി

ച്ചുതരുന്നതാണ് നിലാവെളിച്ചം. ചൂട് ചന്ദ്രനെടുത്ത് പ്രകാശം നമുക്ക് തരുന്നു. കുളിർമ യുള്ള സുന്ദരമായ പ്രകാശം.

ചന്ദ്രനില്ലാത്ത രാത്രിയിൽ ആകാശം നോക്കി നിങ്ങൾ നിന്നിട്ടുണ്ടോ? എത്രയെത്ര നക്ഷത്രങ്ങൾ. എണ്ണിയാലും എണ്ണിയാലും തീരാത്തത്ര അല്ലേ? കോടാനുകോടി നക്ഷത്രങ്ങളുണ്ട് ആകാശത്തിൽ. ഒരിക്കലും ആർക്കും എണ്ണിത്തീർക്കാൻ കഴിയാ ത്തത്രയും നക്ഷത്രങ്ങൾ. അവയിൽ വളരെ കുറച്ചു മാത്രമേ നമ്മുടെ കണ്ണിൽ പെടു ന്നുള്ളൂ. കാണുവാൻ കഴിയുന്നില്ലെങ്കിലും അങ്ങകലെ അനവധി നക്ഷത്രങ്ങൾ ഉണ്ട്.

ശ്രദ്ധിച്ചുനോക്കിയാൽ ആകാശത്ത് ഒരറ്റത്തുനിന്നും മറ്റേയറ്റം വരെയായി ഒരു പ്രകാശ ധാര കാണാം. കണ്ണിൽപ്പെടുന്നതും അല്ലാത്തതുമായ എണ്ണമറ്റ നക്ഷത്രങ്ങളിലെ പ്രകാശം ഒത്തുചേർന്നതാണ് ആ പ്രകാശധാര. അനേകം നക്ഷത്രങ്ങളുടെ ഒരു കൂട്ടം. ആ നക്ഷത്രക്കൂട്ടത്തിൽപ്പെട്ട ഒരു നക്ഷത്രമാണ് നമ്മുടെ സൂര്യനും! ആകാശ ഗംഗയെന്നാണ് ആ നക്ഷത്രക്കൂട്ടത്തെ വിളിക്കുന്നത്. ഇത്തരം ധാരാളം നക്ഷത്രക്കൂ ട്ടങ്ങളും ആകാശത്തുണ്ട്.

ഇനിയും ആകാശത്ത് സൂക്ഷിച്ചുനോക്കൂ. ചില 'നക്ഷത്രങ്ങൾ' വെട്ടിത്തിളങ്ങുന്നത് കാണാം. വേറെ ചിലവ അങ്ങനെ മിന്നിത്തിളങ്ങുകയില്ല. മിന്നിത്തിളങ്ങാത്തവ നക്ഷ ത്രങ്ങളല്ല! പിന്നെയോ? അവയാണ് ഗ്രഹങ്ങൾ.

എന്താണ് നക്ഷത്രങ്ങളും ഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസം?

നക്ഷത്രങ്ങളെല്ലാം സൂര്യനെപ്പോലെയാണ്. അവ സ്വന്തമായി ചൂടും പ്രകാശവും ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്യും. ഗ്രഹങ്ങൾക്ക് അങ്ങനെ കഴിയുകയില്ല. സൂര്യന് ചുറ്റും ആകെ 8 ഗ്രഹങ്ങളാണ് ഉള്ളത്. അവ ഓരോന്നും സൂര്യനെ പ്രദക്ഷിണം വയ്ക്കുകയാണ്. ആ ഗ്രഹങ്ങളിൽപ്പെട്ട ഒന്നാണ് നമ്മുടെ ഈ ഭൂമി. ഭൂമി സദാ സൂര്യനെ പ്രദക്ഷിണം വയ്ക്കുന്ന കാര്യം നമുക്കറിയാം. ഭൂമി സൂര്യനെ ഒരു തവണ പ്രദക്ഷിണം വയ്ക്കുന്ന സമയമാണ് ഒരു വർഷം. അതുപോലെ ഭൂമി സ്വയം കറങ്ങു ന്നുമുണ്ട്. ഒരു തവണ കറങ്ങാൻ വേണ്ട സമയമാണ് ഒരു ദിവസം.

സൂര്യന് ഏറ്റവും അടുത്തുള്ള ഗ്രഹമാണ് ബുധൻ. രണ്ടാമത് ശുക്രൻ, ബുധന് തൊട്ട കലെ ശുക്രൻ. മൂന്നാമത്തെ ഗ്രഹമാണ് ഭൂമി. പിന്നെ ചൊവ്വ, വ്യാഴം, ശനി, അതുക ഴിഞ്ഞാൽ യുറാനസും, നെപ്റ്റ്യൂണും. അതിനുമപ്പുറത്താണ് പ്ലൂട്ടോ. അത് നന്നെ ചെറുതാകയാൽ ഗ്രഹത്തിന്റെ കൂട്ടത്തിൽ ഇപ്പോൾ പരിഗണിക്കാറില്ല. അതിനുമ പ്പുറം വാൽ നക്ഷത്രങ്ങളുണ്ട്. വാൽ നക്ഷത്രങ്ങൾ വല്ലപ്പോഴുമൊരിക്കൽ സൂര്യനടു ത്തേക്ക് വന്ന് തിരിച്ചുപോകും. അപ്പോൾ മാത്രമേ നമുക്കവയെ കാണാനൊക്കൂ.

ഗ്രഹങ്ങൾക്ക് ചുറ്റും കറങ്ങുന്ന ഗോളങ്ങളുണ്ട്. അവയെ ഉപഗ്രഹങ്ങൾ എന്നാണ് വിളിക്കുന്നത്. ഭൂമിയുടെ ഉപഗ്രഹമാണ് ചന്ദ്രൻ. മനുഷ്യന് ചന്ദ്രനിൽ പോയി വരാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു ഗ്രഹങ്ങളിലേക്കൊന്നും മനുഷ്യന് ഇതുവരെ പോകാൻ കഴിഞ്ഞിട്ടില്ല. ബഹിരാകാശവാഹനങ്ങൾ പോയി ഫോട്ടോ എടുത്ത് തിരിച്ചുവന്നിട്ടുണ്ട്. ഏറെക്കഴിയാതെ പോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചന്ദ്രനിലേക്ക് ഒരു വാഹനത്തെ ഏറെ വൈകാതെ തൊടുത്തുവിടാൻ ഇന്ത്യ തയ്യാറെടുക്കുകയാണ്. ചന്ദ്രയാൻ എന്നാണ് അതിന്റെ പേര്.

ഗ്രഹങ്ങളെല്ലാം സാമാന്യേന നമുക്കടുത്താണ്. നക്ഷത്രങ്ങളാകട്ടെ വളരെ അകലെയും. സൂര്യനിൽ നിന്നും പുറപ്പെട്ട പ്രകാശത്തിന് ഭൂമിയിലെത്താൻ 8 മിനിട്ട് വേണം. സൗരയൂഥത്തിലെ അങ്ങേയറ്റത്തുള്ള ഗ്രഹങ്ങളിലെത്താൻ 5 മണിക്കൂർ വേണം. എത്ര വലുതാണ് സൗരയൂഥം അല്ലേ?

എന്നാൽ നിങ്ങളറിയുമോ സൂര്യനിൽ നിന്നും പുറപ്പെട്ട പ്രകാശം ഏറ്റവും അടുത്തുള്ള നക്ഷത്രത്തിലെത്താൻ 4 വർഷമെടുക്കും. തിരുവാതിര നക്ഷത്രത്തിൽ നിന്നും പുറപ്പെട്ട പ്രകാശം 580 വർഷം കഴിഞ്ഞാണ് നമ്മളിൽ എത്തുന്നത്. ആകാശത്ത് കാണുന്ന പല നക്ഷത്രങ്ങളിൽ നിന്നും പുറപ്പെട്ട പ്രകാശം ഇവിടെയെത്താൻ ആയിരക്കണക്കിന് വർഷം പിടിക്കും.

ഇതെല്ലാം ചേർന്നതാണ് പ്രപഞ്ചം. അനന്തമായ ഈ പ്രപഞ്ചത്തിലെ ഒരു ചെറുതിരി മാത്രമാണ് നമ്മുടെ ഭൂമിയും സൂര്യനും സൗരയൂഥവുമെല്ലാം. എന്നാൽ ഇവയെക്കുറിച്ചെല്ലാം അന്വേഷിക്കാനും പഠിക്കാനും നമുക്കു കഴിയുന്നു. ഇപ്പോഴും ഈ മഹാപ്രപഞ്ചത്തെക്കുറിച്ചു പഠിച്ചുകൊണ്ടേയിരിക്കുകയാണ് നാം.

പഠനപ്രവർത്തനങ്ങൾ

1. ഈ ക്ലാസിന് ശേഷം വാനനിരീക്ഷണം നടത്താൻ കെല്പുള്ള ഒരധ്യാപകന്റെ മേൽനോട്ടത്തിൽ വാനനിരീക്ഷണം നടത്തി താഴെപ്പറയുന്നവയുടെ ഉത്തരങ്ങൾ കണ്ടെത്തുക?
   - ആകാശത്ത് എത്ര നക്ഷത്രങ്ങൾ?
   - എത്ര എണ്ണാൻ കഴിയും?
   - ആകാശത്ത് നക്ഷത്രങ്ങളേയും ഗ്രഹങ്ങളേയും വേർതിരിച്ചു മനസ്സിലാക്കുക.
   - ശുക്രൻ, ചൊവ്വ, വ്യാഴം എന്നീ ഗ്രഹങ്ങളെ കണ്ടെത്തുക.
   - എന്താണ് രാശി?
   - നമ്മുടെ പൗരാണിക ജ്യോതി ശാസ്ത്രത്തിൽ പറയുന്ന അശ്വതി, ഭരണി, കാർത്തിക തുടങ്ങിയ നക്ഷത്രങ്ങൾ യഥാർത്ഥത്തിൽ എന്താണ്?

- ഇവയിൽ ഏതാനും നക്ഷത്രങ്ങളെ ആകാശത്ത് കണ്ടെത്തുക.
- ജന്മനക്ഷത്രം എന്നാൽ എന്താണ്?
- ജന്മനക്ഷത്രം നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.
- ആകാശത്ത് തിരുവാതിര നക്ഷത്രത്തെ കണ്ടെത്തുക.
- നക്ഷത്രങ്ങളെ നോക്കി ദിശാനിർണ്ണയം നടത്തുന്നതെങ്ങനെ?

2. ഇരുട്ടുമുറിയിൽ ഒരു ഗോളവും മെഴുകുതിരിയും ഉപയോഗിച്ച് ദിനരാത്രങ്ങൾ ഉണ്ടാകുന്നത് മനസ്സിലാക്കുക.
3. ഇതുപോലെ തന്നെ ഒരു ചെറുഗോളവും വലിയ ഒരു ഗോളവും മെഴുകുതിരിയും ഉപയോഗിച്ച് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും മനസ്സിലാക്കുക.
4. ക്ലാസിലെ രണ്ട് പഠിതാക്കളെ സൂര്യനും ഭൂമിയുമായി സങ്കൽപ്പിച്ച് ഭ്രമണവും പരിക്രമണവും ചെയ്തു കാണിക്കുക.
5. ഭൂമിയിൽ പല സ്ഥലങ്ങളിൽ സൂര്യനുദിക്കുന്നത് പല സമയങ്ങളിലാകാൻ കാരണമെന്ത്?
6. എന്താണ് രാശി ചക്രം? ജന്മരാശി എന്നാൽ എന്ത്? ചർച്ച ചെയ്യുക.
7. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുണ്ടാകുന്നതെങ്ങനെ? വിശദീകരിക്കാൻ ശ്രമിക്കുക.
8. ഭൂമിയിലെത്ര വൻകരകൾ, എത്ര സമുദ്രങ്ങൾ? പേരു പറയാൻ ശ്രമിക്കുക.
9. ഭൂമിയിൽ എവിടെയൊക്കെ മനുഷ്യവാസമുണ്ട്? എവിടെയൊക്കെ ജീവനുണ്ട്. ഭൂമിക്ക് വെളിയിൽ ജീവനുണ്ടോ? അന്വേഷിക്കുക.
10. സൂര്യൻ നമുക്ക് എന്തൊക്കെ തരുന്നു? ചർച്ച ചെയ്യുക.
11. എന്താണ് കൃത്രിമ ഉപഗ്രഹങ്ങൾ? അവ നമുക്ക് എന്തെല്ലാം പ്രയോജനങ്ങൾ തരുന്നു?
12. ഉരുണ്ട ഭൂമി പരന്നതായി കാണുന്നതെന്തുകൊണ്ട്?
13. ഈ പ്രപഞ്ചത്തിൽ നിങ്ങളുടെ മേൽവിലാസം എഴുതൂ. (ഉദാ: കൃഷ്ണൻകുട്ടി.പി., പാറയിൽ വീട്, അന്നനട പി.ഒ., കിഴിശ്ശേരി, മലപ്പുറം ജില്ല, കേരള സംസ്ഥാനം, ഇന്ത്യാരാജ്യം, ഏഷ്യൻ വൻകര, ഭൂഗോളം, സൗരയൂഥം, ആകാശഗംഗ, പ്രപഞ്ചം)

    (ഈ പാഠം പഠിപ്പിക്കുവാൻ ചുരുങ്ങിയത് 5 ദിവസം വേണം. 2 ദിവസം പാഠം വായിച്ച് അർത്ഥം പറഞ്ഞുകൊടുക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിന്, ഒരു ദിവസം വാനനിരീക്ഷണം, 2 ദിവസം തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള ചർച്ച, ഇത് സംബന്ധിച്ച ഒരു പൊതു പ്രഭാഷണം നടത്തി ചർച്ച കൊണ്ടുവരുന്നത് നന്ന്.)

ശാലിനിയുടെ മുത്തശ്ശി

പരമേശ്വരൻ വീടിന്റെ പടി കയറുമ്പോൾ കേട്ടത് ശാലിനിയുടെ പൊട്ടിച്ചിരിയാണ്. കുത്തിനടക്കുന്ന വടി അവൾക്കുനേരെ ഓങ്ങിക്കൊണ്ട് മുത്തശ്ശി നിൽക്കുന്നു.

"എന്താ ഇപ്പം ഉണ്ടായേ?", പരമേശ്വരൻ തിരക്കി. മുത്തശ്ശി പറഞ്ഞു. "നമ്മുടെ ദാമോദരന്റെ എളേമോൾ വെഷം ഏറ്റു മരിച്ചെന്നറിഞ്ഞപ്പം ഞാൻ പറഞ്ഞു നമ്മടെ വെഷാരി കുട്ടൻവൈദ്യൻ ഉണ്ടായിരുന്നെങ്കിൽ മരിക്കില്ലായിരുന്നൂന്ന്. വൈദ്യൻ, കടിച്ച പാമ്പിനെ വരുത്തി വെഷം തിരിച്ചുകൊത്തി എടുപ്പിക്കും. വല്യ മന്ത്രവാദീം ആയിരുന്നേ. അതു പറഞ്ഞപ്പം പെണ്ണ് കളിയാക്കി ചിരിക്ക്യ. മന്ത്രം ചൊല്ല്ണകേൾക്കാൻ പാമ്പിന് ചെവീണ്ടോ, പാമ്പ് സംസ്കൃതം പഠിച്ചിട്ടുണ്ടോ എന്നൊക്കെ എന്നോട്."

"അതു ശരിയല്ലേമ്മേ? മന്ത്രം സംസ്കൃതത്തിലല്ലേ. പാമ്പിന് വായുവിലുണ്ടാകുന്ന ശബ്ദം കേൾക്കാനും കഴിയില്ല. ഭൂമിയിലുണ്ടാകുന്ന കമ്പനങ്ങളേ തിരിച്ചറിയാൻ പറ്റൂ."

"അപ്പം പാമ്പാട്ടി കൊഴലൂതുമ്പം പാമ്പ് തലയാട്ടുന്നതോ?"

"അതു കുഴലിന്റെ ആട്ടത്തിനൊപ്പം തല ചലിപ്പിക്കുന്നതാ, പാട്ടുകേട്ടിട്ടല്ല. അതിനെ ആക്രമിക്കാൻ വരുന്ന എന്തോ സാധനാന്ന് വിചാരിച്ച് പേടിച്ച്, തിരിച്ചുകൊത്താനുള്ള ഒരുക്കത്തിലാ പാമ്പ്. കുഴലിന് പകരം ഒരു ചുള്ളിക്കമ്പ് ആട്ടിയാലും പാമ്പ് ഒപ്പം തലയാട്ടും."

"നീയാ ഈ പെണ്ണിനെ ഇങ്ങനെ വഷളാക്കുന്നെ. അവള് പറയുന്നതൊക്കെ ശരിയാന്ന് നീ പറയും."

ഇക്കുറി പൊട്ടിച്ചിരിയിൽ ശാലിനിയോടൊപ്പം പരമേശ്വരനും പങ്കു ചേർന്നു. മുത്തശ്ശീം ചിരിച്ചുപോയി. മുത്തശ്ശിയെ കട്ടിലിൽ പിടിച്ചിരുത്തി മടിയിൽ കയറിയിരുന്നിട്ട് ശാലിനി പറഞ്ഞു. "മുത്തശ്ശീ, പാമ്പിന് വിഷം ഉണ്ടാകുന്നത് വിഷപ്പല്ലിന്റെ ചോട്ടിലുള്ള ഒരു ഗ്രന്ഥിയിലാ. വിഷപ്പല്ലിന്റെ ഒരു ചാലിലൂടെ അത് ഒഴുകി വരും. പാമ്പ് വായടച്ചുവച്ചാ, പല്ല് വായ്ക്കുള്ളിൽ മടങ്ങി ഇരിക്കും. അപ്പം വിഷം ഒഴുകില്ല. ശത്രുക്കളേയോ ഇരയേയോ ആക്രമിക്കുമ്പോൾ വായ തുറക്കും. അപ്പം വിഷപ്പല്ല് നിവരും. വിഷം ഒഴുകിവരും. കൊത്തിയാൽ വിഷം ഏൽക്കും. പക്ഷേ, പാമ്പ് എത്ര വിചാരിച്ചാലും വിഷം തിരിച്ചുകൊത്തിയെടുക്കാൻ അതിനു പറ്റില്ല. കുട്ടൻ വൈദ്യര് എത്ര മന്ത്രം ചൊല്ലീട്ടും കാര്യംല്ല. വിഷപ്പല്ലിന്റെ ഘടന അങ്ങനെയാ. മാത്രമല്ല, വിഷം രക്തത്തിൽ കലർന്ന് ശരീരത്തിലാകെ വ്യാപിച്ചിട്ടുമുണ്ടാകും."

"ഈ പെണ്ണ് ഒരു തെറിച്ച പെണ്ണാ. എന്തു പറഞ്ഞാലും മുട്ടായുക്തീം കൊണ്ടുവരും." ശാലിനിയെ ചേർത്തുപിടിച്ചുകൊണ്ട് മുത്തശ്ശി പറഞ്ഞു.

ശാലിനി പറഞ്ഞു. "മുട്ടായുക്തിയാണോ അച്ഛാ; മുത്തശ്ശി ഇന്നാള് പറയ്യാ മുത്തശ്ശിക്കിനി മൂന്നുകൊല്ലോം കൂടെയ്യ ഉള്ളൂത്രെ. ആരോ കൈനോക്കി പറഞ്ഞൂത്രേ."

''ആരോ അല്ല, നമ്മുടെ കൈമളാ. കൈമൾക്ക് ഹസ്തരേഖാശാസ്ത്രം നന്നായിട്ടറിയാം."

"അച്ഛാ, മൂന്നുകൊല്ലം തികയാറാകുമ്പം മുത്തശ്ശിക്കുപേടി തുടങ്ങും. ഹാർട്ട് അറ്റാക്ക് വന്നു മുത്തശ്ശി മരിക്കും. കൈമൾക്കെന്താ നഷ്ടം? അതൊക്കെ വിഡ്ഢിത്താന്ന് അച്ഛൻ മുത്തശ്ശിക്കൊന്നു പറഞ്ഞുകൊടുക്ക്."

പരമേശ്വരൻ പറഞ്ഞു. "അമ്മേ ശാലിനി പറഞ്ഞതാ സത്യം. കൈയിലെ രേഖയിൽ ആരാ ഭാവി എഴുതിവെക്കുന്നേ? വസ്തുക്കളെ മുറുകെ പിടിക്കാൻ പ്രകൃതി ഒരുക്കിയ ഒരു സംവിധാനമല്ലേ കൈരേഖ. മടക്കു രേഖകളാണവ. മനുഷ്യനു മാത്രമല്ല കൊരങ്ങിനും ഉണ്ട് കൈരേഖ. അവരുടെ ഇടേലും കൈമളൊണ്ടോന്നറിയില്ല. നമ്മുടെ ഭാവീന്നു പറയുന്നത് നമ്മളെല്ലാരും ചേർന്ന് ഉണ്ടാക്കുന്നതല്ലേ. അമ്മേടെ ചെറുപ്പത്തില് നാടാകെ പട്ടിണിയല്ലായിരുന്നോ? വസൂരി എത്ര പേരെ കൊന്നൊടുക്കീട്ടുണ്ട്. ഇന്നതൊന്നും എന്താ ഇല്ലാത്തെ? നമ്മൾ ഒന്നിച്ചുനിന്ന് സമരം ചെയ്ത് അവകാശങ്ങൾ നേടി. ഭൂപരിഷ്ക്കാരം നടപ്പിലാക്കി. സ്കൂളും ആശുപത്രീം നിർമ്മിച്ചു. അല്ലാതെ കൈ രേഖ മാറിയതുകൊണ്ടോ ഗ്രഹനില മാറിയതുകൊണ്ടോ ആണോ ബീഹാറിലും ഒറീസ്സേലും ഒക്കെ ഇപ്പോഴും പട്ടിണീം പകർച്ചവ്യാധീം തുടരുന്നത്. കൈരഖ മാറാത്തതുകൊണ്ടല്ല അവിടെ നല്ല രാഷ്ട്രീയോം നല്ല വിദ്യാഭ്യാസവും ഇല്ലാത്തതുകൊണ്ടാ?"

"അപ്പം ഭാവി പ്രവചനം ഒക്കെ തെറ്റെന്നാണോ നീ പറയുന്നേ?"

"അവരു പത്തുകാര്യം പറയുമ്പോ ഒന്നോ രണ്ടോ ശരിയാകും. ശരിയാകുന്നത് അമ്മ എല്ലാരോടും പറയും. തെറ്റുന്നത് അപ്പഴേ മറക്കുകേം ചെയ്യും. ഇതൊന്നും ശാസ്ത്രം അല്ലമ്മേ കപടശാസ്ത്രമാണ്. ശാസ്ത്രാണോ പത്ത് കാര്യം പറഞ്ഞാ പത്തും നടക്കണം. ഒന്ന് തെറ്റിയാ ശാസ്ത്ര സിദ്ധാന്തത്തിലെന്തോ കുഴപ്പം ഉണ്ടെന്നാ അർത്ഥം. അപ്പം സിദ്ധാന്തം മാറ്റണം. ശാസ്ത്രം എപ്പോഴും മാറിക്കൊണ്ടും ഇരിക്കും. കപടശാസ്ത്രങ്ങൾക്കേ മാറാതിരിക്കാൻ പറ്റൂ. "

ക്ലാസിൽ ചർച്ച ചെയ്യാൻ

1. പണ്ട് രോഗം വന്നാൽ എന്താണ് ചെയ്തിരുന്നത്? വൈദ്യോം മന്ത്രോം ഒന്നിച്ചു പ്രയോഗിക്കാറല്ലേ പതിവ്? മന്ത്രച്ചരടുകെട്ടിയാ രോഗാണുക്കൾ നശിക്കുമോ?

2. രോഗമുണ്ടാകാൻ കാരണം രോഗാണുക്കളാണെന്ന് ആദ്യം കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആരാണെന്നറിയുമോ? ലൂയി പാസ്ച്ചറെക്കുറിച്ച് അഞ്ചുവാക്യം പറയാൻ ആർക്കു പറ്റും.

3. എങ്ങനെയാണ് ഒരു ശാസ്ത്രസിദ്ധാന്തം നമ്മൾ കണ്ടെത്തുന്നത്. (ഉദാ: ഭൂമി ഉരുണ്ടതാണ്, വയറിളക്കം വന്നാൽ ധാരാളം ഉപ്പിട്ടവെള്ളമോ കഞ്ഞിവെള്ളമോ കൊടുക്കണം). എങ്ങനെയാണ് ശാസ്ത്രം തെറ്റു തിരുത്തി മുന്നേറുന്നത്?

4. ശാസ്ത്രം എപ്പോഴും മനുഷ്യന് നന്മ മാത്രമേ ചെയ്യുന്നുള്ളോ? ഉപദ്രവം ചെയ്യുന്നുണ്ടെങ്കിൽ ആരാണിതിനുത്തരവാദി.

5. പത്രങ്ങളിൽ വരുന്ന അത്ഭുത ഏലസ്സുകളുടെയും ധനാഗമന യന്ത്രങ്ങളുടെയും മന്ത്രമോതിരങ്ങളുടെയും ഒക്കെ പരസ്യം നിങ്ങൾ കാണാറില്ലേ? അതിൽ സത്യമുണ്ടെന്നു നിങ്ങൾ കരുതുന്നുണ്ടോ? ജന്മനക്ഷത്രക്കല്ല് ധരിച്ചാലും അക്ഷയത്രിതീയക്കു സ്വർണം വാങ്ങിയാലും ഗുണം കിട്ടുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

6. ചൊവ്വാദോഷം എന്തെന്നു നിങ്ങൾക്കറിയാമോ? കുഞ്ഞു ജനിക്കുന്ന സമയത്ത് ചൊവ്വ എന്ന ഗ്രഹം പടിഞ്ഞാറ് അസ്തമിക്കുന്നതാണ് ഏഴിൽചൊവ്വ. അസ്തമിക്കുന്ന ചൊവ്വ ഭാവിയിൽ കുഞ്ഞിന്റെ ഇണയ്ക്ക് എങ്ങനെയാണ് ദോഷം ചെയ്യുക.

7. രാവിലെ ചൂലു കണികണ്ടാൽ, നടന്നുപോകുമ്പോൾ കറുത്ത പൂച്ച വിലങ്ങനെ ചാടിയാൽ... ദോഷമാണത്രേ. അത് യുക്തിസഹമായിട്ട് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

8. വളർന്നുവരുന്ന യുക്തിരാഹിത്യവും അന്ധവിശ്വാസങ്ങളും ദരിദ്രരെ പ്രത്യേകിച്ച് സ്ത്രീകളെ എങ്ങനെ ബാധിക്കും എന്ന് ചർച്ച ചെയ്യുക.

കണക്ക്

പാഠഭാഗങ്ങൾ

അധ്യായം 1	:	ചതുഷ്ക്രിയകൾ	173
അധ്യായം 2	:	നിരക്ക്, കച്ചവടം	180
അധ്യായം 3	:	പലിശ	186
അധ്യായം 4	:	സമയം	190
അധ്യായം 5	:	അളവുകളും തൂക്കങ്ങളും	193
അധ്യായം 6	:	ഭിന്നസംഖ്യകൾ	199
അധ്യായം 7	:	രൂപങ്ങൾ	201

അധ്യായം 1

ചതുഷ്ക്രിയകൾ

നാം കടയിൽ പോയി സാധനങ്ങൾ വാങ്ങുന്നുവെന്ന് വെക്കുക. ഓരോ സാധനത്തിനും എത്രയാണ് വിലയെന്നും ആകെ എത്ര തുക നൽകേണ്ടി വരുമെന്നും നാം ശ്രദ്ധിക്കാറുണ്ട്. നൂറിന്റെ നോട്ടാണ് നൽകുന്നതെങ്കിൽ ബാക്കി കിട്ടേണ്ടതെത്രയെന്നു നാം കണക്കാക്കും. വില, ആകെ വില, നൽകേണ്ട തുക, ബാക്കി തുക തുടങ്ങിയ കാര്യങ്ങളിൽ നാം ശ്രദ്ധിക്കാറുണ്ട്. അതുപോലെ ജോലി ചെയ്തു കഴിഞ്ഞാൽ കൂലി വാങ്ങുമ്പോഴും പണം എണ്ണി നോക്കും.

ദിവസത്തിനനുസരിച്ച് തുക കൃത്യമായി ലഭിച്ചിട്ടുണ്ടോ എന്നു പരിശോധിക്കും. ഇങ്ങനെ നിത്യ ജീവിതത്തിൽ കൂട്ടലും കുറയ്ക്കലും ഗുണിക്കലും ഹരിക്കലും നടക്കുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്. ചുരുക്കത്തിൽ നമ്മുടെ ജീവിതവുമായി, ജീവിത പ്രശ്നങ്ങളുമായി വളരെയടുത്തു ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ് കണക്ക്.

നിങ്ങൾക്കെല്ലാവർക്കുമറിയുന്ന കണക്കുകൾ ഒന്നുകൂടി ഓർമിച്ചെടുക്കുക. അവ ഒന്നുകൂടി ചിട്ടപ്പെടുത്തുക. അങ്ങിനെ കണക്ക് കൂടുതൽ നന്നായി ഉപയോഗിക്കുവാൻ എല്ലാവരെയും പ്രാപ്തരാക്കുക. ഈ പാഠങ്ങൾ അതിന് സഹായിക്കുന്നവയാണ്.

കൂട്ടൽ എന്നതിന് സങ്കലനമെന്നും കുറയ്ക്കൽ എന്നതിന് വ്യവകലനം എന്നും കണക്കിൽ അഥവാ ഗണിതത്തിൽ പേരുണ്ട്.

നമുക്ക് ആദ്യം ചില കൂട്ടൽ, കുറയ്ക്കൽ(സങ്കലനം, വ്യവകലനം) കണക്കുകൾ ചെയ്തുനോക്കാം.

1. നാട്ടിൻപുറത്ത് പെട്ടിക്കട നടത്തുകയാണ് അബ്ദുള്ള. ഒരു ദിവസം പട്ടണത്തിലെ മൊത്തക്കടയിൽ അയാൾ സാധനമെടുക്കാൻ പോയി. ബസ്സുകൂലി മൂന്നുരൂപയായി. അബ്ദുള്ള 150 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി. സാധനങ്ങൾ ഓട്ടോറിക്ഷയിൽ കൊണ്ടുവരുന്നതിന് 15 രൂപ ചെലവായി. കടയിലെത്തി തപ്പിനോക്കിയപ്പോൾ പോക്കറ്റിൽ ബാക്കിയുള്ളത് 10 രൂപ. എല്ലാത്തിനും തീ വില! ഇനി താഴെപറയുന്ന കണക്കുകൾ കൂട്ടി നോക്കു. ബസ്കൂലി എത്രരൂപ?

   സാധനങ്ങൾ വാങ്ങാൻ അബ്ദുള്ള ചെലവാക്കിയത് എത്ര രൂപ?

   ഓട്ടോറിക്ഷയ്ക്ക് കൊടുത്ത തുക എത്ര?

   അബ്ദുള്ളയുടെ പോക്കറ്റിൽ ബാക്കിയുള്ളത് എത്ര രൂപ ?

   അപ്പോൾ അബ്ദുള്ള എത്ര രൂപയുമായാണ് പട്ടണത്തിലേക്ക് പോയത്?

   എത്ര എളുപ്പം അല്ലേ? 3+150+15+10=178 രൂപ.

2. രാമൻകുട്ടി അപ്പുവൈദ്യരുടെ വൈദ്യശാലയിൽ നിന്ന് 50 രൂപയുടെ മരുന്നു വാങ്ങി ''കഴിഞ്ഞ ആഴ്ചത്തെ 20 രൂപ പറ്റുണ്ടേ രാമുട്ട്യേ'', വൈദ്യർ ഓർമപ്പെടുത്തി. "അതും ചേർത്തെടുത്തോളിൻ വൈദ്യരേ", 100 രൂപയുടെ നോട്ട് വൈദ്യരെ ഏൽപിച്ചുകൊണ്ട് രാമൻകുട്ടി പറഞ്ഞു.

   വൈദ്യർ രാമൻകുട്ടിക്ക് ബാക്കി കൊടുത്തത് എത്രരൂപയാണ്?

   ഈ കണക്ക് വഴിയെഴുതി കണക്കാക്കി നോക്കൂ?

   രാമൻകുട്ടി എത്ര രൂപയുടെ മരുന്നു വാങ്ങി?

   കഴിഞ്ഞ ആഴ്ചയിലെ പറ്റുബാക്കി എത്ര?

   ആകെ വൈദ്യർക്ക് കൊടുക്കേണ്ടത് എത്ര?

രാമൻ കുട്ടി വൈദ്യരെ ഏൽപിച്ചത് എത്ര രൂപ?

വൈദ്യർ തിരിച്ചു നൽകിയത് എത്ര രൂപ?

3. രാമൻകുട്ടിക്ക് തീപ്പെട്ടികമ്പനിയിലാണ് ജോലി. വൈകുന്നേരംവരെ ജോലി ചെയ്തതിന് 150 രൂപ കൂലി കിട്ടി. രാമൻകുട്ടി കവലയിലെ പലചരക്കുകടയിൽ കയറി 30 രൂപയ്ക്ക് അരിയും 20 രൂപയ്ക്ക് പച്ചക്കറിയും 15 രൂപയ്ക്ക് മുളകുമസാലയും വാങ്ങി. പിന്നെ മകൾക്ക് 30 രൂപയ്ക്ക് നോട്ടുബുക്ക് വാങ്ങി. ഇനി അപ്പുവൈദ്യരുടെ കടയിൽ നിന്ന് അമ്മയ്ക്ക് കഷായവും കുഴമ്പും വാങ്ങാൻ 75 രൂപ വേണ്ടി വരും. എത്ര രൂപ കടം പറയണം? രാമൻകുട്ടി മനസ്സിൽ കണക്കു കൂട്ടാൻ തുടങ്ങി.

രാമൻകുട്ടിക്ക് കിട്ടിയ കൂലി എത്ര?

രാമൻകുട്ടി എന്തെല്ലാം സാധനങ്ങൾ വാങ്ങി?

അരി വാങ്ങാൻ ചെലവ് എത്ര?

പച്ചക്കറിക്ക് ചെലവ് എത്ര?

മുളക്മസാലക്ക് ചെലവ് എത്ര?

നോട്ടുബുക്കിന് ചെലവ് എത്ര?

എല്ലാത്തിനും കൂടി ചെലവ് എത്ര?

കൂലി കിട്ടിയതിൽ ചെലവു കഴിഞ്ഞ് ബാക്കി എത്ര?

അപ്പു വൈദ്യർക്ക് കഷായത്തിനും കുഴമ്പിനും കൊടുക്കേണ്ടത് എത്ര?

അപ്പു വൈദ്യരുടെ കടയിൽ കടം എത്ര?

നിങ്ങൾ മനക്കണക്കായി ചെയ്യാറുള്ള ഈ കണക്ക് മുകളിൽ കൊടുത്തിരിക്കുന്ന വിധം വഴിയെഴുതി കണക്കുകൂട്ടി നോക്കൂ.

ഉത്തരം കണ്ടെത്തുക

1. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുശേഷം വാറുണ്ണിയേട്ടൻ രാമൻ നായരുടെ ചായക്കടയിലെത്തി. എന്തൊക്കെയാ തെരഞ്ഞെടുപ്പു വിവരങ്ങൾ വാറുണ്ണ്യേട്ടാ, രാമൻ നായർ ചോദിച്ചു. വിവരങ്ങളൊക്കെ വാറുണ്ണ്യേട്ടന്റെ വിരൽത്തുമ്പത്തുണ്ട്. മൂപ്പർ പറഞ്ഞു. നമ്മുടെ വാർഡിൽ മൊത്തമുള്ള 1878 വോട്ടർമാരിൽ 1565 പേരാ വോട്ട് ചെയ്തത്. അതിൽ 48 വോട്ട് അസാധുവായി. ഇതനുസരിച്ച് പഞ്ചായത്തു വാർഡിലെ വോട്ടർമാരിൽ എത്രപേരാണ് വോട്ടു ചെയ്യാതിരുന്നത്? കണക്കാക്കി നോക്കൂ.

2. ആനപ്പുറം വാർഡിലെ ഗ്രാമ സഭയിൽ പങ്കെടുക്കേണ്ട അംഗങ്ങളുടെ എണ്ണം 438 ആണ്. പക്ഷേ ഇത്തവണ പങ്കെടുത്തത് 348 പേർമാത്രം. അപ്പോൾ ഗ്രാമസഭയിൽ പങ്കെടുക്കാത്തവരുടെ എണ്ണം എത്ര?

3. അമ്മാളു ഏട്ടത്തി തേങ്ങാക്കാരൻ മൊയ്തുണ്ണിയുമായി തർക്കത്തിലാണ് കഴിഞ്ഞമാസം തേങ്ങാ വിറ്റവകയിൽ 1850 രൂപ കിട്ടിയതല്ലേ? ഇത്തവണേം അതേ എണ്ണം തേങ്ങയുണ്ടല്ലോ. എന്നിട്ടെന്താ 1500 രൂപാ മാത്രം? അതെന്താ അങ്ങനെ? നിങ്ങള് ആളെ കളിയാക്വാണോ? അപ്പോ തേങ്ങാവില ഡിം എന്ന് ഇടിഞ്ഞ കാര്യോന്നും അമ്മാളുഏട്ടത്തി അറിഞ്ഞില്ലേ? ഞമ്മളെന്താ ചെയ്യാ? മൊയ്തുണ്ണി തലയിൽ കൈ വച്ച് ചോദിച്ചു.

അമ്മാളു ഏട്ടത്തിക്ക് കഴിഞ്ഞമാസവും ഈ മാസവും കൂടി തേങ്ങാവിറ്റപ്പോൾ കിട്ടിയത് എത്ര രൂപ?

കഴിഞ്ഞമാസത്തെ അപേക്ഷിച്ച് ഈ മാസവും തേങ്ങാ വിറ്റുകിട്ടിയ വരുമാനത്തിൽ എത്ര കുറവുണ്ട്?

4. അന്തപ്പൻ തന്റെ പറമ്പിൽ നിന്നും ലഭിച്ച വിളകൾ ചന്തയിൽ വിൽക്കാനായി കൊണ്ടുപോയി. വാഴക്കുല വിറ്റവകയിൽ 150 രൂപയും, തേങ്ങ വിറ്റവകയിൽ 80 രൂപയും, ചേനയ്ക്കും ഇഞ്ചിക്കും കപ്പയ്ക്കും കൂടി 280 രൂപയും ലഭിച്ചു. പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ വില കിട്ടി. അന്തപ്പനു സന്തോഷമായി. തിരിച്ചുവരുന്ന വഴി 48 രൂപ കൊടുത്ത് മോൾക്ക് ഒരു ജോഡി ചെരുപ്പും 85 രൂപ കൊടുത്ത് അമ്മയ്ക്ക് ഒരുമാസത്തേയ്ക്കുള്ള ഗുളികയും വാങ്ങി. വീട്ടിലെത്തി ഭാര്യയെ ബാക്കി തുക ഏൽപിച്ചു. ഇതു പതിവില്ലാത്തതാണല്ലോ? ഭാര്യയുടെ ചോദ്യം കേട്ട് അന്തപ്പന് ചിരി വന്നു.

ഇവിടെ അന്തപ്പന് ചന്തയിൽ നിന്നും ആകെ എത്ര രൂപ ലഭിച്ചു?

അന്തപ്പൻ ഭാര്യയുടെ കൈയിൽ എത്ര രൂപയാണ് ഏൽപിച്ചത്?

5. രാമൻകുട്ടി കൂലിപ്പണിക്കാരനാണ്. വൈകുന്നേരംവരെ പണിയെടുത്തപ്പോൾ 150 രൂപയാണ് കൂലി കിട്ടിയത്. അതിൽ 30 രൂപയ്ക്ക് അരിയും, 25 രൂപയ്ക്ക് പച്ചക്കറിയും 15 രൂപയ്ക്ക് മുളക്, മസാലപ്പൊടി എന്നിവയും വാങ്ങി. മോൾക്ക് നോട്ടുബുക്കു വാങ്ങാൻ 35 രൂപ ചെലവായി. ഇപ്പോൾ ആകെ എത്ര രൂപ ചെലവായി. ഇനി അമ്മയ്ക്കുള്ള മരുന്നുവാങ്ങാൻ 60 രൂപ വേണം. മരുന്നു കടയിൽ കൊടുക്കാൻ എത്ര രൂപ കുറവുണ്ട്?

ഗുണനം

കുപ്പായം തുന്നിയാലെന്തു കിട്ടും

പട്ടണത്തിലെ തയ്യൽക്കടയിലാണ് കൃഷ്ണൻകുട്ടിയ്ക്ക് ജോലി. തയ്ക്കാനുള്ള തുണിയൊക്കെ മുതലാളിതന്നെയാണ് വെട്ടിക്കൊടുക്കുന്നത്. കൃഷ്ണൻകുട്ടിക്കും കൂടെയുള്ള ജോലിക്കാർക്കും തുന്നിയാൽ മതി. ഒരു ഉടുപ്പ് തുന്നിയാൽ 15 രൂപയാണ്

കൂലി കിട്ടുക. കൃഷ്ണൻ കുട്ടി ഒരു ദിവസം 4 ഉടുപ്പുകൾ തുന്നിയാൽ എത്ര രൂപ കൂലി ലഭിക്കും?

15+15+15+15 = 60 രൂപ

4 പതിനഞ്ചുകൾ ചേർന്നാൽ 60 എന്നിരിക്കെ

4 X 15 = 60 എന്നെഴുതാം

(അതായത് 4 ഗുണം 15 സമം 60 എന്നു വായിക്കാം.)

ഉത്തരം കണ്ടെത്തുക

1. രാവിലെ ഓട്ടോറിക്ഷയിൽ കുട്ടികളെ സ്കൂളിലേക്കു കൊണ്ടുപോകുന്നതു കാണുമ്പോൾ പേടിയാവും. ഒരു ഓട്ടോയിൽ 10 കുട്ടികളെയാണ് കയറ്റുന്നത്. മുക്കോട്ടുകവലയിൽ നിന്ന് 3 ഓട്ടോ എല്ലാ ദിവസവും കുട്ടികളെ കൊണ്ടുപോകും. എല്ലാ ഓട്ടോയിലും ഒരേ കണക്കുതന്നെ. എങ്കിൽ എത്രകുട്ടികളെയാണ് ഇങ്ങനെ 3 ഓട്ടോയിലുമായി കുത്തിനിറച്ച് കൊണ്ടുപോകുന്നത്?

2. വേലുക്കുട്ടിയുടെ വീടിന്റെ മേല്ക്കൂര പൊട്ടിപ്പൊളിഞ്ഞിട്ട് അഞ്ചാറുമാസമായി മഴക്കാലം വരും മുമ്പ് ചോർച്ചയൊക്കെ തീർത്ത് ഒന്നു നേരെയാക്കണം. 5 ചാക്ക് സിമന്റ് വേണം. സിമന്റിനൊക്കെ എന്താ വില! ചാക്കിന് 265 രൂപയാണത്രേ. അപ്പോ 5 ചാക്ക് സിമന്റിന് എത്ര രൂപ വേണം.

3. ഗേപാലേട്ടനും ദേവകിയേട്ടത്തിയും മക്കൾ മാലതിയും ഗോപികുട്ടിയും മെഡിക്കൽ കോളേജിലേയ്ക്ക് പുറപ്പെട്ടു. എല്ലാവർക്കും ഒരാഴ്ചയായിട്ട് പനി. കവലയിലെത്തിയപ്പോൾ ട്രക്കറുകാരൻ നിൽക്കുന്നു. ഗോപാലേട്ടാ ആസ്പത്രിക്കാവും അല്ലേ? ആളൊന്നുക്ക് 18 രൂപ! ഞാൻ കൊണ്ടുപോകാം നാലുപേർക്കും കൂടി യാത്രയ്ക്കെത്ര രൂപ വേണം?

4. മേരി പലചരക്കു കടയിൽ സാധനങ്ങൾ വാങ്ങാൻ പോയി സാധനങ്ങൾ വാങ്ങിയപ്പോൾ ലഭിച്ച ബില്ലാണ് താഴെക്കാണുന്നത്. മാഞ്ഞുപോയ ഭാഗം പൂരിപ്പിക്കാമോ? മേരിയുടെ കയ്യിൽ 100ന്റെ 2 നോട്ടുകളാണുള്ളതെങ്കിൽ കടക്കാരൻ മേരിയുടെ കയ്യിൽ എത്ര രൂപ ബാക്കി കൊടുത്തുകാണും?

ഇനം	ഒന്നിന്റെ വില (നിരക്ക്)	എണ്ണം	ആകെ വില
അലക്കുസോപ്പ്	8.00	5	....
വാസനസോപ്പ്	10.00	3	....
ബിസ്ക്കറ്റ്	7.00	2 പായ്ക്കറ്റ്	....
കോഴിമുട്ട	2.00	12	....

ഹരണം

കുട്ടികൾക്ക് പലഹാരം നൽകാൻ ഒന്നുമില്ലാതെ അമ്മിണി വിഷമിച്ചു. അനുജത്തിയുടെ കുട്ടികളടക്കം നാലു കുട്ടികളുണ്ട് വീട്ടിൽ. ഉണ്ണിയപ്പം വാങ്ങിയാൽ കുട്ടികൾക്കിഷ്ടപ്പെടും. കടയിൽ പോയി ഒരു പായ്ക്കറ്റ് ഉണ്ണിയപ്പം വാങ്ങി. പായ്ക്കറ്റിൽ 12 എണ്ണമുണ്ട്. കുട്ടികൾക്ക് അമ്മിണി ഉണ്ണിയപ്പം വീതം വയ്ക്കുന്നത് ശ്രദ്ധിക്കാം.

4 പേർക്ക് 12 ഉണ്ണിയപ്പം എങ്ങനെയാണ് ഭാഗിച്ചു കൊടുക്കുന്നതെന്നു നോക്കാം. ആദ്യത്തെ തവണ ഓരോരുത്തർക്കും ഓരോ ഉണ്ണിയപ്പം കൊടുക്കുന്നു. അപ്പോൾ 4 എണ്ണം കുറഞ്ഞു.

$$\begin{array}{r} 12 - \\ 4 \\ \hline 8 \end{array}$$

രണ്ടാം തവണ ഓരോരുത്തർക്കും ഓരോ ഉണ്ണിയപ്പം കൊടുക്കുന്നു. വീണ്ടും 4 എണ്ണം കുറഞ്ഞു.

$$\begin{array}{r} 8 - \\ 4 \\ \hline 4 \end{array}$$

മൂന്നാം തവണ ശേഷിച്ച 4 എണ്ണം ഓരോരുത്തർക്കും ഓരോന്നു വീതം കൊടുക്കുന്നു. ഇപ്രകാരം 12 ഉണ്ണിയപ്പവും തീർന്നു.

$$\begin{array}{r} 4 - \\ 4 \\ \hline 0 \end{array}$$

ഇവിടെ 12 ഉണ്ണിയപ്പം 4 പേർക്ക് തുല്യമായി ഭാഗിച്ചു കൊടുത്തതാണ് കണ്ടത്.

ഒരാൾക്ക് എത്ര ഉണ്ണിയപ്പം കിട്ടി?

12 എണ്ണം 4 ആയി വീതിച്ച ഈ ക്രിയയെ

$12 \div 4$ എന്ന് ചുരുക്കി എഴുതാം

$12 \div 4 = 3$

ഇനി 12 ഉണ്ണിയപ്പം 3 പേർക്ക് തുല്യമായി ഭാഗിക്കുന്നതിനെ എങ്ങനെ എഴുതാം $12 \div 3 = 4$

ഉത്തരം കണ്ടെത്തുക

1. വിഷുവിന് ഗീത 80 നെയ്യപ്പം ഉണ്ടാക്കി, 4 നെയ്യപ്പം കൊള്ളുന്ന ചെറിയ കാർഡുബോർഡു പെട്ടികളിലാക്കി വിൽപനയ്ക്കു മോന്റെ കൈയ്യിൽ കൊടുത്തുവിട്ടു. നെയ്യപ്പം മുഴുവൻ പായ്ക്കു ചെയ്യുവാൻ ഗീതയ്ക്ക് എത്ര പെട്ടികൾ വേണ്ടിവരും.
2. ഗോപാലൻ ടാപ്പിംഗ് തൊഴിലാളിയാണ്. മറിയാമ്മച്ചേട്ടത്തിയുടെ വീട്ടിലെ 200 റബ്ബർ മരങ്ങൾ വെട്ടി പാലെടുക്കണം. വെളുപ്പിന് നാലുമണിക്കുണർന്നു ഗോപാലൻ വെട്ടാൻ പോകും. ഉച്ചയ്ക്ക് പാലെടുക്കുന്നത് ഭാര്യയാണ്. 100 മരങ്ങൾ വെട്ടി പാലെടുക്കുന്നതിന് 80 രൂപയാണ് കൂലി. ടാപ്പിംഗ് കഴിഞ്ഞ് ഗോപാലൻ ചില്ലറ കൂലിപ്പണികൾക്കും പോകും. അങ്ങനെയൊക്കെ നോക്കിയാലേ കുടുംബം കഴിഞ്ഞുപോകുകയുള്ളൂ. ഇന്ന് ഗോപാലന് നല്ല ക്ഷീണം തോന്നി. ഒരു പനിക്കോളുപോലെ. എന്തായാലും റബ്ബറുവെട്ടിയിട്ടുവരാം. മറ്റു പണിക്കൊന്നും ഇന്നു പോകണ്ട എന്നു വയ്ക്കാം. കുറച്ചു മരങ്ങൾ വെട്ടിയപ്പോഴേയ്ക്കും കടുത്ത പനി. വെട്ടു നിർത്തി ഗോപാലൻ വീട്ടിലേയ്ക്കു പോന്നു. ഉച്ചയ്ക്ക് പാലെടുക്കാൻ പോയിട്ടുവന്നപ്പോൾ ഭാര്യ പറഞ്ഞു, 50 മരമേ വെട്ടിയിട്ടുള്ളൂ കേട്ടോ? ഞാൻ എണ്ണിനോക്കി.

   മുഴുവൻ മരങ്ങളും വെട്ടിയിരുന്നെങ്കിൽ ഗോപാലന് എത്ര രൂപ കൂലി ലഭിക്കുമായിരുന്നു. 50 മരങ്ങൾ വെട്ടിയതിന് ഗോപാലന് ലഭിക്കുന്ന കൂലി എത്ര?
3. പത്രങ്ങളിൽ സോപ്പുകളുടെ പരസ്യം നിങ്ങൾ കണ്ടിരിക്കും. ഒരു പക്ഷേ ഏറ്റവും കൂടുതൽ പരസ്യം സോപ്പിന്റേതാകാനും മതി. കാര്യമതല്ല. ഒരു പരസ്യത്തിൽ സോപ്പിന്റെ വില കുറച്ചതായി കണ്ടു. ഒരു സോപ്പിന് 9 രൂപ മാത്രം. കുറെ സോപ്പു വാങ്ങാമെന്ന് നിങ്ങൾ വിചാരിക്കുന്നു. കൈയിൽ 108 രൂപയുണ്ട്. എത്ര സോപ്പുകൾ ലഭിക്കും?
4. വായനശാലയുടെ ആഭിമുഖ്യത്തിൽ ഈ വർഷം വിനോദയാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. 110 പേർ പോകുവാൻ തയാറായിട്ടുണ്ട്. യാത്രയ്ക്കുള്ള ബസ് ഏർപ്പാടു ചെയ്തപ്പോൾ 25 സീറ്റുള്ള മിനി ബസുകൾ മാത്രമേ ലഭ്യമാവുകയുള്ളൂ എന്നറിഞ്ഞു. അങ്ങനെയെങ്കിൽ മുഴുവൻ ആളുകൾക്കും യാത്ര ചെയ്യുന്നതിന് എത്ര ബസുകൾ വേണ്ടിവരും?
5. ഓമന കുട്ടികൾക്ക് തുണിയെടുക്കാൻ കടയിൽ പോയതാണ്. ചുവപ്പു പാവാട തുണി കണ്ടപ്പോൾ ഓമനയ്ക്ക് നന്നേ പിടിച്ചു. 2 പേർക്ക് പാവാട തയ്ക്കാൻ 3 മീറ്റർ തുണിയെടുക്കണമെന്ന് തയ്യൽക്കാരൻ പറഞ്ഞിരുന്നു. പാവാട തുണി കാട്ടിക്കൊടുത്തിട്ട് വില ചോദിച്ചപ്പോൾ 3 മീറ്ററിന് 210 രൂപ.

   ഇവിടെ പാവാട തുണിയ്ക്ക് 1 മീറ്ററിന് എന്തു വിലയാകും? ഇത്രേയും വിലയുള്ള തുണി വേണ്ട! ഉടനെ മറ്റൊരു തുണി കാട്ടിയിട്ട് കടക്കാരൻ പറഞ്ഞു. ഇതെടുത്താൽ 150 രൂപയേ ആകുകയുള്ളൂ ചേച്ചി. ഓമന ഈ തുണി വാങ്ങിയാൽ മീറ്ററിന് എത്ര രൂപ വിലയാകും?

അധ്യായം 2

നിരക്ക്, കച്ചവടം

മാമ്പഴക്കാലമെത്തി. കച്ചവടക്കാരിയായ ചാച്ച്യമ്മ സന്തോഷം കൊണ്ട് സ്വയം മറന്നു പാടുകയാണ്.

മാങ്ങ പഴുത്തു നാടെങ്ങും
മാമ്പഴക്കാലം വന്നൂലോ...
സിന്ദൂരിയുണ്ട്, സുന്ദരിയുണ്ട്
നൂറിനു പത്താണിന്നു വില
നൂറിന്റെ നോട്ടൊന്നു തന്നിടുകിൽ
മാമ്പഴം പത്തങ്ങു തന്നിടാമേ...

അപ്പോഴാണ് ചാച്ച്യമ്മയുടെ കൂട്ടുകാരി രാധ അവിടേക്കു വന്നത്. അവർ വരികൾ കൂട്ടിച്ചേർത്തു.

രാധ: അഞ്ഞൂറു മാങ്ങയെനിക്കുവേണം

കാശതിനെത്ര? ഞാൻ തന്നിടേണം?

അഞ്ഞൂറു രൂപയ്ക്കു മാങ്ങ വേണേൽ

മാങ്ങയെനിക്കെത്ര തന്നിടും നീ?

കൈവിരലൊന്നു ഞൊടിച്ചുകൊണ്ടേ

ചാച്ച്യമ്മയുത്തരം ചൊന്നിടുന്നൂ

അഞ്ഞൂറു രൂപയ്ക്കമ്പതല്ലോ

അഞ്ഞൂറു മാങ്ങയ്ക്കയ്യായിരം!

ചാച്ച്യമ്മ സ്കൂളിൽ പോയിട്ടില്ല. എങ്കിലും കണക്കു തെറ്റാറില്ല. ചാച്ച്യമ്മ എങ്ങനെയാവും കണക്കു കൂട്ടിയത്?

ചോദ്യം 1

500 രൂപയ്ക്ക് എത്ര മാങ്ങ കിട്ടും?

100 രൂപയ്ക്ക് 10 മാമ്പഴം എന്നതാണ് നിരക്ക്. 100 രൂപയുടെ സ്ഥാനത്ത് 500 രൂപയാണെങ്കിൽ എത്ര മാമ്പഴം കിട്ടും എന്നു വേണമല്ലോ ചിന്തിക്കേണ്ടത്. 100ന്റെ 5 മടങ്ങാണ് 500. അതനുസരിച്ച് മാമ്പഴം 10ന്റെ 5 മടങ്ങ് കിട്ടും. അതായത് 50 എണ്ണം.

രൂപ	മാങ്ങ
100	10
500	50

ചോദ്യം 2

500 മാങ്ങയ്ക്ക് എത്ര രൂപ കൊടുക്കണം?

ഇവിടെ തിരിച്ചു ചിന്തിക്കണം?

10 മാങ്ങയ്ക്ക് 100 രൂപ എന്ന നിരക്കനുസരിച്ച് 500 മാങ്ങയുടെ വില കാണാം.

10ന്റെ 50 മടങ്ങാണ് 500.

അതുകൊണ്ട് വില 100ന്റെ 50 മടങ്ങാകും.

അതായത് 5000 രൂപ.

മാങ്ങ	രൂപ
10	100
500	5000

10 മാമ്പഴത്തിന് 100 രൂപയെങ്കിൽ ഒരു മാമ്പഴത്തിന് എത്ര രൂപയാകും?

ഒരു മാമ്പഴത്തിന്റെ വില = 100 ÷ 10

= 10 രൂപ

ഒരു മാമ്പഴത്തിന് 10 രൂപ എന്ന നിരക്കനുസരിച്ച്

13 മാമ്പഴത്തിന്റെ വില കാണാമോ?

13 മാമ്പഴത്തിന്റെ വില = 13 X 10

= 130 രൂപ

ഇപ്രകാരം 25 മാമ്പഴത്തിന്റെ വില കാണുക?

20 മാമ്പഴത്തിന്റെ വിലയെന്ത്?

5 മാമ്പഴത്തിന് എത്ര രൂപ കൊടുക്കണം?

25 മാമ്പഴത്തിന് എന്തു വിലയാകും?

10 രൂപയ്ക്ക് ഒരു മാമ്പഴം കിട്ടുമെങ്കിൽ 20 രൂപയ്ക്ക് എത്ര മാമ്പഴം കിട്ടും?

30 രൂപയ്ക്ക് എത്ര മാമ്പഴം കിട്ടും?

5 രൂപയ്ക്ക് മാമ്പഴം കിട്ടുമോ?

ചിന്തിച്ചു ചെയ്യുക.

1. ഒരു കിലോഗ്രം പഞ്ചസാരയ്ക്ക് 20 രൂപയാണ് വില. റഷീദിന് 3 കിലോഗ്രാം പഞ്ചസാര വേണം. എത്ര രൂപാ കൊടുക്കണം?
2. ഒരു നാരങ്ങയ്ക്ക് 2 രൂപ വിലയായാൽ 50 നാരങ്ങയുടെ വിലയെന്ത്?
3. ബാബുക്കുട്ടൻ തന്റെ കടയിൽ നാരങ്ങാവെള്ളം കൊടുക്കുന്നതിനായി 30 നാരങ്ങ വാങ്ങി. ഒരു നാരങ്ങയ്ക്ക് 2 രൂപയും ഒരു കിലോ ഗ്രാം പഞ്ചസാരയ്ക്ക് 20 രൂപയുമാണ് വില. ബാബുക്കുട്ടന് ആകെ എത്ര രൂപ ചെലവായി? 30 നാരങ്ങ കൊണ്ട് 30 ഗ്ലാസ് നാരങ്ങാ വെള്ളം ഉണ്ടാക്കാം. ഒരു ഗ്ലാസ് നാരങ്ങാ വെള്ളം 3 രൂപയ്ക്കാണ് ബാബുക്കുട്ടൻ വിൽക്കുന്നത്.

   ഈ കച്ചവടത്തിൽ അയാൾക്ക് എത്ര രൂപ ലാഭം കിട്ടുമെന്ന് പറയാമോ?
4. ജാനകിക്ക് ഇന്നു പണിക്കൂലി കിട്ടിയ ദിവസമാണ്. ചായക്കടയിൽ നിന്ന് മകൾക്ക് എന്തെങ്കിലും വാങ്ങണം. ജാനകി 6 പരിപ്പുവട വാങ്ങി. 2 വടയ്ക്ക് 5 രൂപയാണു വില. ജാനകി കണക്കു കൂട്ടുകയാണ്. നിങ്ങൾക്കു സഹായിക്കാമോ?

5. 100 ഗ്രാം കശുവണ്ടിക്ക് 30 രൂപ വിലയുണ്ടെങ്കിൽ 500 ഗ്രാം കശുവണ്ടിക്ക് എത്ര രൂപ കൊടുക്കണം?

(100 ന്റെ 5 മടങ്ങാണല്ലോ 500. അതുകൊണ്ട് വിലയും 30ന്റെ 5 മടങ്ങാകും)

6. ആമിനുമ്മയുടെ വീട്ടിൽ പാചകത്തിന് 3 ദിവസത്തേക്ക് 2 തേങ്ങ എന്ന കണക്കിനാണ് ഉപയോഗം. 10 തേങ്ങ കിടപ്പുണ്ട്. അവ എത്ര ദിവസത്തേക്ക് തികയും? അടുത്ത മാസം സെപ്തംബർ മാസമാണ്. ആ മാസം മുഴുവൻ ഉപയോഗിക്കാൻ എത്ര തേങ്ങ വേണ്ടിവരും?

(സെപ്തംബർ മാസത്തിൽ 30 ദിവസം ഉണ്ടെന്നോർക്കുക.)

7. ഗോപാലൻ കച്ചവടത്തിനായി 100 നാടൻ കോഴിമുട്ട വാങ്ങി. 2 രൂപ വച്ചു വാങ്ങിയ മുട്ട 3 രൂപ വച്ചു വിൽക്കാനാണ് തീരുമാനം. വരുന്ന വഴി സൈക്കിൾ ഒരു കല്ലിൽ തട്ടി 10 മുട്ട പൊട്ടിപ്പോയി. ബാക്കി മുട്ടകൾ വിറ്റാൽ അയാൾക്ക് എത്ര രൂപ ലാഭം കിട്ടും? മുട്ട പൊട്ടിയില്ലായിരുന്നുവെങ്കിൽ എത്ര രൂപ കൂടി അധികം വിറ്റു കിട്ടുമായിരുന്നു?

സാരിക്കച്ചവടം

മക്കൾ സ്കൂൾ വിട്ടു വരാനുള്ള നേരമായി. വീട്ടുജോലികൾ തീർക്കാനുള്ള തത്രപ്പാടിലാണ് ലീലാമ്മ. അപ്പോഴതാ ആരോ ഗേറ്റു കടന്നു വരുന്നു. സാരിക്കച്ചവടക്കാരനാണ്. വെട്ടിത്തിളങ്ങുന്ന ഒരു സാരി നിവർത്തിപ്പിടിച്ചുകൊണ്ട് അയാൾ പറയുകയാണ്.

> 'അമ്മാ, ഇതു ശിവകാശിയിൽ പോയി ഞാനെടുത്ത സാരിയാണ്. ഇതിവിടെങ്ങും കിട്ടില്ല. 500 രൂപയാണ് ഇതിന്റെ വില. ഒരു 100 രൂപ കുറച്ച് ഇത് ഞാൻ അമ്മയ്ക്കു തരാം.'

ലീലാമ്മക്ക് ആ സാരി നന്നേ പിടിച്ചു.

ഒരമ്പത് രൂപ കൂടി കുറച്ചു തരാമോ? - എന്നായി ലീലാമ്മ

'അമ്മാ എനിക്കിതു നഷ്ടമാണ്. എങ്കിലും അമ്മ ആശിച്ചതല്ലേ. എടുത്തോളു.' അയാൾ സാരി മടക്കി ലീലാമ്മയ്ക്ക് കൊടുക്കുന്നു. അപ്പോൾ 150 രൂപ കുറച്ചു കിട്ടിയ സന്തോഷമായിരുന്നു ആ വീട്ടമ്മയുടെ കണ്ണുകളിൽ. ഈ കച്ചവടത്തെപ്പെറ്റി നിങ്ങൾ എന്തു പറയുന്നു? ആ കച്ചവടക്കാരൻ 100 രൂപയ്ക്കാണ് ഈ സാരി വാങ്ങിയത്. അയാൾ 250 രൂപ അധികം എടുത്തിരിക്കുന്നു.

കച്ചവടക്കാരൻ സാരിക്ക് പരസ്യപ്പെടുത്തിയ വിലയാണ് 500 രൂപ

അതായത്, പരസ്യവില = 500 രൂപ

പരസ്യവിലയിൽ 150 രൂപ കുറച്ചു കൊടുത്തിരിക്കുന്നു. കുറച്ചു കൊടുത്ത തുകയെ ഡിസ്ക്കൗണ്ട് അല്ലെങ്കിൽ കിഴിവ് എന്നാണ് പറയുക.

സാരിക്ക് കൊടുത്ത ഡിസ്ക്കൗണ്ട് (കിഴിവ്) = 150 രൂപ

വിറ്റവില = 500–150

= 350 രൂപ

കച്ചവടക്കാരന് മുടക്ക് (വാങ്ങിയ വില) = 100 രൂപ

കച്ചവടക്കാരന് കിട്ടിയ ലാഭം = 350–100

= 250 രൂപ

പരസ്യവില രൂപ	ഡിസ്ക്കൗണ്ട് (കിഴിവ്) രൂപ	വിറ്റവില രൂപ	മുടക്ക് (വാങ്ങിയവില) രൂപ	ലാഭം രൂപ
500	150	350	100	250

എഴുതി ചെയ്യാതെ പറയാമോ?

കടയിൽ ചെന്നാൽ ഡിസ്ക്കൗണ്ട് നൂറിനുപത്തു കിഴിച്ചാലോ അഞ്ഞൂറിന്നൊരു സാരിയെടുത്താൽ നമുക്കു കിട്ടും കിഴിവെത്ര?

ചിന്തിച്ചു ചെയ്യൂ.

1. പ്രദർശനശാലയിൽ നല്ല തിരക്ക്. ചാക്കോ മാഷ് ഭാര്യക്ക് ഒരു സാരിയെടുക്കാനായി കയറി. പലതരത്തിലുള്ള സാരികൾ മടക്കി തൂക്കിയിട്ടിരിക്കുന്നു. പേപ്പറിൽ വിലയെഴുതി ഓരോ സാരിയിലും കുത്തിവച്ചിരിക്കുന്നു. 180 രൂപ എന്നെഴുതിയിരിക്കുന്ന സാരി മാഷ് എടുത്തു. സാരിയുടെ ഒരു ഭാഗത്ത് ഒട്ടിച്ചിരിക്കുന്ന സ്റ്റിക്കറിൽ 200 രൂപ എന്നെഴുതിയിരിക്കുന്നത് മാഷു കണ്ടു. 20 രൂപ കുറച്ചു കൊടുത്താൽ മതിയെന്ന് കടക്കാരൻ പറഞ്ഞു. ഈ സാരിക്ക് ഇട്ടിരിക്കുന്ന ഡിസ്ക്കൗണ്ട് എത്രയാണ്? എത്ര രൂപയാണ് പരസ്യവില? വിൽക്കുന്നത് എത്ര രൂപയ്ക്കാണ്?
2. ഒരു തയ്യൽ മെഷീന് 4000 രൂപയാണ് വില. 10 ശതമാനം ഡിസ്ക്കൗണ്ട് അനുവദിച്ചാൽ എത്ര രൂപ കൊടുക്കണം?
3. ചെരുപ്പുകടയിൽ ആദായവില്പന നടക്കുന്നു. സതീശൻ തനിക്ക് ഒരു ജോഡി ചെരുപ്പു വാങ്ങാനായി കടയിൽ കയറി. 200 രൂപ വില എഴുതിവച്ചിരിക്കുന്ന

ചെരുപ്പ് 20 ശതമാനം കുറച്ച് കൊടുക്കാമെന്നു പറയുന്നു. സതീശന് എത്ര രൂപയ്ക്ക് ആ ചെരുപ്പ് കിട്ടിയിരിക്കും?

20 ശതമാനം കുറച്ചു കൊടുക്കാം എന്നു പറയുമ്പോൾ എന്താണു മനസ്സിലാവുന്നത്?

100 രൂപ കൂട്ടിയെഴുതി വച്ചിരിക്കുന്ന ഒരു സാധനം 20 രൂപ കുറച്ച് 80 രൂപയ്ക്ക് കൊടുക്കും എന്നല്ലേ.

അതായത്, 100 രൂപ വിലയിട്ടിരിക്കുന്നത് 80 രൂപയ്ക്കും കിട്ടും.

ഇതനുസരിച്ച്,

200 രൂപയുടെ ചെരുപ്പ് എത്ര രൂപയ്ക്ക് കിട്ടും?

നിങ്ങൾ കണ്ടുപിടിക്കൂ.

4. പലഹാരങ്ങൾ വാങ്ങി വീടുതോറും നടന്നു വിൽക്കുന്ന ജോലിയാണ് ചിന്നമ്മയ്ക്ക്. ഇതുകൊണ്ട് അവൾക്ക് നേട്ടമൊന്നുമില്ല. സ്വന്തമായി കുറെ അവലോസുണ്ട ഉണ്ടാക്കി വിറ്റാലോ എന്നവൾ ചിന്തിച്ചു. അയൽക്കൂട്ടത്തിൽ അവളുടെ നിക്ഷേപത്തിൽ നിന്നും കുറച്ചു രൂപയെടുത്ത് താഴെക്കുറിച്ചിരിക്കുന്ന സാധനങ്ങൾ അവൾ വാങ്ങി.

1 കിലോ പച്ചരിക്ക് 14 രൂപ വച്ച് 2 കിലോ പച്ചരി

1 കിലോ ശർക്കരയ്ക്ക് 12 രൂപ വച്ച് 1 കിലോ ശർക്കര

8 രൂപ വച്ച് 4 തേങ്ങ

8 രൂപയ്ക്ക് ചുക്ക്, ഏലക്ക

ആകെ എത്ര രൂപ ചെലവായി?

ചിന്നമ്മ 60 അവലോസുണ്ട ഉണ്ടാക്കി. 4 എണ്ണം വീതം ഓരോ പായ്ക്കറ്റിലാക്കി. എത്ര പായ്ക്കറ്റ് ഉണ്ട്? ഓരോ പായ്ക്കറ്റിലും 15 രൂപ എന്ന് എഴുതി സ്റ്റിക്കർ ഒട്ടിച്ചു. ഓരോ പായ്ക്കറ്റും 3 രൂപ ഡിസ്ക്കൗണ്ടിട്ട് വിറ്റു. ഒരു പായ്ക്കറ്റിന്റെ വിറ്റ വില എത്രയാണ്? കവറിന് പുറത്തുള്ള വിലയിൽ നിന്നും കുറച്ചു കൊടുത്തതിനാൽ ഒരു ദിവസം കൊണ്ട് തന്നെ എല്ലാം ചെലവായി. ഈ ദിവസം അവൾക്കു കിട്ടിയ നേട്ടം എത്രയെന്നു കാണാമോ? എത്ര ശതമാനം ഡിസ്ക്കൗണ്ടാണ് അവൾ കൊടുത്തത്?

അധ്യായം 3

പലിശ

ഉണ്ണിക്ക് രണ്ടുവയസ്സുള്ളപ്പോൾ അവന്റെ അച്ഛൻ മരിച്ചു. രാധ ഓർത്തു. അന്നു മുതൽ ജീവിതം ദുരിതപൂർണമായി. പക്ഷേ, അവൾ പതറിയില്ല. ഉണ്ണിയെ വളർത്തണം. പഠിപ്പിച്ചു വലിയ ആളാക്കണം. ഇതിനൊക്കെ പണം വേണ്ടേ? രാധ തയ്യൽ പഠിക്കാൻ തീരുമാനിച്ചു. ഇന്നവൾ നാട്ടിലെ അറിയപ്പെട്ട തയ്യൽക്കാരിയാണ് ഉണ്ണിയെ പ്ലസ്ടു വരെ പഠിപ്പിച്ചു. പ്രവേശനപരീക്ഷയിൽ ഉയർന്ന റാങ്കുള്ളതിനാൽ അവന്

എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടി. പക്ഷേ കോളേജിൽ ചെന്നപ്പോഴാണറിയുന്നത് 5000/- രൂപ ഉടനെ തന്നെ കോളേജിൽ അടയ്ക്കണം. രാധ വിഷമിച്ചു.

'അമ്മേ എനിക്ക് ഡിഗ്രിക്ക് അഡ്മിഷൻ കിട്ടുമല്ലോ. അതുമതി. നമുക്ക് പോകാം.' ഉണ്ണി അമ്മയെ ആശ്വസിപ്പിച്ചു. പക്ഷേ, ആ അമ്മയുടെ മനസ്സു വിങ്ങി. മകൻ ഒരു വലിയ എഞ്ചിനീയറായി കാണാനായിരുന്നു രാധയുടെ മോഹം.

ഉണ്ണിയുടെ പഠനച്ചെലവിനും മറ്റുമായി രാധ ഒരു ചിട്ടിയിൽ ചേർന്നിരുന്നു. മാസം 500 രൂപ വീതം അടച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, ഒരു വർഷം കൂടി കഴിയണം അതു കിട്ടാൻ. രാധയ്ക്കൊരു ബുദ്ധി തോന്നി, പലിശയ്ക്കു പണം കടം കൊടുക്കുന്ന അമ്മിണിയെ ഓർത്തു. അമ്മിണിയോട് 5000 രൂപ ചോദിച്ചാലോ... ഒരു വർഷം കഴിയുമ്പോൾ തിരിച്ചു കൊടുക്കാമല്ലോ.

5000 രൂപ കടം വാങ്ങിയാൽ ഓരോ മാസവും എത്ര രൂപ കൊടുക്കേണ്ടിവരും? 100 രൂപയ്ക്ക് ഒരു മാസം 5 രൂപയാണ് പലിശ.

രാധ പലിശ കണക്കാക്കുന്നത് എങ്ങനെയെന്നു നോക്കാം.

100ന്റെ എത്രമടങ്ങാണ് 5000?

50 മടങ്ങ്

അപ്പോൾ പലിശയും 5ന്റെ 50 മടങ്ങാകും

അതായത് 250 രൂപ.

100	5
5000	?

രാധ ചിന്തിക്കുകയാണ്.

ഒരു വർഷം എത്ര രൂപ പലിശയിനത്തിൽ കൊടുക്കേണ്ടി വരും? ഒരു വർഷത്തിൽ 12 മാസം ഉണ്ടല്ലോ. അപ്പോൾ 250ന്റെ 12 മടങ്ങ് പലിശയാവും.

ഒരു വർഷത്തെ പലിശ = 250 X 12

= 3000 രൂപ

പക്ഷേ ഉണ്ണി അമ്മയെ വിലക്കി

'അമ്മേ, ഇതു കൊള്ളപ്പലിശയാണ്. ബാങ്കിൽ ചെന്നാൽ പഠിക്കാനുള്ള ലോൺ ലഭിക്കും. അതിന് 11 ശതമാനം മാത്രമേയുള്ളൂ പലിശ.' 11 ശതമാനം പലിശയോ? അമ്മിണിക്ക് നൂറിന് 5 രൂപയല്ലേ പലിശയുള്ളൂ.

അമ്മയുടെ വിഡ്ഢിത്തം കേട്ട് ഉണ്ണിക്ക് ചിരി വന്നു.

'അമ്മേ, 100 രൂപയ്ക്ക് 5 രൂപയെന്നത് ഒരു മാസത്തേക്കാണ്. പക്ഷേ, ബാങ്കിൽ 100 രൂപയ്ക്ക് ഒരു വർഷത്തേക്കാണ് 11 രൂപ പലിശ.'

അങ്ങനെയോ? രാധയ്ക്ക് അത്ഭുതം! ഈ രണ്ടു പലിശയും തമ്മിൽ എത്ര വ്യത്യാസമുണ്ടെന്ന് നിങ്ങൾ കണ്ടുപിടിക്കുക.

ഏതാണ് കൂടുതൽ മെച്ചം?

ബാങ്കിൽ 11 ശതമാനം പലിശ നിരക്കിൽ 5000 രൂപയ്ക്ക് ഒരു വർഷത്തെ പലിശ എങ്ങനെ കണക്കാക്കാമെന്നു നോക്കാം.

100	11
5000	?

100 രൂപയ്ക്ക് ഒരു വർഷത്തെ പലിശ = 11 രൂപ

100ന്റെ 50 മടങ്ങാണ് 5000.

അതുകൊണ്ട് പലിശയും 11 ന്റെ 50 മടങ്ങാകും

അതായത് 50 X 11 = 550 രൂപ

അമ്മിണിക്ക് ഒരുമാസം 5 ശതമാനം നിരക്കിൽ 5000 രൂപയുടെ ഒരു വർഷത്തെ പലിശ 3000 രൂപയെന്ന് കണ്ടെത്തിയല്ലോ.

അപ്പോൾ ഇവ തമ്മിലുള്ള വ്യത്യാസം,

3000 - 550 = 2450 രൂപ

അമ്മിണിയുടെ പക്കൽ നിന്നും 5000 രൂപ കടമെടുത്താൽ

ഒരു വർഷം കഴിയുമ്പോൾ ബാങ്കിൽ കൊടുക്കുന്നതിനേക്കാൾ 2450 രൂപ അധികം പലിശയിനത്തിൽ കൊടുക്കേണ്ടിവരും

ബാങ്കിൽ നിന്നു വായ്പ വാങ്ങുന്നതാണ് മെച്ചം.

1. ആമിന പശുവിനെ വാങ്ങുന്നതിനു വേണ്ടി ബാങ്കിൽ നിന്ന് 800 രൂപ കടം വാങ്ങി. നൂറു രൂപയ്ക്ക് 9 രൂപ എന്ന നിരക്കിലാണ് ഒരു കൊല്ലത്തേക്ക് പലിശ. ഒരു കൊല്ലം കഴിയുമ്പോൾ കടം വീട്ടാൻ ആമിന എത്ര രൂപ തിരിച്ചടയ്ക്കണം?

   ഇവിടെ 100 രൂപയ്ക്ക് 9 രൂപ എന്നതാണ് പലിശയുടെ നിരക്ക്. 100 രൂപയ്ക്ക് 1 വർഷത്തേക്ക് 9 രൂപയാണ് പലിശ. അങ്ങനെയെങ്കിൽ 800 രൂപയ്ക്ക് 1 വർഷത്തേക്ക് എത്ര രൂപ പലിശയാകും എന്നല്ലേ ചിന്തിക്കേണ്ടത്?

മുതൽ	പലിശ
100	9
800	?

100ന്റെ 8 മടങ്ങാണല്ലോ 800

അപ്പോൾ പലിശയും 8 മടങ്ങാണ്.

അതായത് പലിശ = $8 \times 9 = 72$

1 വർഷം കഴിയുമ്പോൾ ആമിന ബാങ്കിൽ മുതലും പലിശയും ചേർത്തുള്ള തുക തിരിച്ചടയ്ക്കണം.

ആമിന ബാങ്കിൽ തിരിച്ചടയ്ക്കേണ്ട തുക

= 800 + 72

= 872 രൂപ

2. തോമസ് ഒരു ബാങ്കിൽ 1200 രൂപ ഒരു വർഷത്തേക്ക് നിക്ഷേപിച്ചു. 100 രൂപയ്ക്ക് 1 വർഷത്തേക്ക് 8 രൂപ എന്ന നിരക്കിലാണ് പലിശ. തോമസിന് 1 വർഷം കഴിയുമ്പോൾ എത്ര രൂപ തിരിച്ചു കിട്ടും?

100 രൂപയ്ക്ക് 8 രൂപ എന്നാണല്ലോ പലിശ നിരക്ക്. 100 രൂപയ്ക്ക് 1 വർഷത്തേക്ക് 8 രൂപയാണ് പലിശ. എങ്കിൽ 1200 രൂപയ്ക്ക് 1 വർഷത്തേക്ക് എത്ര രൂപ പലിശ കിട്ടും എന്നു ചിന്തിക്കണം.

മുതൽ	പലിശ
100	8
1200	?

100ന്റെ 12 മടങ്ങാണ് 1200

പലിശയും 12 മടങ്ങു തന്നെ.

അതായത്, പലിശ = $12 \times 8 = 96$ രൂപ

1 വർഷം കഴിയുമ്പോൾ തോമസിന് ബാങ്കിൽ നിന്ന് മുതലും പലിശയും ചേർത്തുള്ള തുക ലഭിക്കും.

1 വർഷം കഴിയുമ്പോൾ തോമസിന് ലഭിക്കുന്ന തുക = 1200 + 96

= 1296 രൂപ

ഉത്തരം കണ്ടെത്തുക

1. 100 രൂപയ്ക്ക് 7 രൂപ എന്ന നിരക്കിൽ പലിശ കിട്ടുന്ന ഒരു ബാങ്കിൽ ഒരാൾ 5000 രൂപ നിക്ഷേപിച്ചാൽ ഒരു വർഷം കഴിയുമ്പോൾ എത്ര രൂപ തിരിച്ച് കിട്ടും?

അധ്യായം 4

സമയം



ആധുനിക കാലത്തെ ജീവിതം തിരക്കുപിടിച്ചതാണെന്ന് നാം പറയാറുണ്ട്. ഒന്നിനും സമയമില്ല എന്ന പരാതി ഇതിന്റെ ഭാഗമായി നാം കേൾക്കാറുമുണ്ട്. എല്ലാവർക്കും സമയത്തിന്റെ വിലയറിയാം.

സെക്കന്റ്, മിനിട്ട്, മണിക്കൂർ, ദിവസം, മാസം, വർഷം എന്നിങ്ങനെ സമയത്തിന്റെ വിവിധ കാര്യങ്ങളുമായി നാം ചിരപരിചിതരാണല്ലോ. ചുവടെ ചേർത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കൂ.

60 സെക്കന്റ്	-	1 മിനിട്ട്
60 മിനിട്ട്	-	1 മണിക്കൂർ
24 മണിക്കൂർ	-	1 ദിവസം
7 ദിവസം	-	1 ആഴ്ച

30 ദിവസം - 1 മാസം

12 മാസം - 1 വർഷം

365/366 ദിവസങ്ങൾ - 1 വർഷം

മുകളിൽ കൊടുത്തിരിക്കുന്ന ബന്ധങ്ങളനുസരിച്ച് മിനിട്ടിനെ മണിക്കൂറാക്കുന്നതിനും സെക്കന്റിനെ മിനിട്ടാക്കുന്നതിനും മണിക്കൂറുകളെ ദിവസങ്ങളാക്കി മാറ്റുന്നതിനും സാധിക്കും.

ഉദാഹരണം നോക്കൂ.

രജനി ഒരു സെക്കന്റിൽ 5 വാക്കുകൾ ടൈപ്പു ചെയ്യും. അങ്ങനെയെങ്കിൽ ഒരു മിനിട്ടിൽ രജനി ടൈപ്പു ചെയ്യുന്ന വാക്കുകളുടെ എണ്ണം എത്ര?

ദിവസത്തിൽ 60 സെക്കന്റുകൾ ചേരുന്നതാണല്ലോ 1 മിനിട്ട്.

അതുകൊണ്ട് 60 സെക്കന്റിൽ (1 മിനിട്ടിൽ) രജനി ടൈപ്പു ചെയ്യുന്ന വാക്കുകളുടെ എണ്ണം എത്രയായിരിക്കും?

ഇത് 5-ന്റെ 60 മടങ്ങായിരിക്കും.

അതായത് $5 \times 60 = 300$

ഉത്തരം കണ്ടെത്തുക

1. ഒരു മിനിട്ടിൽ 50 വാക്കുകൾ ടൈപ്പു ചെയ്യുന്നയാൾ ഒരു മണിക്കൂറിൽ എത്ര വാക്കുകൾ ടൈപ്പു ചെയ്യും?

2. അമ്മിണി ഒരു ദിവസം 5 കുട്ടകൾ നെയ്യും. അങ്ങനെയെങ്കിൽ ഒരാഴ്ച കൊണ്ട് അമ്മിണിയ്ക്ക് എത്ര കുട്ടകൾ നെയ്യാനാവും? അമ്മിണി വൃശ്ചികമാസത്തിൽ നെയ്യുന്ന കുട്ടകളുടെ എണ്ണം എത്ര?

24 മണിക്കൂർ ക്ലോക്ക് സമയം

റെയിൽവേയിലും എയർലൈൻസിലുമൊക്കെ ഉപയോഗിക്കുന്ന 24 മണിക്കൂർ ക്ലോക്കിനെ പരിചയപ്പെടാം.

ക്ലോക്ക് സമയം	
12 മണിക്കൂർ	24 മണിക്കൂർ
12 midnight or 00 hrs.	0.00hrs (24 hrs)
1 am	01.00 hour
2 am	02.00 hours
..	...
...	...
11 am	11.00 hrs
12.00 noon	12.00 hours
1 pm	1300 hours
...	...
...	...
11 pm	23.00 hours
12 midnight 00 hours	00.00 hours (24 hours)

ഉത്തരം കണ്ടെത്തുക

1. 2008 ജനുവരി 8-ാം തീയതി രാവിലെ 11 മണിക്ക് കോട്ടയത്തു നിന്നും തിരിച്ച ട്രെയിൻ ഉച്ച കഴിഞ്ഞ് 2 മണിക്ക് തിരുവനന്തപുരത്ത് എത്തിച്ചേരുന്നുവെങ്കിൽ ട്രെയിൻ തിരുവനന്തപുരത്ത് എത്തിച്ചേർന്ന സമയം 24 മണിക്കൂർ ക്ലോക്ക് സമയത്തിൽ രേഖപ്പെടുത്തുക.
2. രാത്രി 8.00 മണിക്ക് തിരുവനന്തപുരത്തു നിന്നും പുറപ്പെടുന്ന ട്രെയിനിന്റെ സമയം റെയിൽവേ ടിക്കറ്റിൽ എങ്ങനെ രേഖപ്പെടുത്തിയിരിക്കും?
3. നിങ്ങൾ ഇക്കഴിഞ്ഞ ദിവസം ഉണർന്നെഴുന്നേറ്റതു മുതൽ കിടന്നുറങ്ങുന്നതു വരെ എങ്ങനെ ചെലവഴിച്ചു? സമയം രേഖപ്പെടുത്തി ഒരു ഡയറി എഴുതുക.

സമയത്തിന്റെ ശത്രു നാം തന്നെയാണ്.

മാറ്റിവെയ്ക്കൽ സമയത്തിന്റെ മറ്റൊരു ശത്രുവാണ്

അധ്യായം 5

അളവുകളും തൂക്കങ്ങളും

മുമ്പ് ശരീരഭാഗങ്ങൾ ഉപയോഗിച്ച് നീളങ്ങൾ അളന്നിരുന്നു. അംഗുലം, മാറ്, മുഴം, അടി, ചാൺ, വിരൽ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവ ഓരോന്നും ഓരോ ഏകകമാണ്. ഈ വിധത്തിൽ നീളം കണ്ടെത്തുന്നതിന് ചില ന്യൂനതകളും ഉണ്ട്. ന്യൂനതകൾ ചർച്ച ചെയ്യുക.

ഇപ്പോൾ നീളം അളക്കുന്നതിന് ചിത്രത്തിൽ കാണുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്നു. അവയുടെ പേരെഴുതുക.



....

....

ചിത്രത്തിൽ കൊടുത്ത ഉപകരണങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ഏകകങ്ങൾ ഏവ?

....

സെന്റിമീറ്റർ, മീറ്റർ, കിലോമീറ്റർ എന്നിവ സർക്കാർ അംഗീകരിച്ച അളവുകളാണ്.

ഊഹിച്ചെഴുതുക

1. കോഴിക്കോട്ടു നിന്നും തിരുവനന്തപുരത്തേക്കുള്ള ദൂരം രേഖപ്പെടുത്തുന്നതിനുള്ള ഏകകം ഏത്?

ചുരുക്കി എഴുതാൻ

സെന്റിമീറ്റർ = സെ.മീ
മീറ്റർ = മീ
കിലോമീറ്റർ = കി.മീ

സെന്റിമീറ്റർ, കിലോമീറ്റർ എന്നീ ഏകകങ്ങൾ തമ്മിലുള്ള ബന്ധം

100 സെ.മീ = 1 മീറ്റർ
1000 മീറ്റർ = 1 കി.മീ.



70–ാം വയസിലും ഗോപാലന്റെ ആരോഗ്യത്തിന്റെ രഹസ്യമെന്താണെന്നറിയേണ്ടേ? ഗോപാലൻ തന്റെ വയലിനു ചുറ്റും എല്ലാ ദിവസവും അതിരാവിലെ 4 പ്രാവശ്യം നടക്കും. ഗോപാലൻ നടക്കുന്ന ദൂരം എത്രയാണെന്നു കണ്ടെത്തൂ.

4 × .... = ... മീ = ... കി.മീ.

ഭാരം

ഭാരം കാണാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഏവ എന്നറിയാമോ?



ഗ്രാമും കിലോഗ്രാമും

1 കി.ഗ്രാം = 1000 ഗ്രാം

1 ക്വിന്റൽ = 100 കി.ഗ്രാം

ത്രാസിന്റെ ഏതു തട്ടാണ് താഴേക്കു പോകുന്നത്?

അമ്പടയാളം കൊടുത്ത് താഴേക്കു പോകുന്ന ഭാഗം കാണിക്കൂ.



ഏതെങ്കിലും തട്ടിലെ ഭാരം 1 കി.ഗ്രാമിനു തുല്യമാകുന്നുണ്ടോ?

സ്വർണം വാങ്ങുവാൻ ഉപയോഗിക്കുന്ന ഏകകങ്ങളെ പരിചയപ്പെടാം. ഗ്രാം, മില്ലിഗ്രാം പവൻ.

1 ഗ്രാം = 1000 മില്ലീഗ്രാം

1 പവൻ = 8 ഗ്രാം

ഉള്ളളവ്

പാലിന്റെ അളവ് ഏതു രീതിയിലാണ് പറയാറുള്ളത്?

മരുന്നിന്റെ അളവോ?

1000 മില്ലി ലിറ്റർ = 1 ലിറ്റർ

വെളിച്ചെണ്ണ അളന്നും തൂക്കിയും വാങ്ങാറുണ്ടല്ലോ. 1 കിലോഗ്രാം വെളിച്ചെണ്ണയോ ഒരു ലിറ്റർ വെളിച്ചെണ്ണയോ ഏതാണ് കൂടുതൽ?

2 ലിറ്റർ വെളിച്ചെണ്ണ 500 മി.ലി വീതം ഉള്ളളവുള്ള എത്ര കുപ്പികളിൽ നിറയ്ക്കാനാവും?



നിങ്ങളുടെ വീട്ടിൽ ഒരു ദിവസം ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്തുക.

പ്രവർത്തനം	**വെള്ളത്തിന്റെ അളവ് (ലിറ്ററിൽ)**
പാചകത്തിനും കുടിക്കുന്നതിനും	
തുണി കഴുകുന്നതിന്	
പാത്രങ്ങൾ കഴുകുന്നതിന്	

അധ്യായം 6

ഭിന്നസംഖ്യകൾ

നമ്മുടെ ജീവിതകാലത്തുണ്ടാക്കിയ സ്വത്തും സമ്പാദ്യവുമെല്ലാം പിൻതലമുറയ്ക്ക് നമ്മൾ നീക്കിവെയ്ക്കും. ആർക്കും പരാതിയില്ലാതെ ഭാഗം വെയ്ക്കാനും നമ്മൾ ശ്രദ്ധിക്കും. അങ്ങനെ ചെയ്യുമ്പോൾ പല പരിഗണനകളും നമ്മുടെ മുമ്പിലുണ്ടാകും.

രണ്ട് മക്കൾക്ക് തുല്യമായി സ്വത്ത് വീതിച്ച അമ്മുവമ്മയുടെ രീതി ശ്രദ്ധിക്കൂ.

തുല്യമായി വീതിച്ച് രജിസ്റ്റർ ചെയ്തു കൊടുത്തു.

എത്ര ഭാഗങ്ങളാക്കിയാണ് സ്വത്ത് വീതിച്ചത്?

ഓരോരുത്തർക്കും എത്ര ഭാഗമാണ് ലഭിക്കുന്നത്?

ഇവിടെ രണ്ടു മക്കൾക്കുമായി നൽകിയ സ്വത്തിനെ ഓരോന്നിന്റെയും 1/2 എന്ന് സൂചിപ്പിക്കാം. അതായത് 2ൽ 1 ഭാഗം.

അമ്മുവമ്മയുടെ അയൽവീട്ടിൽ നടന്ന ഭാഗം വയ്പ് വേറൊരു തരത്തിലാണ്. ആകെ നാലു മക്കൾ. തുല്യമായി വീതിച്ചു.

ഓരോരുത്തർക്കും കിട്ടിയ ഭാഗമെത്ര?

ഇവിടെ നാലുമക്കൾക്ക് ഓരോരുത്തർക്കുമായി വീതിച്ചു കിട്ടിയ സ്വത്തിനെ 1/4 എന്ന് സൂചിപ്പിക്കാം. അതായത് 4ൽ 1 ഭാഗം.

ഒന്നാമത്തെയാൾക്ക് കിട്ടിയത് ആകെയുള്ളതിന്റെ 4ൽ 1 ഭാഗം

രണ്ടാമത്തെയാൾക്ക് ആകെയുള്ളതിന്റെ 4ൽ 1 ഭാഗം

രണ്ടുപേർക്കും കൂടി കിട്ടിയതെത്ര?

മൂന്നു മക്കളുടെ ഓഹരിയുടെ ആകെ എത്ര?

നാലുപേർക്കും കൂടി ആകെ എത്ര?

താഴെ കൊടുത്ത രൂപങ്ങളുടെ 1/3, 1/5, 1/7 എന്നിവ ഷേഡ് ചെയ്ത് കാണിക്കുക.



ഉത്തരം പറയാമോ?

കണ്ടനാടു പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റിൽ ക്രിസ്മസ് കേക്ക് മുറിച്ചപ്പോൾ ഉഷയ്ക്ക് $\frac{1}{10}$ ഭാഗമാണ് കിട്ടിയത് എങ്കിൽ, കേക്കിനെ എത്ര തുല്യഭാഗമാക്കിയാണ് വീതിച്ചത്?

അധ്യായം 7

രൂപങ്ങൾ

നമ്മുടെ ചുറ്റും നോക്കുക. എന്തെല്ലാം രൂപങ്ങൾ പ്രകൃതിയിൽ നമുക്ക് കാണാനാകും? നിങ്ങളുടെ പുസ്തകത്തിൽ എഴുതി നോക്കൂ. ഈ രൂപങ്ങൾക്ക് ഗണിതവുമായി ബന്ധപ്പെട്ട പേരുകളും പരിചയപ്പെടാം.



(ചിത്രം)
ബോളിന്
ഗോളാകൃതിയാണുള്ളത്



(ചിത്രം)
പുട്ടിന്
വൃത്തസ്തംഭാകൃതിയാണ്
(സിലിണ്ടർ)



(ചിത്രം)
തീപ്പെട്ടിയ്ക്കും ഇഷ്ടികയ്ക്കും
ചതുരസ്തംഭത്തോടാണു സാദൃശ്യം

നൈപുണി പോഷണം

നമ്മുടെ പൊതുവിദ്യാഭ്യാസ പദ്ധതിയിൽ അവഗണിക്കപ്പെട്ട ഒരു മേഖലയാണ് തൊഴിൽ വിദ്യാഭ്യാസം. ഔപചാരിക വിദ്യാഭ്യാസ പദ്ധതിയിൽ പ്രൈമറി തലത്തിൽ ഇത് പ്രസക്തമല്ലായിരിക്കാം. എന്നാൽ സാക്ഷരതാ പരിപാടിയിലും തുടർവിദ്യാഭ്യാസത്തിലും മുതിർന്ന പൗരന്മാരെ ലക്ഷ്യം വച്ചു കൊണ്ടുള്ള ഒരു പാഠ്യപദ്ധതി ആവിഷ്ക്കരിക്കുമ്പോൾ തൊഴിൽ വിദ്യാഭ്യാസത്തിനും നൈപുണി പോഷണത്തിനും ഏറെ പ്രാധാന്യമുണ്ട്. വിവിധ തൊഴിൽ മേഖലയിൽ വിന്യസിക്കപ്പെട്ടവർക്കും ഒരു തൊഴിലും അറിയാത്തതുകൊണ്ട് തൊഴിൽ മേഖലയിൽ നിന്ന് പുറംതള്ളപ്പെട്ടവർക്കും ഔപചാരിക വിദ്യാഭ്യാസ പദ്ധതിയിൽ നിന്ന് പുറംതള്ളപ്പെട്ടവർക്കും വിദ്യാഭ്യാസപദ്ധതിയെന്ന പോലെ തൊഴിൽ പരിശീലനവും പ്രധാനമാണ്. അതിവേഗം മാറിവരുന്ന ജീവിത സാഹചര്യങ്ങൾക്കും അനുദിനം ഏറിവരുന്ന പുത്തൻ അഭിരുചികൾക്കും ആവശ്യങ്ങൾക്കും അനുസൃതമായ രീതിയിൽ ഉൽപാദനമേഖല ചടുലമായിരിക്കേണ്ട ഒരനിവാര്യത ഇന്നുണ്ട്. അതിനനുസൃതമായ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ വിപുലമായ ഉത്തേജനം സമൂഹത്തിന്റെ എല്ലാ തട്ടിലും സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ഒരു ജനത രാജ്യത്തിന് ഭാരമാകാതെ സ്വയം വിഭവങ്ങളായി വികസനത്തിന്റെ ചാലകശക്തിയായി മാറുന്ന സ്ഥിതി സൃഷ്ടിക്കുക എന്നതാണ് ഏറ്റവും പ്രധാനം. തുല്യതാ പരിപാടിയെന്നത് കേവലമായ അക്കാദമിക തുല്യത മാത്രമല്ല, സാമൂഹ്യമായ തുല്യതയും ജീവിത നിർമ്മിതിക്കുവേണ്ടിയുള്ള വിദ്യാഭ്യാസം കൂടിയാണെന്നും വിലയിരുത്തുമ്പോൾ ആ വിദ്യാഭ്യാസ പദ്ധതിയിലെ ഒരനിവാര്യഘടകം കൂടിയാണ് തൊഴിൽ വിദ്യാഭ്യാസം. ഭാഷ, സാമൂഹ്യവിജ്ഞാനം, പരിസരവിജ്ഞാനം, ഗണിതം എന്നീ അക്കാദമീയ വിഷയങ്ങളോടൊപ്പം അവയുടെ തുല്യമായ പ്രാധാന്യത്തോടെയാണ് തുല്യതാ കരിക്കുലത്തിൽ തൊഴിൽ വിദ്യാഭ്യാസത്തെ അല്ലെങ്കിൽ നൈപുണി പോഷണത്തെ വിഭാവനം ചെയ്യുന്നത്.

തുല്യതാ കരിക്കുലത്തിലെ തൊഴിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ

1. പഠിതാക്കളിൽ തൊഴിൽസംസ്ക്കാരവും തൊഴിൽ മനോഭാവവും വളർത്തുക. കൈത്തൊഴിലിന്റെയും കായികപരമായ തൊഴിലിന്റെയും മഹത്വവും പ്രാധാന്യവും ബോധ്യപ്പെടുത്തുക.

2. ഒരു തൊഴിലും അറിയാത്തവർക്ക് ഏതെങ്കിലും ഒരു അടിസ്ഥാന തൊഴിലിൽ പരിശീലനം നൽകുക.

3. ഏതെങ്കിലും തൊഴിൽ അറിയുന്നവരാണെങ്കിൽ അവർക്ക് ആ തൊഴിലിലെ വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗികവും സൈദ്ധാന്തികവുമായ പരിശീലനം നൽകുക.

തങ്ങളുടെ തൊഴിൽ മേഖലയിൽ നല്ല പ്രാവീണ്യമുള്ളവരാണെങ്കിൽ അവരെ തൊഴിൽ പരിശീലനത്തിന്റെ പരിശീലകരാക്കി അവരുടെ തൊഴിൽ ശേഷിക്ക് അംഗീകാരം നൽകുക.

തുല്യതാ നൈപുണിപോഷണപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ പരിശീലനങ്ങൾ

1. പേപ്പർബാഗ്, കേരി ബാഗ്, എൻവലപ് & ക്ലോത്ത് ബാഗ് മേക്കിംഗ്
2. ചിപ്പിക്കൂൺ കൾച്ചർ, വർമിക്കമ്പോസ്റ്റ് & വർമ്മി നഴ്സറി
3. കുട നിർമ്മാണം, സോപ്പു നിർമ്മാണം
4. ഫാബ്രിക് പെയിന്റിംഗ്
5. സോപ്പ്, വാഷിംഗ് സോപ്പ്, ഡിറ്റർജന്റ് നിർമ്മാണം, തുള്ളിനീലം
6. ഫ്ളവർ നിർമ്മാണം, ടോയ്സ് നിർമ്മാണം, കൗതുകവസ്തുക്കൾ
7. പപ്പടം, കൊണ്ടാട്ടം, അച്ചാർ, ജാം നിർമ്മാണം.
8. കലത്തപ്പം, കിണ്ണത്തപ്പം, മണ്ട, അവിലൂസ്, നെയ്യപ്പം
9. ബിരിയാണി നിർമ്മാണം.
10. അലുവ, ചിപ്സ്, വറുത്തുപ്പേരി, ശർക്കര ഉപ്പേരി
11. ജിലേബി, ലഡു, മൈസൂർപാക്ക്, ജാഗ്രി
12. ബേസിക് പ്ലംബിങ്
13. യന്ത്രവൽകൃത തെങ്ങ് കയറ്റം
14. കല്ലുമ്മക്കായ കൃഷി
15. തീറ്റപ്പുൽ കൃഷി
16. പുഷ്പകൃഷി
17. കാർഷിക നഴ്സറി
18. പച്ചക്കറി കൃഷി
19. കുറ്റിമുല്ല കൃഷി
20. കോഴി കൃഷി
21. കാടകൃഷി
22. ആട് വളർത്തൽ
23. മുയൽവളർത്തൽ

24. അലങ്കാര മത്സ്യകൃഷി
25. ഇൻ ലാന്റ് ഫിഷറീസ്
26. പശുവളർത്തൽ
27. യന്ത്രവൽകൃത കറവ പരിശീലനം
28. പാലുല്പന്നങ്ങൾ
29. ഫോട്ടോസ്റ്റാറ്റ് എടുക്കൽ
30. ഇസ്തിരി ഇടൽ
31. ഹൗസ് പെയിന്റിംഗ്
32. വുഡ് പോളിഷിംഗ് & പെയിന്റിംഗ്
33. സ്ക്രീൻ പ്രിന്റിംഗ്
34. നോട്ട്ബുക്ക് നിർമ്മാണം, ബുക്ക് ബയന്റിംഗ്
35. ഹോർട്ടികൾച്ചർ
36. പുകയില്ലാത്ത അടുപ്പ് നിർമ്മാണം.
37. മെഴുകുതിരി നിർമ്മാണം, അഗർബത്തി നിർമ്മാണം
38. ലതർബാഗ് നിർമ്മാണം
39. കയർ ഉല്പന്നനിർമ്മാണം
40. കൈത്തറി മേഖല
41. കരകൗശലവസ്തു നിർമ്മാണം
42. ഉപകരണ സംഗീതം, ചെണ്ട, മൃദംഗം
43. മൃഗസംരക്ഷണം
44. തേനീച്ച വളർത്തൽ
45. മുളയുല്പന്നങ്ങൾ
46. വീട്ടുപകരണ റിപ്പയർ
47. അടിസ്ഥാന പ്ലംബിങ്
48. ഹൗസ് വയറിംഗ്
49. ഗാർമെന്റ് മേയ്ക്കിംഗ്
50. സെയിൽസ് പ്രൊമോഷൻ
51. മാനേജ്മെന്റ്
52. CFL അസംബ്ലിംഗ് /LED ലൈറ്റ്സ്
53. വാഴനാരുല്പന്ന നിർമ്മാണം
54. കൗൺസിലിംഗ്
55. ബേബി സിറ്റിംഗ്
56. റിസപ്ഷനിസ്റ്റ്
57. അലൂമിനിയം ഫാബ്രിക്കേഷൻ
58. വൃദ്ധപരിപാലനം

59. പ്രസവാനന്തര ശുശ്രൂഷ

60. ഭക്ഷ്യ സംസ്ക്കരണം

61. ബേക്കറി ഉല്പന്നങ്ങൾ

62. സിവിൽ വർക്സ് - മേസൻ

63. സിവിൽ വർക്സ് - കോൺക്രീറ്റിംഗ്

64. സിവിൽ വർക്സ് - ഫെറോസിമന്റ് വർക്ക്

65. സിമന്റ് ബ്ലോക്ക് നിർമ്മാണം

66. പായ മെടയൽ, കെഴ മെടയൽ

67. കാർപെൻട്രി

68. ബ്യൂട്ടീഷൻ

69. സർവ്വീസ് പ്രൊവൈഡർ

70. അലങ്കാര വസ്തുക്കൾ

75. കളിപ്പാട്ട നിർമ്മാണം

76. ഹോംമാനേജ്മെന്റ് (ബേബി സിറ്റിംഗ്, പ്രസവശുശ്രൂഷ, വൃദ്ധപരിപാലനം)

ഇവ കൂടാതെ വിവിധ മേഖലകളിൽ പ്രാദേശികമായി ധാരാളം വിഷയങ്ങൾ കണ്ടെത്താനാകും. പൊതുവായ ഏതാനും വിഷയങ്ങൾ സൂചിപ്പിക്കുക മാത്രമേ ഇവിടെ ചെയ്തിട്ടുള്ളൂ. പ്രാദേശികമായി ഇത്തരം നിരവധി തൊഴിലുകൾ വേറെയും ഉണ്ടാകും. അവ തിരിച്ചറിഞ്ഞ് അവയിൽ പരിശീലനം നൽകി വൈദഗ്ധ്യപോഷണം സൃഷ്ടിക്കുന്നതിന് പ്രാദേശികമായി സംവിധാനങ്ങൾ ഒരുക്കുന്നതാണ്.

KERALA STATE LITERACY MISSION AUTHORITY (KSLMA)
TC 27/1461, Convent Road, Kammattom Lane, Vanchiyoor, Thiruvananthapuram-35
Ph : Off. (0471) 2472253 / 2472254 Tele-Fax : (0471) 2462252
E-mail : stateliteracymission@gmail.com, web : www.literacymissionkerala.org